# സോഫ്റ്റ്‌വെയർ, സ്വാതന്ത്ര്യം, സമൂഹം

## Table of Contents


- 1 ഭാഗം - ഒന്ന്
  - 1.1 സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനം
  - 1.2 എന്തുകൊണ്ട് സോഫ്റ്റ്‌വെയറിന് ഉടമസ്ഥർ വേണ്ട
  - 1.3 വിദ്യാലയങ്ങളിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ മാത്രം ഉപയോഗിക്കേണ്ടതെന്തുകൊണ്ട്
  - 1.4 സ്വതന്ത്ര സോഫ്റ്റുവെയറിന്റെ വിൽപ്പന
  - 1.5 മൈക്രോസോഫ്റ്റാണോ വലിയ ചെകുത്താൻ?
- 2 ഭാഗം - രണ്ട്
  - 2.1 നിങ്ങളുടെ സ്വാതന്ത്ര്യത്തിന് സ്വതന്ത്ര സോഫ്റ്റ്‌വെയർ ആവശ്യമാണ്
  - 2.2 ഗ്നു പ്രവർത്തക സംവിധാനം ഒറ്റനോട്ടത്തിൽ
  - 2.3 സാമൂഹ്യ ജഡതയെ മറികടക്കൽ
  - 2.4 ദോഷകരമായ വിട്ടുവീഴ്ചകളെ ഒഴിവാക്കൽ
- 3 ഭാഗം - മൂന്ന്
  - 3.1 സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ 15 വർഷങ്ങൾ
  - 3.2 സ്വതന്ത്ര സോഫ്റ്റ്‌വെയർ കൂടുതൽ വിശ്വസനീയമാണ് !
  - 3.3 ലിനക്സും ഗ്നു സംരംഭവും
  - 3.4 സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ ആശയം "ഓപ്പൺ സോഴ്സ്" വിട്ടുപോകുന്നത് എന്തുകൊണ്ട്* സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ ആശയം "ഓപ്പൺ സോഴ്സ്" വിട്ടുപോകുന്നത് എന്തുകൊണ്ട്
- 4 ഭാഗം - നാല്
  - 4.1 എന്ത് കൊണ്ട് പകർപ്പനുമതി?
  - 4.2 പകർപ്പനുമതി:പ്രായോഗികമായ ആദർശവാദം
  - 4.3 "ബൌദ്ധിക സ്വത്തവകാശം" എന്നൊ? അതൊരു വ്യാമോഹമരീചികയാണ്
  - 4.4 സോഫ്റ്റ്‌വെയർ പേറ്റന്റുകൾക്കെതിരായുള്ള പോരാട്ടം- ഒറ്റയ്ക്കും കൂട്ടായും


# 1 ഭാഗം - ഒന്ന്

## 1.1 സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനം

ഗ്നു/ലിനക്സ് പോലുള്ള– ഒരു സ്വതന്ത്ര പ്രവർത്തക സംവിധാനം പല കാരണങ്ങൾ കൊണ്ടും ആൾക്കാർ ഉപയോഗിയ്ക്കാം.അത് പലപ്പോഴും പ്രായോഗിക കാരണങ്ങൾ കൊണ്ടായിരിയ്ക്കാം-സിസ്റ്റം പ്രയോഗങ്ങൾ കൊണ്ട് ശക്തമാണ്,സിസ്റ്റം വിശ്വസ്തമാണ്,അല്ലെങ്കിൽ നിങ്ങൾക്ക് വേണ്ട രീതിയിൽ സോഫ്റ്റ്‌വെയറിനെ മാറ്റിയെടുക്കാം എന്നതൊക്കെയാകാം ആ കാരണങ്ങൾ.

ഇവയൊക്കെ നല്ല കാരണങ്ങളാണ്—പക്ഷെ പ്രായോഗിക സൌകര്യങ്ങളേക്കാൾ കൂടുതൽ ഗൌരവമുള്ള കാര്യം ഇവിടെ ചോദ്യം ചെയ്യപ്പെടുന്നുണ്ട്. അത് നിങ്ങളുടേയും സമൂഹത്തിന്റേയും സ്വാതന്ത്ര്യമാണ്.

ഒരു കൂട്ടായ്മ ഉണ്ടാക്കാനുള്ള സ്വാതന്ത്ര്യം കമ്പ്യൂട്ടർ ഉപഭോക്താക്കൾ അർഹിയ്ക്കുന്നുണ്ട് എന്നതാണ് സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിന്റെ ആശയം.സോഴ്സ് കോഡുകൾ ആവശ്യാനുസ്സരണം മാറ്റി നിങ്ങൾക്കുവേണ്ടത് നിങ്ങൾക്ക് തന്നെ ചെയ്യാനുള്ള സ്വാതന്ത്ര്യം നിങ്ങൾക്കുണ്ടായിരിക്കേണ്ടതാണ് അതായത് സ്വയം സഹായിക്കാനുള്ള സ്വാതന്ത്ര്യം. മറ്റുള്ളവർക്ക് ഈ പ്രയോഗങ്ങൾ പങ്കുവെയ്ക്കാനുള്ള സ്വാതന്ത്ര്യവും നിങ്ങളർഹിയ്ക്കുന്നു. കൂടുതൽ പേർക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ പുതുക്കിയ പതിപ്പ് പ്രസ്സിദ്ധീകരിയ്ക്കാനും അതുവഴി സമൂഹത്തിന്റെ പുരോഗതിയിൽ ഭാഗഭാക്കാകാനും നിങ്ങൾക്ക് അർഹതയുണ്ട്.

ഒരു പ്രയോഗം സ്വതന്ത്ര സോഫ്റ്റ്‌വെയറാണോ അല്ലയോ എന്നത് അതിന്റെ സമ്മതപത്രത്തെ ആശ്രയിച്ചിരിയ്ക്കും.ഒരു സമ്മതപത്രം, പ്രയോഗത്തെ സ്വതന്ത്ര സോഫ്റ്റ്‌വെയർ ആക്കുന്നുണ്ടോ എന്ന് വിശകലനം ചെയ്യുന്നതിനേപറ്റി സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ വിശദമായ നിർവചനത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ചില പ്രത്യേക ലൈസൻസുകളെ കുറിച്ച് - സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ നിർവചനത്തോട്ട് നീതി പുലർത്തുന്നവയുടെ ഗുണദോഷങ്ങളെ പറ്റിയും അല്ലാത്തവ എന്തുകൊണ്ട് യോഗ്യമല്ല എന്നും - വിശദീകരിയ്ക്കുന്ന ലേഖനങ്ങൾ ഗ്നു വെബ്-താളുകളിൽ ലഭ്യമാണ്.

1998 -ൽ,ഞങ്ങളുടേതിൽ നിന്നും വ്യത്യസ്തമായ കാഴ്ചപ്പാടുകളുമായി ‘‘ഓപ്പൺ സോഴ്സ്’’ എന്ന വാക്ക് ഉയർന്നു വന്നു. സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ പ്രായോഗിക ഗുണങ്ങളിലേയ്ക്കു മാത്രം വിരൽചൂണ്ടുന്നതാണ് ആ ആശയങ്ങൾ. സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനം മുന്നോട്ട് വയ്ക്കുന്ന,കൂടുതൽ ആഴമേറിയ, സ്വാതന്ത്ര്യത്തിന്റേയും സാമൂഹിക ദൃഢതയുടേയും വിഷയങ്ങൾ അവ അവഗണിയ്ക്കുകയാണ്. ഓപ്പൺ സോഴ്സ് പ്രസ്ഥാനം മുന്നേറുന്നത് നല്ലതാണ്. പക്ഷെ അത് ഉപരിപ്ലവം മാത്രമാണ്. സോഫ്റ്റ്‌വെയറുകളുടെ വികസനം പോലുള്ള പ്രായോഗിക പ്രവർത്തനങ്ങളിൽ ഓപ്പൺ സോഴ്സ് പ്രവർത്തകരോടൊപ്പം ചേരുന്നതിൽ ഞങ്ങൾക്ക് വിരോധമില്ല.പക്ഷെ അവരുടെ അഭിപ്രായവുമായി ഞങ്ങൾക്ക് യോജിപ്പില്ല,അവരുടെ പേരിൽ പ്രവർത്തിയ്ക്കാൻ ഞങ്ങൾക്ക് താത്പര്യവുമില്ല.

സ്വാതന്ത്ര്യത്തിനും സമൂഹത്തിനും ആണ് പരമമായ പ്രാധാന്യം എന്ന് നിങ്ങൾ കരുതുന്നുണ്ടെങ്കിൽ അഭിമാനത്തോടെ ‘‘സ്വതന്ത്ര സോഫ്റ്റ്‌വെയർ ’’ എന്ന പദം ഉപയോഗിച്ച് ഞങ്ങളോടൊപ്പം ചേരൂ, കൂടാതെ ഈ ആശയം പ്രചരിപ്പിയ്ക്കാൻ സഹായിയ്ക്കൂ.

വാൽകഷ്ണം: സ്വാതന്ത്ര്യം തന്നെ അമൃതം, സ്വാതന്ത്ര്യം തന്നെ ജീവിതം, പാരതന്ത്ര്യം മാനികൾക്ക്, മൃതിയേക്കാൾ ഭയാനകം.
-വള്ളത്തോൾ

## 1.2 എന്തുകൊണ്ട് സോഫ്റ്റ്‌വെയറിന് ഉടമസ്ഥർ വേണ്ട

വിവര ശേഖരം വളരെ എളുപ്പം പകർത്താനുള്ള വലിയ സൌകര്യം ഡിജിറ്റൽ സാങ്കേതിക വിദ്യ ലോകത്തിനായി കാഴ്ചവെച്ചു.കമ്പ്യൂട്ടറുകൾ നമുക്കായി ഇതെപ്പോഴും ചെയ്തു തരുന്നു.

പക്ഷെ ചിലർക്ക് അത് അത്ര എളുപ്പമാകുന്നതിൽ താത്പര്യമില്ല! പകർപ്പവകാശ വ്യവസ്ഥ , കമ്പ്യൂട്ടർ പ്രോഗ്രാമുകൾക്ക് ‘‘ഉടമകളെ’’ സൃഷ്ടിച്ചു. എന്നാൽ ഉടമകളധികവും പ്രോഗ്രാമുകളുടെ ശരിയായ സാധ്യതകൾ പൊതുജനങ്ങളിലെത്താതിരിക്കാനാണ് ശ്രദ്ധിയിച്ചത്. നമ്മൾ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ പകർത്താനും മാറ്റം വരുത്താനുമുള്ള ഏക അവകാശികളാകാനാണ് അവരുടെ ആഗ്രഹം

അച്ചടിയ്ക്കൊപ്പമാണ്—വൻതോതിൽ പകർപ്പെടുക്കാനുള്ള സാങ്കേതികവിദ്യ&mash; പകർപ്പവകാശ വ്യവസ്ഥയുടെ തുടക്കം. അച്ചടി എന്ന സാങ്കേതിക വിദ്യയ്ക്ക് യോജിച്ചതായിരുന്നു ആ പകർപ്പവകാശ വ്യവസ്ഥ. എന്തെന്നാൽ അത് അച്ചടിയന്ത്രം കൊണ്ടുള്ള

വലിയതോതിലുള്ള പകർപ്പെടുപ്പിനെയാണ് നിയന്ത്രിച്ചത്.അത് വായനക്കാരന്റെ സ്വാതന്ത്ര്യത്തെ ഹനിച്ചിരുന്നില്ല. അച്ചടിയന്ത്രമൊന്നും കൈവശമില്ലാത്ത ഒരു സാധാരണ വായനക്കാരന് പേനയും മഷിയും വച്ച് പകർപ്പെടുക്കാൻ ഒരു തടസ്സവുമുണ്ടായിരുന്നില്ല,അങ്ങനെ ചെയ്തവരെയാരേയും ശിക്ഷിച്ചിട്ടുമില്ല.

അച്ചടിയന്ത്രത്തേക്കാളും ഏറെ മികച്ചതാണ് ഇന്നത്തെ ഡിജിറ്റൽ സാങ്കേതിക വിദ്യ. വിവരം ഡിജിറ്റൽ രൂപത്തിലായാൽ അത് വളരെ എളുപ്പത്തിൽ പകർപ്പെടുക്കാനും മറ്റുള്ളവർക്കായി പങ്കുവയ്ക്കാനും സാധിക്കും. ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഈ ഒരു സവിശേഷത തന്നെ അതിനെ പകർപ്പവകാശം പോലൊരു വ്യവസ്ഥയ്ക്ക് അനുയോജ്യമല്ലാത്തതാക്കുന്നു. സോഫ്റ്റ്‌വെയർ പകർപ്പവകാശ നിയമങ്ങൾ പ്രാവർത്തികമാക്കാനായി കൂടുതൽ വികൃതവും നിഷ്ഠൂരവുമായ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടി വരുന്നതും ഇതുകൊണ്ടാണ്. "സോഫ്റ്റ്‌വെയർ പ്രസാധകരുടെ സംഘടന"(Software Publishers Association-SPA) സ്വീകരിച്ച നാല് മാർഗ്ഗങ്ങൾ നോക്കൂ:

- സ്വന്തം കൂട്ടുകാരനെ സഹായിക്കുന്നതിലും വലുതാണ് സോഫ്റ്റ്‌വെയർ ഉടമയെ സന്തോഷിപ്പിയ്ക്കുന്നതെന്നും, ഉടമയെ അനുസരിയ്ക്കാതിരിയ്ക്കുന്നത് തെറ്റാണെന്നും ഉള്ള വമ്പൻ കുപ്രചരണങ്ങൾ
- സഹപ്രവർത്തകരെ കുറിച്ച് ഒറ്റികൊടുക്കാൻ ആൾക്കാരേ ചട്ടം കെട്ടുക
- വിദ്യാലയങ്ങളിലും കാര്യാലയങ്ങളിലും റെയ്ഡുകൾ(പോലീസ് സഹായത്തോടെ) നടത്തുകയും, "അനധികൃത" പകർപ്പിന് അവരുടെ നിരപരാധിത്വം തെളിയിക്കാൻ ആവശ്യപ്പെടുകയും ചെയ്യുക.
- പകർപ്പെടുത്തതിനല്ല, പകർപ്പെടുക്കാനുള്ള സാധ്യത നീക്കാത്തിനും അത് തടയാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കാത്തതിനും എംഐറ്റിയിലെ ഡേവിഡ് ലാമാക്കിയ(David LaMacchia)പോലുള്ളവരെ ശിക്ഷിയ്ക്കുക(അതും SPA യുടെ നിർദ്ദേശാനുസരണം അമേരിക്കൻ ഗവൺമെന്റ് ചെയ്യുന്നു).കൂടാതെ അയാൾ പകർപ്പെടുത്തതായി തെളിവൊന്നുമില്ലതാനും

ഈ നാല് രീതികൾക്കും പണ്ടത്തെ സോവിയറ്റ് യൂണിയനിൽ നിലനിന്നിരുന്ന ചില മാർഗ്ഗങ്ങളോടാണ് സാദൃശ്യം. സോവിയറ്റ് യൂണിയനിൽ ഓരോ പകർപ്പ് യന്ത്രത്തിനും അനധികൃത പകർപ്പ് നിയന്ത്രിക്കാനുള്ള സംവിധാനമുണ്ടായിരുന്നു. അവിടെ സാധാരണക്കാരന് പകർപ്പെടുക്കണമെങ്കിൽ അത് വളരെ രഹസ്യമായി ചെയ്ത് രഹസ്യമായി തന്നെ കൈമാറണമായിരുന്നു. ഇതുതമ്മിലുള്ള വ്യത്യാസം, സോവിയറ്റ് യൂണിയനിൽ വിലക്കിന് രാഷ്ട്രീയ ലക്ഷ്യങ്ങളായിരുന്നെങ്കിൽ, അമേരിക്കയിൽ ലാഭമായിരുന്നു ലക്ഷ്യം എന്നതാണ്. പക്ഷെ ലക്ഷ്യമല്ലല്ലോ ചെയ്തിയല്ലെ നമ്മെ ബാധിക്കുന്ന പ്രശ്നം. അറിവ് പങ്കുവയ്ക്കുന്നത് തടയാനുള്ള ഏത് ശ്രമവും, അത് എന്തിനുവേണ്ടിയായിരുന്നാലും, ഇതേ നിന്ദ്യമായ മാർഗ്ഗങ്ങളിലേക്ക് നയിക്കും.

അറിവ്, നാം എങ്ങിനെ ഉപയോഗിക്കണമെന്ന് നിശ്ചയിക്കാനുള്ള അധികാരം ഉടമകൾക്കുമാത്രമാണെന്ന് സമർത്ഥിക്കുന്നതിനായി അവർ നിരവധി വാദങ്ങൾ മുഖങ്ങൾ നിരത്തുന്നു.

- Name calling.

  Owners use smear words such as "piracy" and "theft", as well as expert terminology such as "intellectual property" and "damage", to suggest a certain line of thinking to the public—a simplistic analogy between programs and physical objects.

  ഭൌതിക വസ്തുക്കളുടെ ഉടമസ്ഥത സംബന്ധിച്ചുള്ള നമ്മുടെ മൂല്യങ്ങൾ, ഒരാളുടെ പക്കൽ നിന്നും ഒരു വസ്തു എടുത്തുമാറ്റുന്നത്ശരിയാണോ എന്നുള്ളത് അടിസ്ഥാനമാക്കിയാണ്. ഇതിന് ഒരു വസ്തുവിന്റെ പകർപ്പുണ്ടാക്കുന്നതുമായി യാതൊരു ബന്ധവുമില്ല. പക്ഷെ ഉടമകൾ ഈ വസ്തുതയെ അങ്ങനെ കാണാൻ നിർദ്ദേശിയ്ക്കുന്നു.

- പെരിപ്പിച്ച കാണിയ്ക്കൽ.

  ഉപഭോക്താക്കൾ പ്രോഗ്രാമുകളുടെ പകർപ്പെടുക്കുന്നതു് ഉടമകൾക്കു് ‘‘സാമ്പത്തിക നഷ്ടവും’’ ‘‘ഉപദ്രവും’’ ആണെന്നാണവരുടെ വാദം.പക്ഷെ പകർപ്പെടുപ്പ് ഉടമകളേ നേരിട്ട് ബാധിയ്ക്കുന്നില്ലെന്നുമാത്രമല്ല അതാരേയും ഉപദ്രവിയ്ക്കുന്നുമില്ല. പകർപ്പെടുക്കുന്ന ഓരോ ആളും ,അതാല്ലായിരുന്നെങ്കിൽ ഉടമയ്ക്ക് പണം കൊടുത്തു് അതു് വാങ്ങുമായിരുന്നു ,എന്നാണെങ്കിൽ മാത്രമാണു് ഉടമയ്ക്ക് ഇപ്പറഞ്ഞ നഷ്ടം സംഭവിയ്ക്കുന്നതു്.

  പക്ഷെ പകർപ്പെടുക്കുന്ന എല്ലാവരും പണം കൊടുത്തു് വാങ്ങാൻ തയ്യാറാവില്ല എന്നതു് ഒന്നു ചിന്തിച്ചാൽ മനസ്സിലാകുന്നതാണു്.എന്നിട്ടും ഉടമകൾ ആ ‘‘നഷ്ടം’’ കണക്കാക്കുന്നു. ഇതു് സൌമ്യമായി പറഞ്ഞാൽ പെരുപ്പിച്ച കാണിയ്ക്കലാണു്.

- നിയമം.

  ഇപ്പോൾ നിലനിൽക്കുന്ന നിയമങ്ങളേ പറ്റിയും അതനുസരിച്ചില്ലെങ്കിൽ ചുമത്തപ്പെടാവുന്ന കനത്ത പിഴകളേ പറ്റിയും ഉടമകൾ ഇടയ്ക്കിടെ ഭീഷണിപ്പെടുത്താറുണ്ടു്. ഈ ചെയ്തികളിലൂടെ അവർ പ്രചരിപ്പിയ്ക്കാൻ ശ്രമിയ്ക്കുന്നത്, ഇപ്പോൾ നിലനിൽക്കുന്ന നിയമവും അതു് അനുശാസിയ്ക്കുന്ന ശരിതെറ്റുകളും, ചോദ്യം ചെയ്യാൻ പറ്റാത്തവയാണു് എന്ന സന്ദേശമാണു് —അതേസമയം ആരേയും പഴിപറയാതെ, ഈ പിഴയും ശിക്ഷയും പ്രകൃതി നിയമങ്ങളെന്നപോലെ ശിരസാവഹിക്കാൻ അത് നമ്മെ പ്രേരിപ്പിക്കുന്നു.

  ഈ രീതിയിലുള്ള പ്രചരണങ്ങൾക്ക് വിമർശനാത്മകമായ ഒരു വിശകലനത്തെ താങ്ങാനുള്ള ശേഷിയില്ല മറിച്ച് , നിയമങ്ങൾക്ക് വിധേയനായിരിക്കണം എന്ന മനസ്സിന്റെ സ്വാഭാവിക സങ്കൽപ്പത്തെ ഉട്ടിഉറപ്പിയ്ക്കാനെ അതു് ഉതകുകയുള്ളു.

  നിയമങ്ങൾ നന്മതിന്മകളെ നിശ്ചയിക്കുന്നില്ല. നാല്പതു വർഷം മുമ്പ് ഒരു കറുത്ത വർഗ്ഗക്കാരൻ ഒരു ബസ്സിന്റെ മുൻ സീറ്റിലിരിക്കുന്നതു് ഒട്ടുമിക്ക സംസ്ഥാനങ്ങളിലും നിയമത്തിനെതിരായിരുന്നു എന്ന് എല്ലാ അമേരിക്കകാരനും അറിയാവുന്നതാണു്. വർഗ്ഗീയവാദികൾക്കു് മാത്രമേ ഇത്തരം നിയമങ്ങളെ അനുകൂലിയ്ക്കാനാകു.

- മൌലികാവകാശങ്ങൾ.

  എഴുത്തുകാർ അവരെഴുതിയ പ്രോഗ്രാമുകളുടെ മേൽ പലപ്പോഴും ഒരു പ്രത്യേക അധികാരം അവകാശപ്പെടാറുണ്ട് മാത്രമല്ല, ഇപ്പറഞ്ഞ അധികാരത്തിന്റെ പുറത്ത്,അവർ സ്വന്തം ആഗ്രഹാഭിലാഷങ്ങൾക്ക് മറ്റെല്ലാവരുടേയും (എന്നുവച്ചാൽ പലപ്പോഴും ലോകത്തുള്ള മറ്റെല്ലാവരുടേയും)താത്പര്യങ്ങളേക്കാൾ വില കല്പിയ്ക്കുന്നു.(സാധാരണയായി എഴുതുന്നവർക്കല്ല, കമ്പനിയ്ക്കാണു് പ്രോഗ്രാമിന്റെ പകർപ്പവകാശം എന്ന വ്യത്യാസം നമുക്കവഗണിക്കാം.)

  —എഴുത്തുകാരനാണു് നിങ്ങളേക്കാൾ പ്രാധാന്യം — എന്ന നൈതികതയുടെ വിഷയമായാണു് നിങ്ങൾ പറയുന്നതെങ്കിൽ ശ്രദ്ധിക്കപ്പെട്ട ഒരു സോഫ്റ്റ്‌വെയർ എഴുത്തുകാരനായ എനിയ്ക്ക് പറയാനുള്ളതു്, അതിലൊരു കഴമ്പുമില്ല എന്നാണു്.

  പക്ഷെ ആളുകൾക്ക് പൊതുവെ ഇവരുടെ മൌലിക അവകാശ വാദങ്ങളോട്ട് മമത തോന്നുന്നെങ്കിൽ അത് രണ്ട് കാരണങ്ങളാൽ മാത്രമായിരിയ്ക്കും.

  അതിലൊന്നു്, സോഫ്റ്റ്‌വെയറുകളെ ഭൌതിക വസ്തുക്കളുമായി ഒരളവിൽ കവിഞ്ഞു താരതമ്യപ്പെടുത്തുന്നതാണു്. ഞാനുണ്ടാക്കിയ പരിപ്പുവട വേറാരെങ്കിലും കഴിക്കുന്നതു് എനിയ്ക്ക് സമ്മതമല്ല എന്തെന്നാൽ അപ്പോൾ എനിയ്ക്കതു് കഴിക്കാൻ പറ്റില്ല. ആ പ്രവൃത്തി

അയാള്‍ക്കത്ര ഗുണംചെയ്യുന്നുവോ അത്രയും ദോഷം അതെനിയ്ക്കും ഉണ്ടാക്കുന്നു. ഇതിലേതാണ് നന്മ? ഞങ്ങള്‍ തമ്മിലുള്ള ചെറിയ ഏറ്റക്കുറച്ചില്‍ പോലും സന്മാര്‍ഗ്ഗികതയുടെ സന്തുലിതാവസ്ഥയെ തകിടം മറിയ്ക്കും.

പക്ഷെ ഞാനെഴുതിയ ഒരു പ്രോഗ്രാം നിങ്ങള്‍ ഉപയോഗിയ്ക്കുകയോ മാറ്റം വരുത്തുകയോ ചെയ്യുന്നത് നിങ്ങളേ മാത്രം നേരിട്ട് ബാധിയ്ക്കുന്ന കാര്യമാണ്. അതെന്നെ പരോക്ഷമായേ ബാധിക്കുന്നുള്ളൂ. നിങ്ങള്‍ നിങ്ങളുടെ സുഹൃത്തിന് എന്റെ പ്രോഗ്രാമിന്റെ പകര്‍പ്പ് കൊടുക്കുന്നത് എന്നെ ബാധിക്കുന്നതിനേക്കാള്‍ കൂടുതല്‍ നിങ്ങള്‍ രണ്ടുപേരേയാണ് ബാധിയ്ക്കുന്നത്. ആ പ്രവൃത്തി ചെയ്യരുതെന്ന് പറയാനുള്ള അവകാശം എനിയ്ക്കുണ്ടാകരുതാത്തതാണ്.ആര്‍ക്കും ഉണ്ടാകരുതാത്തതാണ്

രണ്ടാമത്തെ കാരണം, എഴുത്തുകാരുടെ മൌലിക അവകാശങ്ങള്‍ സമൂഹത്തിന് സ്വീകാര്യമായതും, ചോദ്യം ചെയ്യപ്പെടാതെ നിലനിലനില്‍ക്കുന്ന കീഴ്‌വഴക്കങ്ങളാണെന്നും ഉള്ള ധാരണയാണ്.

എന്നാല്‍ ചരിത്രപരമായി, സത്യം മറിച്ചാണ് .അമേരിക്കന്‍ ഭരണഘടനാ നിര്‍മ്മാണത്തില്‍, എഴുത്തുകാരുടെ മൌലികാവകാശങ്ങള്‍ അവതരിപ്പിച്ചപ്പോള്‍, ആ ആശയം അര്‍ത്ഥശങ്കയ്ക്കിടയില്ലാത്ത വിധം തിരസ്കരിക്കപ്പെടുകയാണുണ്ടായത്. അതുകൊണ്ട്, പകര്‍പ്പവകാശം അനുവദിയ്ക്കുകയാണ് ഭരണഘടന ചെയ്യുന്നത് അനുശാസിയ്ക്കുകയല്ല.അതുതന്നെയാണ് പകര്‍പ്പവകാശം താത്കാലികമാക്കാനും കാരണം. പകര്‍പ്പവകാശത്തിന്റെ ലക്ഷ്യം പുരോഗതിയെ പ്രോത്സാഹിപ്പിയ്ക്കാനാണെന്നും അത് എഴുത്തുകാര്‍ക്കുള്ള പ്രതിഫലമല്ലെന്നും ഭരണഘടന പ്രസ്താവിയ്ക്കുന്നു. പകര്‍പ്പവകാശം ഒരു പരിധി വരെ എഴുത്തുകാര്‍ക്കും അതില്‍ കൂടുതല്‍ പ്രസാധകര്‍ക്കും പ്രതിഫലം കൊടുക്കുന്നു.പക്ഷെ അതവരുടെ പെരുമാറ്റ പരിഷ്കരണത്തിനാണ്.

പകര്‍പ്പവകാശം സാധാരണക്കാരന്റെ മൌലികാവകാശത്തെ കീറിമുറിക്കുന്നതാണ് എന്നാണ് സമൂഹത്തിന്റെ വ്യവസ്ഥാപിതമായ ഉറച്ച വിശ്വാസം —പൊതുസമൂഹത്തെപ്രതി മാത്രമേ ഇത് ന്യായീകരിയ്ക്കാന്‍ കഴിയൂ.

- സാമ്പത്തിക ശാസ്ത്രം.

  “ഉടമകള്‍” വേണമെന്നു പറയുന്നതിനായുള്ള അവസാനത്തെ വാദം,അത് കൂടുതല്‍ സോഫ്റ്റ്‌വെയര്‍ ഉണ്ടാകാന്‍ സഹായിക്കുന്നു എന്നുള്ളതാണ്.

  മറ്റു വാദങ്ങളെ അപേക്ഷിച്ച് ഇത് ന്യായമായ ഒരു സമീപനമെങ്കിലും കാഴ്ചവെയ്ക്കുന്നു. ഉപഭോക്താക്കളെ സംതൃപ്തരാക്കുക എന്ന നീതിയുക്തമായ ഒരു ലക്ഷ്യത്തെ അടിസ്ഥാനമാക്കിയാണ് ഈ വാദം. കൂടുതല്‍ പ്രതിഫലം കിട്ടിയാല്‍ കൂടുതല്‍ നല്ല സാധനങ്ങള്‍ ഉണ്ടാക്കും എന്നത് പ്രത്യക്ഷത്തില്‍ വ്യക്തവുമാണ്.

  പക്ഷെ ഈ വാദത്തില്‍ ഒരു പിഴവുണ്ട്. എത്രത്തോളം പണം കൊടുക്കേണ്ടി വരുമെന്ന വ്യത്യാസം മാത്രമാണ് പ്രശ്നം എന്ന അടിസ്ഥാനത്തിലാണ് ഈ വാദം നിലനില്‍ക്കുന്നത്. ഉടമസ്ഥര്‍ ഉണ്ടായാലും ഇല്ലെങ്കിലും ,കൂടുതല്‍ “സോഫ്റ്റ്‌വെയര്‍ നിര്‍മ്മിക്കുക” എന്നാണ് ലക്ഷ്യം എന്ന് ഈ വാദം സാധൂകരിയ്ക്കുന്നു.

  ഭൌതിക വസ്തുക്കളുമായുള്ള നമ്മുടെ അനുഭവം അങ്ങനെയായതു കൊണ്ട് ജനങ്ങള്‍ അത് സര്‍വ്വാത്മനാ സ്വീകരിക്കുന്നു. ഒരു ഉഴുന്നുവടയുടെ കാര്യമെടുക്കു. ഒരേ തരത്തിലുള്ള ഉഴുന്നുവട നിങ്ങള്‍ക്ക് വിലയ്ക്കും വെറുതെയും കിട്ടിയേക്കാം. അങ്ങനെയാണെങ്കില്‍ പണം മാത്രമാണ് വ്യത്യാസം. നിങ്ങള്‍ അത് വാങ്ങിയാലും ഇല്ലെങ്കിലും ഈ രണ്ട് ഉഴുന്നുവട തമ്മില്‍ സ്വാദിലോ,പോഷകാംശത്തിലോ, ഒരു വ്യത്യാസവുമില്ല. ഓരോ ഉഴുന്നുവടയും ഒരു തവണയെ കഴിക്കാന്‍ പറ്റുകയുമുള്ളൂ. വെറുതെയാണോ വിലയ്ക്കാണോ കിട്ടുന്നത് എന്നത് അതിന്റെ ഉപയോഗത്തെ ഒരു തരത്തിലും ബാധിയ്ക്കുന്നില്ല;അതിനും ശേഷം

നിങ്ങളുടെ കൈയ്യിൽ അവശേഷിക്കുന്ന പണത്തെ ഒഴിച്ച്.

ഏതു തരത്തിലുള്ള ഭൗതിക വസ്തുവിന്റെ കാര്യത്തിലും ഇതു സത്യമാണ് . അതിന് ഉടമ ഉണ്ടോ ഇല്ലയോ എന്നതു അതെന്താണെന്നോ നിങ്ങൾ വാങ്ങിച്ചാൽ അതുപയോഗിച്ച് എന്തു ചെയ്യാമെന്നുള്ളതിനേയോ യാതൊരു തരത്തിലും ബാധിയ്ക്കുന്നില്ല.

പക്ഷെ, ഉടമസ്ഥതയിലുള്ള ഒരു പ്രോഗ്രാം നിങ്ങൾ വാങ്ങുമ്പോൾ, ആ പ്രോഗ്രാം എന്താണെന്നും, അതു വാങ്ങിയാൽ നിങ്ങൾക്കങ്ങിനെ ഉപയോഗിക്കാം എന്നും ഉള്ളതിനെ അതു സാരമായി ബാധിയ്ക്കും. ഇവിടെ വ്യത്യാസം പണത്തിൽ മാത്രമല്ല. സോഫ്റ്റ്‌വെയറുകൾക്ക് ഉടമകൾ വേണമെന്നു പറയുന്ന വ്യവസ്ഥ ഉടമകളെ കൂടുതൽ സോഫ്റ്റ്‌വെയറുണ്ടാക്കാൻ തീർച്ചയായും പ്രോത്സാഹിപ്പിയ്ക്കുന്നു-അതുപക്ഷെ സമൂഹത്തിന് ശരിക്കും ആവശ്യമുള്ളതായിരിക്കണമെന്നില്ല. ഇതു പ്രത്യക്ഷമല്ലാത്ത നൈതിക മലിനീകരണത്തിനു തന്നെ വഴിവയ്ക്കുന്നു.

സമൂഹത്തിന് എന്താണാവശ്യം?.അതിന് അറിവ് ആവശ്യമാണ്.ആ അറിവ് സമൂഹത്തിലെ എല്ലാ പൌരൻമാർക്കും പ്രാപ്യവുമായിരിക്കണം.ഉദാഹരണത്തിന് ഉപയോഗിയ്ക്കാൻ മാത്രമല്ലാത്ത, വായിക്കാനും ,തിരുത്താനും,രൂപാന്തരം വരുത്താനും ,മെച്ചപ്പെടുത്താനും ഒക്കെ കഴിയുന്ന പ്രോഗ്രാമുകൾ. പക്ഷെ ഉടമകൾ, സോഫ്റ്റ്‌വെയർ സാധാരണായി വിതരണം ചെയ്യുന്നതു പഠിയ്ക്കാനോ മാറ്റം വരുത്താനോ പറ്റാത്ത ഒരു മാന്ത്രികപ്പെട്ടിയായാണ്

സമൂഹത്തിന് സ്വാതന്ത്ര്യവും ആവശ്യമാണ്. ഒരു പ്രോഗ്രാമിനൊരു ഉടമസ്ഥനുണ്ടായിരിക്കുന്നതു, ഉപയോക്താക്കളെ സംബന്ധിച്ചിടത്തോളം, വ്യക്തി സ്വാതന്ത്ര്യത്തിലേയ്ക്കുള്ള കടന്നു കയറ്റമാണ്.

സർവ്വോപരി സമൂഹം ആഗ്രഹിയ്ക്കുന്നതു അതിലെ പൌരന്മാരുടെ പരസ്പര സഹകരണമാണ്. നമ്മുടെ അയൽക്കാരെ സ്വാഭവികമായി സഹായിക്കുന്നതു നിയമ വിരുദ്ധമാണെന്ന് സോഫ്റ്റ്‌വെയറിന്റെ ഉടമകൾ പറയുമ്പോൾ അത് നമ്മുടെ പൌര ബോധത്തെ മലീമസമാക്കുന്നു.

അതുകൊണ്ടാണ് സ്വതന്ത്ര സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യത്തിന്റെ പ്രശ്നമാണെന്നും വിലയുടെ പ്രശ്നമല്ലെന്നും നമ്മൾ പറയുന്നതു.

ഉടമസ്ഥരുടെ സാമ്പത്തിക വാദമുഖങ്ങൾ അബദ്ധ ജഡിലമാണ്, പക്ഷെ അതിന്റെ സാമ്പത്തിക വശം സത്യമാണ്. ചിലർ സോഫ്റ്റ്‌വെയർ ഉണ്ടാക്കുന്നത് അതിലേർപ്പെടുമ്പോഴുണ്ടാകുന്ന ആനന്ദത്തിനും അംഗീകാരത്തിനും പ്രീതിക്കും വേണ്ടിയാണ്. പക്ഷെ അതിലുപരിയുള്ള ആവശ്യങ്ങൾക്ക് നാം പണം കണ്ടെത്തണം.

കഴിഞ്ഞ കുറച്ചു വർഷങ്ങളായി സ്വതന്ത്ര സേഫ്റ്റ്‌വെയർ പ്രവർത്തകർ പണം സ്വരൂപിയ്ക്കാനുള്ള വിവിധ മാർഗ്ഗങ്ങൾ പരീക്ഷിച്ചിട്ടുണ്ട്. പ്രോഗ്രാമിങ്ങിനേക്കാൾ കുറവു സംതൃപ്തി തരുന്ന മറ്റു പല ജോലികൾക്കും അമേരിക്കക്കാരുടെ ശരാശരി വരുമാനമായ $35k പ്രതിഫലമായി കൊടുത്താൽ മതിയാകും.

ഒരു ഫെലോഷിപ്പ് കിട്ടുന്നതു വരെ,എന്റെ ഉപജീവനമാർഗ്ഗം, ഞാനെഴുതിയ സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ പ്രത്യേകമായ രൂപമാറ്റങ്ങളും, മെച്ചപ്പെടുത്തലുകളും നിർമ്മിക്കുന്നതിലൂടെ കണ്ടെത്തി.ഈ ഓരോ മെച്ചപ്പെടുത്തലുകളും ആ സോഫ്റ്റ്‌വെയറിന്റെ പ്രധാന വിതരണ പതിപ്പിന്റെ കൂടെ ചേർത്തിരുന്നതിനാൽ,അതൊക്കെ പൊതുജനത്തിനു ലഭ്യമായി. കക്ഷികൾ എനിക്കു പ്രതിഫലം തന്നപ്പോൾ അവർക്കു വേണ്ട രീതിയിലുള്ള മെച്ചപ്പെടുത്തലുകളാണ് ഞാൻ നിർമ്മിച്ചതു,അല്ലാതെ ഏറ്റവും പ്രധാനപ്പെട്ട മെച്ചപ്പെടുത്തലുകളെന്ന് ഞാൻ കരുതിയവയല്ല.

സ്വതന്ത്ര സോഫ്റ്റ്‌വെയർ ഫൌണ്ടേഷൻ ഗ്നു സീഡികൾ ,ട്ടീ-ഷർട്ടുകൾ , ഗ്നു പ്രോഗ്രാമുകളേകുറിച്ചുള്ള ഗ്രന്ഥങ്ങൾ ,എല്ലാ ഗ്നു സോഫ്റ്റ്‌വെയറുകളുടേയും പ്രത്യേക വിതരണങ്ങൾ (ഇവയെല്ലാം പകർപ്പെടുക്കാനും മാറ്റം വരുത്താനും സ്വാതന്ത്ര്യമുള്ളവ തന്നെയാണ്),ഉടങ്ങിയവ വിൽപ്പന നടത്തിയും സംഭാവനകൾ സ്വീകരിച്ചും പണം സ്വരൂപിയ്ക്കുന്നു. ഇപ്പോൾ ഇതിനു കീഴിൽ അഞ്ച് പ്രോഗ്രാമർമ്മാരും, കത്തുകളിലൂടെ സാധനങ്ങൾ ആവശ്യപ്പെടുന്നത് കൈകാര്യം ചെയ്യാനായി മൂന്ന് പേരും ജോലി ചെയ്യുന്നു.

ചില സ്വതന്ത്ര സോഫ്റ്റ്‌വെയർ നിർമ്മാതാക്കൾ സാങ്കേതിക സഹായം നൽകുന്നതിലൂടെ പ്രതിഫലം പറ്റുന്നു. 50-ഓളം തൊഴിലാളികളുള്ള (ഈ ലേഖനം എഴുതുമ്പോൾ) സിഗ്നസ് (Cygnus) സപ്പോർട്ട്-ന്റെ കണക്കനുസരിച്ച് അതിന്റെ 15% പ്രവർത്തനം സ്വതന്ത്ര സോഫ്റ്റ്‌വെയർ നിർമ്മാണമാണ്- ഒരു സോഫ്റ്റ്‌വെയർ കമ്പനിയേ സംബന്ധിച്ചിടത്തോളം ആദരണീയമായ ഒരു ശതമാനമാണത്.

ഇന്റൽ, മോട്ടോറോള, ടെക്സാസ് ഇൻസ്ട്രുമെന്റ് ,അനലോഗ് ഡിവൈസെസ് എന്നിവരുടെ കൂട്ടായ്മ ഗ്നു വിന്റെ സി പ്രോഗ്രാമിങ്ങ് ഭാഷയ്ക്കുള്ള കമ്പൈയലറിനായി പണം സ്വരൂപിച്ചിരുന്നു. അതുപോലെ അഡ എന്ന കമ്പ്യൂട്ടർ പ്രോഗ്രാമിങ്ങ് ഭാഷയ്ക്കുള്ള കമ്പൈലർ നിർമ്മിയ്ക്കാൻ അമേരിക്കൻ വ്യോമ സേന പണം അനുവദിച്ചു. ഏറ്റവും ചിലവ് കുറഞ്ഞ രീതിയിൽ നല്ല നിലവാരമുള്ള കമ്പൈലർ നിർമ്മിയ്ക്കാൻ ഇതാണേറ്റവും നല്ല മാർഗ്ഗം എന്നവർ വിശ്വസിച്ചു. (വ്യോമ സേനയുടെ സഹായധനം,കുറച്ചുകാലങ്ങൾക്ക് മുൻപ് നിർത്തിവച്ചു.അഡ കമ്പ്യൂട്ടർ ഭാഷ ഇപ്പോൾ സേവനത്തിലുണ്ട്,അതിന്റെ പരിചരണം വ്യാവസായിക പ്രസ്ഥാനങ്ങളിൽ അധിഷ്ഠിതവുമാണ്)

ഇതെല്ലാം ചെറിയ ഉദാഹരണങ്ങൾ മാത്രം.സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനം ഇപ്പോഴും ശൈശവ ദശയിലാണ്. പക്ഷെ ഓരോ ഉപഭോക്താവിന്റെ പക്കൽ നിന്നും നിർബന്ധമായി പണം വാങ്ങാതെ ഒരു വലിയ പ്രസ്ഥാനം നിലനിർത്തികൊണ്ട് പറ്റും എന്നതിന്, ശ്രോതാക്കളുടെ സഹായത്തോടെ, അമേരിക്കയിൽ, പ്രവർത്തിയ്ക്കുന്ന റേഡിയോ തെളിവാണ്.

ഒരു കമ്പ്യൂട്ടർ ഉപഭോക്താവെന്ന നിലയിൽ നിങ്ങൾ കുത്തക സോഫ്റ്റ്‌വെയർ ഉപയോഗിയ്ക്കുന്നുണ്ടാകാം. സുഹൃത്ത് ഒരു പകർപ്പാവശ്യപ്പെട്ടാൽ നിഷേധിയ്ക്കുന്നത് ശരിയല്ല. പകർപ്പവകാശത്തേക്കാൾ പ്രാധാന്യം പരസ്പരസഹകരണത്തിനാണ്. നിയമ വിധേയമല്ലാത്ത രഹസ്യ ധാരണയിലൂന്നിയുള്ള സഹകരണമല്ല ഒരു നല്ല സമൂഹത്തിനാവശ്യം.ഒരു മനുഷ്യൻ നിവർന്ന് നിന്ന് അഭിമാനത്തോടെ അന്തസ്സോടെ ജീവിക്കണമെങ്കിൽ കുത്തക സോഫ്റ്റ്‌വെയർ നിരാകരിയ്ക്കണം.

സോഫ്റ്റ്‌വെയറുപയോഗിയ്ക്കുന്ന മറ്റുള്ളയാൾക്കാരുമായി സ്വാതന്ത്ര്യത്തോടെ നിർഭയമായി സഹകരിയ്ക്കാൻ നിങ്ങളെന്തുകൊണ്ടും അനുയോജ്യനാണ്.സോഫ്റ്റ്‌വെയറെങ്ങിനെ പ്രവർത്തിയ്ക്കുന്നു എന്നറിയാനും അത് വിദ്യാർത്ഥികൾക്ക് പകർന്നുകൊടുക്കാനും നിങ്ങൾ അർഹരാണ്.നിങ്ങളുടെ സോഫ്റ്റ്‌വെയറിന് തകരാർ സംഭവിയ്ക്കുമ്പോൾ, നിങ്ങൾക്കിഷ്ടപ്പെട്ട വിദഗ്ദ്ധനെ അതു പരിഹരിയ്ക്കാനായി ചുമതലപ്പെടുത്താനുള്ള അധികാരം കൈയ്യാളാൻ നിങ്ങൾക്കർഹതയുണ്ട്.

നിങ്ങൾ സ്വതന്ത്ര സോഫ്റ്റ്‌വെയർ അർഹിക്കുന്നു.

വാൽകഷ്ണം: അറിവിന്റെ തികവ് ബുദ്ധിയിലേയ്ക്കും ബുദ്ധിയുടെ വികാസ പരിണാമങ്ങൾ നന്മയുടേയും സ്നേഹത്തിന്റെയും വറ്റാത്ത ഉറവിടങ്ങളിലേയ്ക്കും നയിയ്ക്കുമെന്നതിന്റെ ഉത്തമ ഉദാഹരണമാണ് റിച്ചാർഡ് സ്റ്റാൾമാൻ.മനുഷ്യ സമുഹത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ നിർണ്ണായക പങ്കു വഹിയ്ക്കുന്ന കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ ,സോഫ്റ്റ്‌വെയർ ഭീമന്മാരുടെ കരാള ഹസ്തങ്ങളിൽ നിന്നും ദുഷ്ടലാക്കുകളിൽ നിന്നും. മനുഷ്യാവകാശധ്വംസനങ്ങളിൽ നിന്നും സ്വതന്ത്രമാക്കി സ്വതന്ത്ര സോഫ്റ്റ്‌വെയർ എന്ന ആശയം ലോകത്തിനു മുൻപിൽ അവതരിപ്പിച്ചതാണ് റിച്ചാർഡ് സ്റ്റാൾമാനെ ഏറ്റവും വലിയ മനുഷ്യ സ്നേഹിയാക്കുന്നത്. ആർഷ ഭാരത സംസ്കാരത്തിന്റെ കാതലായ വസുധൈവ കുടുമ്പകം എന്ന ആശയത്തോട് യോജിച്ചുകൊണ്ട് സ്വാതന്ത്ര്യത്തിന്റേയും പരസ്പര സഹകരണത്തിന്റേയും പക്ഷത്തു

നിൽക്കുന്ന റിച്ചാർഡ് സ്റ്റാൾമാന്റെ പ്രവർത്തനങ്ങൾ ചരിത്രത്തിന്റെ ഏടുകളിൽ തങ്ക ലിപികളിൽ കുറിയ്ക്കപ്പെടും തീർച്ച.

## 1.3 വിദ്യാലയങ്ങളിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ മാത്രം ഉപയോഗിക്കേണ്ടതെന്തുകൊണ്ട്

എല്ലാ കമ്പ്യൂട്ടർ ഉപയോക്താക്കളും സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിക്കേണ്ടതിന് പൊതുവായ ചില കാരണങ്ങളുണ്ട്. അത് ഉപയോക്താക്കൾക്ക് സ്വന്തം കമ്പ്യൂട്ടർ നിയന്ത്രിയ്ക്കാനുള്ള സ്വാതന്ത്ര്യം നൽകുന്നു — കുത്തക സോഫ്റ്റ്‌വെയറുകൾ ഉപയോഗിയ്ക്കുമ്പോൾ, സോഫ്റ്റ്‌വെയറിന്റെ ഉടമകൾ ആഗ്രഹിയ്ക്കുന്നതാണ് കമ്പ്യൂട്ടർ ചെയ്യുന്നത്. ഉപയോക്താവാഗ്രഹിയ്ക്കുന്നതല്ല. സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ ഉപയോക്താക്കൾക്ക് പരസ്പരസഹകരണത്തിലൂന്നിയ ഒരു സന്മാർഗ്ഗ ജീവിതം പ്രദാനം ചെയ്യുന്നു. ഇപ്പറഞ്ഞതെല്ലാം ഏവർക്കുമെന്നപോലെ വിദ്യാലയങ്ങൾക്കും ബാധകമാണ്.

പക്ഷേ ഇതിനെല്ലാം പുറമെ വിദ്യാലയങ്ങളെ സംബന്ധിച്ച് മറ്റു ചില പ്രത്യേക കാരണങ്ങൾ കൂടിയുണ്ട്. അതാണ് ഈ ലേഖനത്തിന്റെ വിഷയം.

ഒന്നാമതായി സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ വിദ്യാലയങ്ങൾക്കാദായകരമാണ്. സമ്പന്നരാജ്യങ്ങളിൽപോലും വിദ്യാലയങ്ങൾക്ക് സാമ്പത്തിക ഞെരുക്കമുണ്ട്. മറ്റെല്ലാ ഉപയോക്താക്കളേയും പോലെ വിദ്യാലയങ്ങൾക്കും സ്വതന്ത്ര സോഫ്റ്റ്‌വെയർ പകർത്താനും വിതരണം ചെയ്യാനുമുള്ള സ്വാതന്ത്ര്യമുണ്ട്, അങ്ങിനെ വിദ്യാലയങ്ങൾക്കാവശ്യമുള്ള എല്ലാ കമ്പ്യൂട്ടറിലേയ്ക്കും പകർത്താനും അവർക്ക് കഴിയും. ദരിദ്രരാഷ്ട്രങ്ങളിലിത് കമ്പ്യൂട്ടർ ഉപയോക്താക്കളും അല്ലാത്തവരും തമ്മിലുള്ള വിടവ് കുറയ്ക്കാനും ഉപകരിയ്ക്കുന്നു.

മേൽപ്പറഞ്ഞത് പ്രധാനപ്പെട്ട സംഗതിയാണെങ്കിലും, ഒരു ഉപരിപ്ലവമായ വസ്തുതയാണ്. മാത്രമല്ല, കുത്തക സോഫ്റ്റ്‌വെയർ നിർമ്മാതാക്കൾക്കു വേണമെങ്കിൽ സോഫ്റ്റ്‌വെയറുകൾ വിദ്യാലയങ്ങൾക്ക് ദാനം ചെയ്ത് ഈ പ്രശ്നത്തെ ഒഴിവാക്കാനും പറ്റും. (നോക്കിക്കോളൂ!— ഇത്തരത്തിൽ ദാനം വാങ്ങുന്ന വിദ്യാലയങ്ങൾക്ക് ഭാവിയിലെ പുതുക്കിയ പതിപ്പുകൾക്ക് വിലകൊടുക്കേണ്ടിവരും). അതുകൊണ്ട് നമുക്ക് കുറച്ചുകൂടി കാമ്പുള്ള കാരണങ്ങൾ പരിശോധിയ്ക്കാം.

സമൂഹത്തിനാകെ ഉപകാരപ്രദമായ ജീവിതരീതികളാണ് വിദ്യാലയങ്ങൾ കുട്ടികളെ പഠിപ്പിയ്ക്കേണ്ടത്. പുനരുപയോഗത്തെ പ്രോത്സാഹിപ്പിയ്ക്കുന്ന പോലെത്തന്നെയാണ് സ്വതന്ത്ര സോഫ്റ്റ്‌വെയറുകളുടെ ഉപയോഗത്തെ അവർ പ്രോത്സാഹിപ്പിയ്ക്കേണ്ടത്. സ്വതന്ത്ര സോഫ്റ്റ്‌വെയർ ശീലിച്ച വിദ്യാർത്ഥികൾ, വിദ്യാഭ്യാസത്തിനു ശേഷവും അതുപയോഗിയ്ക്കും. കുത്തക കമ്പനികളുടെ കരാളഹസ്തങ്ങളിൽ നിന്നും സമൂഹത്തെ മൊത്തത്തിൽ രക്ഷിക്കാനും ഇത് സഹായിക്കും. സൌജന്യമായി സിഗററ്റുകൾ വിതരണം ചെയ്യുന്ന പുകയില കമ്പനികളെ പോലെ[1] ശീലങ്ങൾ ഉണ്ടാക്കാനാണ് കുത്തകസോഫ്റ്റ്‌വെയർ കമ്പനികൾ അവരുടെ സോഫ്റ്റ്‌വെയറുകൾ സൌജന്യമായി നൽകുന്നത്. പക്ഷേ പഠിച്ചുതീർന്നു കഴിഞ്ഞാൽ അവർക്ക് യാതൊരു സൌജന്യവും ലഭിക്കില്ല.

സോഫ്റ്റ്‌വെയർ എങ്ങനെ പ്രവർത്തിയ്ക്കുന്നു എന്ന് മനസ്സിലാക്കാൻ സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ വിദ്യാർത്ഥികളെ അനുവദിക്കുന്നു. കൌമാരത്തിലെത്തുന്ന പല വിദ്യാർത്ഥികളും കമ്പ്യൂട്ടറിനെപറ്റിയും, സോഫ്റ്റ്‌വെയറിനെപ്പറ്റിയും എല്ലാ കാര്യങ്ങളും അറിയാൻ ആഗ്രഹിയ്ക്കുന്നു. ഭാവിയിലെ നല്ല പ്രോഗ്രാമർമാർ, ആ കാലത്താണ് ഇതെല്ലാം പഠിയ്ക്കേണ്ടത്. സോഫ്റ്റ്‌വെയർ നന്നായി എഴുതാൻ പഠിയ്ക്കണമെങ്കിൽ ആദ്യം ഓരോ വിദ്യാർഥിയും ധാരാളം കോഡ് വായിയ്ക്കുകയും എഴുതുകയും വേണം. അവർ ആളുകൾ ശരിയ്ക്കും ഉപയോഗിയ്ക്കുന്ന പ്രോഗ്രാമുകളുടെ കോഡ് വായിയ്ക്കുകയും മനസ്സിലാക്കുകയും വേണം. നിത്യേന ഉപയോഗിയ്ക്കുന്ന സോഫ്റ്റ്‌വെയറുകളുടെ കോഡ് വായിയ്ക്കാൻ അവർ അത്യധികം ഉത്സുകരായിരിയ്ക്കും.

അറിവിനായുള്ള ദാഹത്തെ കുത്തകസോഫ്റ്റ്‌വെയറുകൾ നിഷേധിയ്ക്കുന്നു. നിങ്ങൾ അറിയാനാഗ്രഹിക്കുന്ന കാര്യം പരമ രഹസ്യമാണെന്നും,

അതു് വിലക്കപ്പെട്ടതാണെന്നുമാണവർ പറയുന്നതു്. സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ എല്ലാവരും പഠിയ്ക്കുന്നതു് പ്രോത്സാഹിപ്പിയ്ക്കുന്നു. സാങ്കേതിക വിദ്യകൾ എങ്ങനെ പ്രവർത്തിയ്ക്കുന്നു എന്നതു് പൊതുജനങ്ങൾക്ക് അജ്ഞാതമാക്കുന്ന ''സാങ്കേതികതയുടെ പൌരോഹിത്യം'' സ്വതന്ത്ര സോഫ്റ്റ്‌വെയർ നിഷേധിയ്ക്കുന്നു; ഏതു പ്രായത്തിലും സാഹചര്യത്തിലുമുള്ള വിദ്യാർത്ഥികളും സോഴ്സ് കോഡ് വായിയ്ക്കുന്നതിനെയും വേണ്ടത്ര പഠിയ്ക്കുന്നതിനെയും നാം പ്രോത്സാഹിപ്പിയ്ക്കുന്നു. സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിയ്ക്കുന്ന വിദ്യാലയങ്ങൾ പ്രതിഭാധനരായ വിദ്യാർത്ഥികളെ മുന്നോട്ട് നയിക്കാൻ പ്രാപ്തരാക്കുന്നു.

വിദ്യാലയങ്ങളിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ മാത്രം ഉപയോഗിക്കേണ്ടതിന്റെ അടുത്ത കാരണം കുറച്ചുകൂടി ആഴത്തിലുള്ളതാണ്. വിദ്യാലയങ്ങളുടെ ചുമതല വിദ്യാർത്ഥികളെ അടിസ്ഥാന വസ്തുതകളും കഴിവുകളും പഠിപ്പിയ്ക്കേണ്ടതാണെന്ന് നാം പ്രതീക്ഷിയ്ക്കുന്നു. അടിസ്ഥാനപരമായി വിദ്യാലയങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം നല്ല പൌരന്മാരെയും അയൽക്കാരെയും വാർത്തെടുക്കുകയെന്നതാണ് — സഹായമാവശ്യമുള്ളവരോട് സഹകരിയ്ക്കുന്നവരെ വാർത്തെടുക്കുകയെന്നതാണ്. കമ്പ്യൂട്ടറുകളുടെ ലോകത്ത് ഇതിനർത്ഥം സോഫ്റ്റ്‌വെയറുകൾ പങ്കുവെയ്ക്കാൻ പഠിപ്പിയ്ക്കുകയെന്നതാണ്. ''നിങ്ങൾ ഒരു സോഫ്റ്റ്‌വെയർ കൊണ്ടുവരികയാണെങ്കിൽ അതു മറ്റു കുട്ടികളുമായി പങ്കിടണം'' എന്നാണ് പ്രാഥമിക വിദ്യാലയങ്ങൾ അവയിലെ വിദ്യാർത്ഥികളോട്ട് പറയേണ്ടതു്. വിദ്യാലയങ്ങൾ തീർച്ചയായും പറയുന്നതു് പാലിക്കണം; വിദ്യാലയത്തിലുള്ള എല്ലാ സോഫ്റ്റ്‌വെയറുകളും പകർത്താനും, വിതരണം നടത്താനും വിദ്യാർത്ഥികളെ അനുവദിയ്ക്കണം.

സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ ഉപയോഗിയ്ക്കാനും സ്വതന്ത്ര സോഫ്റ്റ്‌വെയർ കൂട്ടായ്മകളിൽ പങ്കെടുക്കാനും പഠിപ്പിയ്ക്കുന്നതു് തന്നെ പൌരബോധം വളർത്താനായുള്ള പ്രായോഗിക പാഠമാണ്. വൻകിട കുത്തകകളുടേതിൽനിന്നും വ്യത്യസ്തമായി, പൊതുജനസേവനത്തിന്റെ ഉദാത്തമാതൃക അതു് വിദ്യാർത്ഥികളെ പഠിപ്പിയ്ക്കുന്നു. വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും സ്വതന്ത്രസോഫ്റ്റ്‌വെയർ ഉപയോഗിയ്ക്കണം.

1. വിദ്യാർത്ഥികൾ പങ്കെടുത്ത ഒരു ചടങ്ങിൽ സൌജന്യമായി സിഗററ്റ് വിതരണം ചെയ്തതിന് ആർ.ജെ റെയ്നോൾഡ്സ് എന്ന പുകയില കമ്പനി 2002 ൽ 15 മില്യൺ ഡോളർ പിഴയൊടുക്കേണ്ടിവന്നു. http://www.bbc.co.uk/worldservice/sci_tech/features/health/tobaccotrial/usa.htm.

## 1.4 സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ വിൽപ്പന

പലരും വിശ്വസിയ്ക്കുന്നതു്, സോഫ്റ്റ്‌വെയറുകളുടെ പകർപ്പുകൾ വിതരണം ചെയ്യുന്നതിന് പണം ഈടാക്കരുതെന്നും അല്ലെങ്കിൽ ചെലവ് മാത്രം ഈടാക്കണം എന്നുമാണ് ആണ് ഗ്നു സംരംഭത്തിന്റെ നിലപാട് എന്നാണ്.

യഥാർത്ഥത്തിൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ വിതരണം ചെയ്യുന്നവർ എത്ര മാത്രം ആഗ്രഹിയ്ക്കുന്നുവോ അല്ലെങ്കിൽ അവർക്കെത്രമാത്രം കഴിയുന്നുവോ അത്രയും ഈടാക്കാനാണ് ഞങ്ങൾ പ്രോത്സാഹിപ്പിയ്ക്കുന്നതു്. ഇതിൽ നിങ്ങൾക്കത്ഭുതം തോന്നുന്നുണ്ടെങ്കിൽ തുടർന്ന് വായിയ്ക്കുക.

''ഫ്രീ'' എന്ന വാക്കിന് പൊതുവായി ഉപയോഗിയ്ക്കുന്ന രണ്ടർത്ഥങ്ങളുണ്ട്; ഇതു് സ്വതന്ത്ര്യത്തേയോ വിലയേയോ ഉദ്ദേശിച്ചാവാം. ഞങ്ങൾ ''ഫ്രീ സോഫ്റ്റ്‌വെയറിനെപ്പറ്റി'' സംസാരിയ്ക്കുമ്പോൾ ഞങ്ങൾ സ്വാതന്ത്ര്യത്തെപ്പറ്റിയാണ് സംസാരിയ്ക്കുന്നതു്, വിലയെപ്പറ്റിയല്ല. (''ഫ്രീ സ്പീച്ചെന്ന്'' ചിന്തിയ്ക്കൂ, ''ഫ്രീ ബിയറെന്നല്ല''.) കൃത്യമായി പറഞ്ഞാൽ ഇതിനർത്ഥം ഒരു ഉപയോക്താവിന് ഒരു പ്രോഗ്രാം ഉപയോഗിയ്ക്കാനും, മാറ്റം വരുത്താനും, മാറ്റം വരുത്തിയോ അല്ലാതെയോ വീണ്ടും വിതരണം ചെയ്യാനും സ്വാതന്ത്ര്യമുണ്ടെന്നാണ്.

സ്വതന്ത്ര പ്രോഗ്രാമുകൾ പലപ്പോഴും സൌജന്യമായാണ് വിതരണം ചെയ്യപ്പെടുന്നതു്, ചിലപ്പോൾ വലിയ തുക ഈടാക്കിയും. പലപ്പോഴും

ഒരേ പ്രോഗ്രാം തന്നെ പലയിടങ്ങളിൽ നിന്നും ഈ രണ്ടു് വിധത്തിലും ലഭ്യമാകാറുണ്ടു്. വിലയെന്തായാലും പ്രോഗ്രാം സ്വതന്ത്രമാണു് കാരണം ഉപയോക്താക്കൾക്കു് അതുപയോഗിയ്ക്കാനുള്ള സ്വാതന്ത്ര്യമുണ്ടു്.

സ്വതന്ത്രമല്ലാത്ത പ്രോഗ്രാമുകൾ സാധാരണയായി ഉയർന്ന വിലയ്ക്കാണു് വിൽക്കാറുള്ളതു്, പക്ഷേ ചിലപ്പോൾ ഒരു കടയിൽ നിന്നും നിങ്ങൾക്കതു് സൌജന്യമായി ലഭിച്ചെന്നു വരാം. എന്നാലും അതു് സ്വതന്ത്ര സോഫ്റ്റ്‌വെയറാകുന്നില്ല. വിലകൊടുത്താലും സൌജന്യമായാലും ഉപയോക്താക്കൾക്കു് സ്വാതന്ത്ര്യമില്ലാത്തതുകൊണ്ടു് പ്രോഗ്രാം സ്വതന്ത്രമല്ല.

സ്വതന്ത്ര സോഫ്റ്റ്‌വെയർ വിലയുടെ പ്രശ്നമല്ലാത്തതിനാൽ, കുറഞ്ഞ വില, കൂടുതൽ സ്വതന്ത്രമോ സ്വാതന്ത്ര്യത്തോടടുത്തതോ അല്ല. അതു് കൊണ്ടു് തന്നെ നിങ്ങൾ സ്വതന്ത്ര സോഫ്റ്റ്‌വെയർ വിതരണം ചെയ്യുകയാണെങ്കിൽ നിങ്ങളും ഉയർന്ന തുക ഈടാക്കി പണമുണ്ടാക്കിക്കോളൂ. സ്വതന്ത്ര സോഫ്റ്റ്‌വെയർ വിതരണം ചെയ്യുന്നതു് നല്ലതും, നിയമപരവുമായൊരു പ്രവൃത്തിയാണു്, നിങ്ങളതു് ചെയ്യുകയാണെങ്കിൽ ലാഭം കൂടിയുണ്ടാക്കിക്കോളൂ.

സ്വതന്ത്ര സോഫ്റ്റ്‌വെയർ കൂട്ടായ്മയുടെ സംരംഭമാണു്, ഇതിനെ ആശ്രയിയ്ക്കുന്ന ഒരോരുത്തരും കൂട്ടായ്മയുടെ വളർച്ചയ്ക്കുതകുന്ന രീതിയിൽ പ്രയത്നിക്കേണ്ടതു് ആവശ്യമാണു്. ഒരു വിതരണക്കാരനിതു് ചെയ്യാനുള്ള മാർഗ്ഗം സ്വതന്ത്ര സോഫ്റ്റ്‌വെയർ ഫൌണ്ടേഷനോ അല്ലെങ്കിൽ മറ്റേതെങ്കിലും സ്വതന്ത്ര സോഫ്റ്റ്‌വെയ വികസന സംരംഭത്തിനോ അവരുടെ ലാഭത്തിന്റെ ഒരു ഭാഗം നൽകുക എന്നതാണു്. വികസനത്തിനു് പണം നൽകുന്നതിലൂടെ നിങ്ങൾക്കു് സ്വതന്ത്ര സോഫ്റ്റ്‌വെയർ ലോകത്തെ പുരോഗതിയിലേക്കു് നയിക്കാം.

സ്വതന്ത്ര സോഫ്റ്റ്‌വെയറുകളുടെ വിതരണം വികസനത്തിനു് പണം കണ്ടെത്താനുള്ളൊരവസരമാണു്. അതു് പാഴാക്കിക്കളയരുതു് !

സംഭാവന ചെയ്യണമെങ്കിൽ നിങ്ങളുടെ പക്കൽ അധികം പണമുണ്ടായിരിയ്ക്കണം. നിങ്ങൾ വളരെ കുറച്ചു് തുക മാത്രം ഈടാക്കുകയാണെങ്കിൽ വികസനത്തെ പിന്തുണയ്ക്കാൻ നിങ്ങളുടെ പക്കൽ ബാക്കിയൊന്നുമുണ്ടാവില്ല. ഉയർന്ന വിതരണക്കൂലി ചില ഉപയോക്താക്കൾക്കു് പ്രയാസമുണ്ടാക്കുമോ?

ഉയർന്ന വിതരണക്കൂലി ഈടാക്കുന്നതു് വളരെയധികം പണമൊന്നുമില്ലാത്ത ഉപയോക്താക്കൾക്കു് സ്വതന്ത്ര സോഫ്റ്റ്‌വെയർ ലഭ്യമല്ലാതാക്കുമോ എന്നു് ആളുകൾ ചിലപ്പോൾ ആശങ്കപ്പെടാറുണ്ടു്. കുത്തക സോഫ്റ്റ്‌വെയറിന്റെ ഉയർന്ന വില അതാണു് ചെയ്യുന്നതു് — പക്ഷേ സ്വതന്ത്ര സോഫ്റ്റ്‌വെയർ വ്യത്യസ്തമാണു്.

സ്വതന്ത്ര സോഫ്റ്റ്‌വെയർ സ്വാഭാവികമായി തന്നെ വിതരണം ചെയ്യപ്പെടും എന്നതും അതു് ലഭിക്കാൻ പല മാർഗ്ഗങ്ങളുണ്ടു് എന്നതും ആണു് ആ വ്യത്യാസം.

സാധാരണ വില നൽകാതെ, നിങ്ങൾ, കുത്തക പ്രോഗ്രാം ഉപയോഗിയ്ക്കുന്നതു് തടയാൻ സോഫ്റ്റ്‌വെയർ പൂഴ്ത്തിവയ്പുകാർ അവരുടെ എല്ലാ അടവും പയറ്റും. ഈ വില ഉയർന്നതാണെങ്കിൽ അതു് ചില ഉപയോക്താക്കൾക്കു് ഈ പ്രോഗ്രാം ഉപയോഗിയ്ക്കുന്നതു് പ്രയാസമുണ്ടാക്കും.

സ്വതന്ത്ര സോഫ്റ്റ്‌വെയറാണെങ്കിൽ സോഫ്റ്റ്‌വെയറുപയോഗിയ്ക്കാൻ വിതരണക്കൂലി കൊടുത്തേ തീരൂ എന്നില്ല. അവർക്കു് ഒരു പകർപ്പു് കൈവശമുള്ള സുഹൃത്തിന്റെ പക്കൽ നിന്നോ ശൃംഖല പ്രാപ്യമായ ഒരു സുഹൃത്തിന്റെ സഹായത്തോടേയോ പ്രോഗ്രാമിന്റെ ഒരു പകർപ്പു് ലഭിയ്ക്കാവുന്നതാണു്. അല്ലെങ്കിൽ ഒന്നിലധികം ഉപയോക്താക്കൾ ഒന്നിച്ചു് ചേർന്നു് സിഡി-റോമിന്റെ വില പങ്കിട്ടെടുത്തു് ഓരോരുത്തരായി സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യാം. സോഫ്റ്റ്‌വെയർ സ്വതന്ത്രമാണെങ്കിൽ സിഡി-റോമിനു് ഉയർന്ന വില കൊടുക്കേണ്ടി വരുന്നതൊരു തടസ്സമാകില്ല. ഉയർന്ന വിതരണക്കൂലി സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ ഉപയോഗം നിരുത്സാഹപ്പെടുത്തുമോ?

സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ ജനസമ്മതിയെപ്പറ്റിയാണ് സാധാരണയായി കാണുന്ന മറ്റൊരാശങ്ക. ഉയർന്ന വില ഉപയോക്താക്കളുടെ എണ്ണം കുറയ്ക്കുമെന്നോ അല്ലെങ്കിൽ കുറഞ്ഞ വില കൂടുതൽ ഉപയോക്താക്കളെ പ്രോത്സാഹിപ്പിയ്ക്കുമെന്നോ ആളുകൾ കരുതുന്നു.

കുത്തക സോഫ്റ്റ്‌വെയറിന്റെ കാര്യത്തിൽ ഇതു് ശരിയാണ് — പക്ഷേ സ്വതന്ത്ര സോഫ്റ്റ്‌വെയർ വ്യത്യസ്തമാണ്. പകർപ്പുകൾ കിട്ടാൻ പല വഴികളുണ്ടെന്നിരിക്കെ വിതരണത്തിന്റെ വില ജനപ്രീതിയെ ദോഷകരമായി ബാധിക്കില്ല.

സ്വതന്ത്ര സോഫ്റ്റ്‌വെയറിന് എന്തൊക്കെ ചെയ്യാൻ കഴിയുമെന്നതും, അതുപയോഗിയ്ക്കാൻ എത്ര എളുപ്പമാണ് എന്നതുമാണ് ഭാവിയിൽ എത്രയാൾക്കാർ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിക്കും എന്ന് നിശ്ചയിക്കുക. പല ആളുകളും അവർ ചെയ്യുന്ന എല്ലാ ജോലികളും സ്വതന്ത്ര സോഫ്റ്റ്‌വെയറുപയോഗിച്ച് ചെയ്യാൻ സാധിച്ചില്ലെങ്കിൽ തുടർന്നും കുത്തക സോഫ്റ്റ്‌വെയറുകൾ തന്നെ ഉപയോഗിച്ച് കൊണ്ടിരിയ്ക്കും. അതുകൊണ്ട് തന്നെ ദീർഘകാലാടിസ്ഥാനത്തിൽ കൂടുതലാളുകൾ സ്വതന്ത്ര സോഫ്റ്റ്‌വെയറുപയോഗിയ്ക്കണമെന്ന് നിങ്ങളാഗ്രഹിയ്ക്കുന്നെങ്കിൽ എല്ലാറ്റിനുമുപരിയായി നമ്മൾ കൂടുതൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ വികസിപ്പിയ്ക്കേണ്ടതുണ്ട് .

നേരിട്ടിതു് ചെയ്യാനുള്ള ഏറ്റവും നല്ല വഴി ആവശ്യമായ സ്വതന്ത്ര സോഫ്റ്റ്‌വെയറുകളും മാനുവലുകളും നിങ്ങൾ സ്വയം എഴുതുക എന്നതാണ്. പക്ഷേ നിങ്ങൾ വിതരണമാണ് ചെയ്യുന്നതെങ്കിൽ മറ്റുള്ളവരെഴുതുന്നതിനായി പണം സ്വരൂപിയ്ക്കുക എന്നതാണ് നിങ്ങൾക്ക് ചെയ്യാവുന്ന ഏറ്റവും നല്ല സഹായം. ''സോഫ്റ്റ്‌വെയറിന്റെ വിൽപ്പന'' എന്ന വാചകം ആശയക്കുഴപ്പമുണ്ടാക്കുന്നതുമാവാം

കൃത്യമായി പറഞ്ഞാൽ, ''വിൽപ്പന'' എന്നാൽ പണത്തിന് പകരം സാധനങ്ങൾ കൈമാറുക എന്നാണർത്ഥം. സ്വതന്ത്ര പ്രോഗ്രാമിന്റെ ഒരു പകർപ്പ് വിൽക്കുന്നതു് ന്യായമാണ്, ഞങ്ങളതു് പ്രോത്സാഹിപ്പിയ്ക്കുന്നതുമാണ്.

എന്നിരുന്നാലും, ''സോഫ്റ്റ്‌വെയറിന്റെ വിൽപ്പനയെന്നു'' പറയുമ്പോൾ അധികമാൾക്കാരും കരുതുന്നതു്, അതു് കൂടുതൽ കമ്പനികളും ചെയ്യുന്നതു് പോലെ കുത്തയാക്കിയിട്ടുള്ള രീതിയിലാണെന്നാണ്

അതുകൊണ്ട് തന്നെ ഈ ലേഖനം ചെയ്യുന്നതു് പോലെ ശ്രദ്ധാപൂർവ്വം വ്യത്യാസങ്ങൾ നിർവചിക്കപ്പെടുന്നില്ലെങ്കിൽ ''സോഫ്റ്റ്‌വെയറിന്റെ വിൽപ്പന'' എന്ന വാചകം ഒഴിവാക്കി മറ്റൊരു വാചകം തെരഞ്ഞെടുക്കുന്നതാണ് കൂടുതൽ അഭികാമ്യമെന്നാണ് ഞങ്ങൾ നിർദ്ദേശിയ്ക്കുന്നതു്. ഉദാഹരണത്തിന് ആശയക്കുഴപ്പമുണ്ടാക്കാത്ത തരത്തിൽ ''ഒരു തുക ഈടാക്കിക്കൊണ്ടുള്ള സ്വതന്ത്ര സോഫ്റ്റ്‌വെയർ വിതരണം'' എന്നോ മറ്റോ നിങ്ങൾക്ക് പറയാം. ഫീസിന്റെ ഏറ്റക്കുറച്ചിലും ഗ്നു ജിപിഎല്ലും.

ഒരു പ്രത്യേക സാഹചര്യത്തിലൊഴികെ സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ ഒരു പകർപ്പിന് എത്ര തുക ഈടാക്കാം എന്നതിന് ഗ്നു ജനറൽ പബ്ലിക് ലൈസൻസിന്(ഗ്നു ജിപിഎല്ലിന്) നിബന്ധനകളൊന്നുമില്ല. നിങ്ങൾക്ക് വേണമെങ്കിൽ വെറുതെ കൊടുക്കുകയോ ഒരു പൈസയോ ഒരു രൂപയോ അല്ലെങ്കിൽ നൂറ് കോടി രൂപയോ വാങ്ങാം. വില തീരുമാനിയ്ക്കുന്നതു് നിങ്ങളും വിപണിയുമായതുകൊണ്ട് തന്നെ ഒരു പകർപ്പിന് നൂറു കോടി തരാൻ ആരും ആഗ്രഹിയ്ക്കുന്നില്ലെങ്കിൽ ഞങ്ങളോട്ട് പരാതി പറയരുതു്.

ഇതിനൊരപവാദമുള്ളതു് ബൈനറികൾ അവയുടെ മുഴുവൻ സോഴ്സ് കോഡുമില്ലാതെ വിതരണം ചെയ്യുമ്പോൾ മാത്രമാണ്. ഇങ്ങനെ ചെയ്യുന്നവർ പിന്നീട് ചോദിച്ചാൽ സോഴ്സ് കോഡ് കൊടുക്കണമെന്നതാണ് ഗ്നു ജിപിഎൽ നിർബന്ധമാക്കിയിരിയ്ക്കുന്നതു്. സോഴ്സ് കോഡിനെത്ര തുക ഈടാക്കാമെന്ന് നിയന്ത്രണം വച്ചില്ലെങ്കിൽ അവർക്ക് നൂറ് കോടി പോലെ ആർക്കും കൊടുക്കാൻ പറ്റാത്തത്ര ഉയർന്ന കൂലി ചോദിയ്ക്കുന്നതിനും സോഴ്സ് ഒളിപ്പിച്ച് വച്ച് കൊണ്ട് തന്നെ സോഴ്സ് കോഡ് പുറത്തിറക്കുന്നതു് പോലെ അഭിനയിയ്ക്കാനും സാഹചര്യമൊരുക്കും. അതുകൊണ്ട് തന്നെ ഈ സാഹചര്യത്തിലാണ് ഉപയോക്താക്കളുടെ സ്വാതന്ത്ര്യം ഉറപ്പാക്കാൻ സോഴ്സിനീടാക്കാവുന്ന തുകയ്ക്ക് ഞങ്ങൾ നിയന്ത്രണം വച്ചതു്. എന്നിരുന്നാലും സാധാരണ സന്ദർഭങ്ങളിൽ വിതരണക്കൂലി നിയന്ത്രിയ്ക്കാൻ യാതൊരു ന്യായീകരണവുമില്ല എന്നതു് കൊണ്ട് തന്നെ ഞങ്ങളവ നിയന്ത്രിയ്ക്കുന്നില്ല.

ചിലപ്പോഴൊക്കെ ഗ്നു ജിപിഎൽ അനുവദിയ്ക്കുന്ന പ്രവൃത്തികളുടെ അതിർ വരമ്പുകൾ മുറിച്ച് കടക്കുന്ന കമ്പനികൾ ''ഗ്നു സോഫ്റ്റ്‌വെയറിന് ഞങ്ങൾ തുക ഈടാക്കുകയില്ല'' എന്നൊക്കെ പറഞ്ഞ് അനുമതിയ്ക്കായി വാദിക്കാറുണ്ട്. ഇങ്ങനെ അവർക്കൊന്നും നേടാനാവില്ല. സ്വതന്ത്ര സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യത്തെക്കുറിച്ചും, ജിപിഎൽ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനേപറ്റിയും പറയുന്നു. ഉപയോക്താക്കളുടെ സ്വാതന്ത്ര്യം കാത്ത് സൂക്ഷിയ്ക്കുമ്പോൾ, വിതരണത്തിന് എത്ര തുക ഈടാക്കി എന്നുള്ള അപ്രധാന വിഷയങ്ങളൊന്നും ഞങ്ങളെ ബാധിയ്ക്കാറില്ല. ഇവിടെ വിഷയം സ്വാതന്ത്ര്യമാണ് പ്രശ്നം, മുഴുവൻ പ്രശ്നവും സ്വാതന്ത്ര്യമാണ്, ഏക പ്രശ്നവും സ്വാതന്ത്ര്യം മാത്രമാണ്

## 1.5 മൈക്രോസോഫ്റ്റാണോ വലിയ ചെകുത്താൻ?

സോഫ്റ്റ്‌വെയർ വ്യവസായത്തിനാകെ നാശം വരുത്തുന്ന ചെകുത്താനായിട്ടാണ് മൈക്രോസോഫ്റ്റിനെ പലരും കരുതുന്നത്. മൈക്രോസോഫ്റ്റിനെ ബഹിഷ്കരിയ്ക്കുക എന്നൊരു പ്രചരണവുമുണ്ട്. സ്വതന്ത്ര സോഫ്റ്റ്‌വെയറിനോട് വിരോധം കാണിയ്ക്കുക വഴി മൈക്രോസോഫ്റ്റ് ഈ വിശ്വാസത്തെ ഊട്ടിയുറപ്പിയ്ക്കുകയും ചെയ്തു.

സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിലെ ഞങ്ങളുടെ വീക്ഷണം പക്ഷേ വ്യത്യസ്തമാണ്. സോഫ്റ്റ്‌വെയർ ഉപയോക്താക്കൾക്കാകമാനം മോശമായ രീതിയിൽ മൈക്രോസോഫ്റ്റ് പലതും ചെയ്യുന്നതായാണ് ഞങ്ങൾ കാണുന്നത്. സോഫ്റ്റ്‌വെയറിന്റെ കുത്തകവത്കരണവും അതുവഴി ഉപയോക്താക്കൾക്കവകാശപ്പെട്ട സ്വാതന്ത്ര്യനിഷേധവും ആണത്.

പക്ഷേ മൈക്രോസോഫ്റ്റ് മാത്രമല്ല ഇതെല്ലാം ചെയ്യുന്നത്. മിക്ക സോഫ്റ്റ്‌വെയർ കമ്പനികളും ഉപയോക്താക്കളോട് ചെയ്യുന്നതിതു തന്നെയാണ്. മൈക്രോസോഫ്റ്റിനെക്കാൾ കുറച്ചു ഉപയോക്താക്കളുടെ മേൽ ആധിപത്യം നേടാനേ മറ്റുള്ളവർക്ക് കഴിഞ്ഞുള്ളൂ എന്നതു് അവർ ശ്രമിയ്ക്കാഞ്ഞിട്ടല്ല.

മൈക്രോസോഫ്റ്റിനെ വെറുതെവിടാനല്ല ഇതു പറഞ്ഞത്. ഉപയോക്താക്കളെ വിഭജിയ്ക്കുകയും അവരുടെ സ്വാതന്ത്ര്യത്തെ ഹനിയ്ക്കുകയും ചെയ്യുകയെന്ന സോഫ്റ്റ്‌വെയർ ഇൻഡസ്ട്രിയുടെ സ്വഭാവത്തിൽ നിന്നുള്ള സ്വാഭാവികമായ ആവിർഭാവമാണ് മൈക്രോസോഫ്റ്റ്. മൈക്രോസോഫ്റ്റിനെ വിമർശിയ്ക്കുമ്പോൾ കുത്തക സോഫ്റ്റ്‌വെയർ ഉണ്ടാക്കുന്ന മറ്റു സോഫ്റ്റ്‌വെയർ കമ്പനികളെ നാം മറന്നുകൂടാ. സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിൽ നാം കുത്തക സോഫ്റ്റ്‌വെയറുകൾ ഉപയോഗിയ്ക്കുന്നില്ല— മൈക്രോസോഫ്റ്റിന്റെ മാത്രമല്ല, മറ്റാരുടെയും.

1998 ഒക്ടോബറിൽ പുറത്തുവിട്ട ''ഹാലോവീൻ രേഖകളില്'' സ്വതന്ത്ര സോഫ്റ്റ്‌വെയർ വികസനം തടയാനുള്ള വിവിധ പദ്ധതികൾ മൈക്രോസോഫ്റ്റ് ഉദ്യോഗസ്ഥർ വിശദീകരിച്ചിരുന്നു. പ്രത്യേകിച്ചും, രഹസ്യ പ്രോട്ടോക്കോളുകളും രഹസ്യ ഫയൽ ഫോർമാറ്റുകളും ഉണ്ടാക്കുകയും, സോഫ്റ്റ്‌വെയർ അൽഗോരിതങ്ങളും സവിശേഷതകളും പേറ്റന്റ് ചെയ്യുകയും ചെയ്യുന്നതിനെപ്പറ്റി.

ഇത്തരം പിന്തിരിപ്പൻ പദ്ധതികൾ പുത്തനല്ല; മൈക്രോസോഫ്റ്റും മറ്റു സോഫ്റ്റ്‌വെയർ കമ്പനികളും വർഷങ്ങളായി ചെയ്തു വരുന്നതാണിത്. പക്ഷേ, പണ്ട് അവരുടെ പ്രചോദനം, ഏറെക്കുറെ പരസ്പരം ആക്രമിക്കുന്നതിലായിരുന്നെങ്കിൽ, ഇപ്പോൾ നമ്മളാണ് ലക്ഷ്യമെന്നു തോന്നുന്നു. പക്ഷേ പ്രചോദനത്തിലുള്ള വ്യത്യാസം പ്രായോഗികമായ മാറ്റങ്ങളൊന്നുമുണ്ടാക്കില്ല. കാരണം, സോഫ്റ്റ്‌വെയർ പേറ്റന്റുകളും രഹസ്യ സങ്കേതങ്ങളും എല്ലാവരെയും ബാധിയ്ക്കുന്നതാണ്, ''ലക്ഷ്യത്തെ മാത്രമല്ല''.

രഹസ്യ സങ്കേതങ്ങളും പേറ്റന്റുകളും സ്വതന്ത്ര സോഫ്റ്റ്‌വെയറിന് ഭീഷണി തന്നെയാണ്. പണ്ട് അവ വലിയതോതിൽ നമ്മുടെ വഴിമുടക്കിയിട്ടുണ്ട്. ഭാവിയിലും വർദ്ധിത വീര്യത്തോടെ അവരതു് ചെയ്യുമെന്ന് നാം പ്രതീക്ഷിക്കണം. പക്ഷേ മൈക്രോസോഫ്റ്റ് നമ്മളെ ശ്രദ്ധിച്ചിരുന്നില്ലെങ്കിലും ഏറെക്കുറെ ഇതൊക്കെ തന്നെ സംഭവിക്കുമായിരുന്നു. ഗ്നു/ലിനക്സ് സിസ്റ്റ ത്തിന് വൻ വിജയസാധ്യതയുണ്ടെന്ന് മൈക്രോസോഫ്റ്റ് കരുതിയിരുന്നിരിക്കാം എന്നാതാണ് ''ഹാലോവീൻ രേഖകളുടെ'' സാംഗത്യം

മൈക്രോസോഫ്റ്റേ നന്ദി, പക്ഷെ ദയവായി വഴിമുടക്കരുത്

# 2 ഭാഗം - രണ്ട്

## 2.1 നിങ്ങളുടെ സ്വാതന്ത്ര്യത്തിനു് സ്വതന്ത്ര സോഫ്റ്റ്‌വെയർ ആവശ്യമാണു്

ഇന്റർനെറ്റിലെ സെൻസർഷിപ്പിലൂടേയും, സൂക്ഷ്മനിരീക്ഷണത്തിലൂടേയും , ഗവൺമെന്റുകൾ ,കമ്പ്യൂട്ടർ ഉപയോക്താക്കളുടെ മാനുഷികാവകാശങ്ങൾക്ക് ഭീഷണിയുയർത്തുന്നു എന്നതു് നമ്മളിൽ കുറേ പേർക്കറിയാം. പക്ഷെ, അവരവരുടെ വീട്ടിലേയോ പണിയിടങ്ങളിലേയോ കമ്പ്യൂട്ടറുകളിൽ ഉപയോഗിയ്ക്കുന്ന സോഫ്റ്റ്‌വെയറുകൾ ഇതിലും വലിയ ഭീഷണിയാകാമെന്ന് അധികമാളുകളും തിരിച്ചറിയുന്നില്ല.

കൂടുതൽ കമ്പ്യൂട്ടറിലും ഉപയോഗിയ്ക്കുന്നതു് സ്വതന്ത്രമല്ലാത്ത കുത്തക സോഫ്റ്റ്‌വെയറുകളാണു്. അതു് നിയന്ത്രിയ്ക്കുന്നതു് സോഫ്റ്റ്‌വെയർ കമ്പനികളാണു്, ഉപയോക്താക്കളല്ല. ഈ പ്രോഗ്രാമുകൾ എന്താണു് ചെയ്യുന്നതെന്ന് ഉപയോക്താക്കൾക്ക് നോക്കാൻ സാധിക്കില്ല, അവർക്കിഷ്ടമല്ലാത്തതെന്തെങ്കിലും ചെയ്യുന്നതു് നിർത്താനും സാധിക്കില്ല. വേറൊരു രീതിയേയും പറ്റി അറിയാത്തതുകൊണ്ട്, കൂടുതലാളുകളും ഇതു് സമ്മതിയ്ക്കും, പക്ഷെ സോഫ്റ്റവെയർ എഴുത്തുകാർക്ക്, ഉപയോക്താക്കളുടെ മേൽ അധികാരം കൊടുക്കുന്നതു് എന്തായാലും തെറ്റാണു്.

അന്യായമായ അധികാരം, സാധാരണപോലെ, കൂടുതൽ ദ്രോഹങ്ങൾ ചെയ്യാൻ പ്രേരിപ്പിയ്ക്കുന്നു. ഒരു കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിച്ചിരിയ്ക്കുകയും, അതിലെ സോഫ്റ്റ്‌വെയറിനെ നിങ്ങൾക്ക് നിയന്ത്രിയ്ക്കാൻ കഴിയാത്ത സ്ഥിതിയിലുമാണെങ്കിൽ, അതിനു് വളരെയെളുപ്പം നിങ്ങളുടെ മേൽ ചാരപ്പണി നടത്താം. മൈക്രോസോഫ്റ്റ് വിൻഡോസ് ഉപയോക്താക്കളുടെ മേൽ ചാരപ്പണി നടത്തുന്നുണ്ട്; ഉദാഹരണത്തിനു് ഉപയോക്താവു് സ്വന്തം ഫയലുകളിൽ ഏതൊക്കെ വാക്കുകൾ തിരയുന്നു, മറ്റേതെല്ലാം സോഫ്റ്റ്‌വെയറുകൾ ഇൻസ്റ്റൾ ചെയ്തിട്ടുണ്ട് എന്നെല്ലാം അതു് ചോർത്തുന്നു. റിയൽ പ്ലെയറും ചാരപ്പണി ചെയ്യുന്നു; ഉപയോക്താവെന്താണു് പാടിയ്ക്കുന്നതെന്നാണു് അതറിയിയ്ക്കുന്നതു്. സെൽ ഫോണുകൾ മൊത്തം സ്വതന്ത്രമല്ലാത്ത സോഫ്റ്റ്‌വെയറുകളാണു് അതെല്ലാം ചാരപ്പണിനടത്തുന്നു. സെൽഫോണുകൾ 'ഓഫ്' ആയിരിയ്ക്കുമ്പോഴും അതിരിയ്ക്കുന്ന സ്ഥലത്തേക്കുറിച്ചുള്ള വിവരങ്ങൾ അയച്ചുകൊണ്ടേയിരിയ്ക്കുന്നു, കുറേയെണ്ണത്തിനു്, കൂടുതൽ വ്യക്തമായ ജിപിഎസ്(GPS) അനുസരിച്ചുള്ള വിവരങ്ങളാണു് അയയ്ക്കുന്നതു്, നിങ്ങൾക്ക് വേണമെങ്കിലും, വേണ്ടെങ്കിലും. ചില ഇനങ്ങളെ ദൂരെ നിന്നു തന്നെ നിയന്ത്രിയ്ക്കാവുന്ന രീതിയുള്ളതാണു്. ഈ ഉപദ്രവകരമായ ഭാഗങ്ങളെ നിയന്ത്രണം നേരെയാക്കാൻ ഉപയോക്താക്കൾക്ക് കഴിയില്ല

ചില കുത്തക സോഫ്റ്റ്‌വെയറുകൾ നിർമ്മിച്ചിരിയ്ക്കുന്നതു്, ഉപയോക്താക്കളെ നിയന്ത്രിയ്ക്കാനും, ആക്രമിയ്ക്കാനുമാണു്. വിൻഡോസ് വിസ്റ്റ ഈ മേഖലയിലുള്ള വലിയ മുന്നേറ്റമാണു്;പുതിയ മാതൃകയിലുള്ള ഹാർഡ്‌വെയറുകളിൽ, പൊളിയ്ക്കാൻ പറ്റാത്ത നിയന്ത്രണങ്ങളേർപ്പെടുത്താൻ പറ്റും എന്നതുകൊണ്ടാണു്, വിൻഡോസ് വിസ്റ്റ, പഴയ കമ്പ്യൂട്ടറുകൾ മാറ്റാനായി ആവശ്യപ്പെടുന്നതു്. അതിനായി പുതിയ കമ്പ്യൂട്ടറുകൾക്ക് പണം മുടക്കാനും ഉപയോക്താക്കളോട്ട് മൈക്രോസോഫ്റ്റ് ആവശ്യപ്പെടുന്നു. കമ്പനി അധികാരികൾക്ക് നിർബന്ധിത പുതുക്കൽ സാധ്യമാകുന്ന രീതിയിലാണു് അതു് നിർമ്മിച്ചിരിയ്ക്കുന്നതു്. ഇതുകൊണ്ടാണു് ബാഡ്‌വിസ്റ്റ എന്ന പ്രചരണം തുടങ്ങിയതു്. വിൻഡോസ് ഉപയോക്താക്കളോട്ട് വിസ്റ്റയിലേയ്ക്ക് 'പുതുക്കരുതു്' എന്നാണു് ആ പ്രചരണം ആഹ്വാനം ചെയ്യുന്നതു്. മാക്ക് ഓഎസ്സിലും(Mac OS) അതിന്റെ ഉപയോക്താക്കളെ നിയന്ത്രിയ്ക്കാനുള്ള സംവിധാനങ്ങളുണ്ട്.

മുൻപ് യുഎസ്സ് ഭരണകൂടത്തിനായി, മൈക്രോസോഫ്റ്റ് പിൻവാതിലുകൾ സ്ഥാപിച്ചിരുന്നു(ലേഖനം ഇവിടെ). അതിന്റെ തുടർച്ചക്കാർ ഇപ്പോഴുമുണ്ടോ എന്ന് നമുക്ക് പരിശോധിയ്ക്കാൻ സാധ്യമല്ല. മറ്റ് കുത്തക സോഫ്റ്റ്‌വെയറുകളിലും പിൻവാതിലുകൾ ഉണ്ടാവുകയോ

ഉണ്ടാവതിരിയ്ക്കുകയോ ചെയ്യാം, പക്ഷെ നമ്മുക്കതു് പരിശോധിയ്ക്കാൻ പറ്റാത്തിടത്തോളം കാലം അതിനെ വിശ്വസിയ്ക്കാനാവില്ല.

നിങ്ങളുടെ സോഫ്റ്റ്‌വെയര് നിങ്ങൾക്ക് വേണ്ടിയാണു് പ്രവർത്തിയുക്കുന്നതെന്നു് ഉറപ്പിയ്ക്കാനുള്ള ഏകവഴി സ്വതന്ത്ര സോഫ്റ്റ്‌വെയറുപയോഗിയ്ക്കുക എന്നതാണു്. എന്നുവച്ചാൽ, ഉപയോക്താവിനു് അതിന്റെ സോഴ്സ് കോഡ് ലഭ്യമാവും, അതു് പഠിയ്ക്കാനും മാറ്റംവരുത്താനുമുള്ള സ്വാതന്ത്ര്യമുണ്ടാകും, അതിൽ മാറ്റം വരുത്തിയോ അല്ലാതെയോ പുനർവിതരണം നടത്താനുള്ള സ്വാതന്ത്ര്യവുമുണ്ടാകും. ഉപയോക്താക്കളുടെ സ്വാതന്ത്ര്യത്തിനായി പ്രത്യേകം നിർമ്മിച്ച ഗ്നു/ലിനക്സ് പ്രവർത്തകത്തിൽ, ഓഫീസ് പ്രയോഗങ്ങൾ, മൾട്ടീമീഡിയ, കളികൾ, തുടങ്ങി നിങ്ങൾക്ക് കമ്പ്യൂട്ടർ കൊണ്ടു് വേണ്ടതെല്ലാം ഉണ്ടു്. മുഴുവൻ സ്വതന്ത്രമായ ഒരു ഗ്നു/ലിനക്സ് പ്രവർത്തകത്തെ പറ്റിയറിയാൻ gNewSense.org

സാമൂഹ്യ പ്രവർത്തകർ കുത്തക സോഫ്റ്റ്‌വെയർ ഉപയോഗിയ്ക്കുമ്പോൾ ഒരു പ്രത്യേക പ്രശ്നമുണ്ടു്, ആ സോഫ്റ്റ്‌വെയർ നിയന്ത്രിയ്ക്കുന്ന, അതിന്റെ നിർമ്മാതാക്കൾ, അവർ എതിർക്കാനാഗ്രഹിയ്ക്കുന്ന കമ്പനികളായിരിയ്ക്കാം— അല്ലെങ്കിൽ അവരെ തിർക്കുന്ന നയങ്ങളുള്ള രാഷ്ട്രങ്ങൾ ഇത്തരം കമ്പനികളുടെ ആഗ്രഹിത്തിനായി പ്രവർത്തിയ്ക്കുകയായിരിയ്ക്കും. ഒരു കുത്തക സോഫ്റ്റ്‌വെയർ കമ്പനി, അതു്, മൈക്രോസോഫ്റ്റ്, ആപ്പിൾ, അഡോബ്, സ്കൈപ്പ്, തുടങ്ങി ആരായാലും, നമ്മുടെ സോഫ്റ്റ്‌വെയർ നിയന്ത്രിയ്ക്കുന്നു എന്നാൽ, നമ്മൾ, എന്തു് ആരോടു് സംസാരിയ്ക്കണമെന്നു് അവർ തീരുമാനിയ്ക്കും എന്നാണു്. ഇതു് നമ്മുടെ ജീവിതത്തിന്റെ എല്ലാത്തുറയിലുമുള്ള സ്വാതന്ത്ര്യത്തേയും ബാധിയ്ക്കുന്നു.

നിങ്ങളുടെ എഴുത്തുകളും, കത്തകളും ഒരു കമ്പനിയുടെ സർവർ ഉപയോഗിച്ചു ചെയ്യുന്നതിലും, അപകടമുണ്ടു് — അതു് യുഎസ്സ് നിയമജ്ഞൻ മിഖായേൽ സ്പ്രിങ്മാൻ(Michael Springmann)പറ്റിയ പോലെ, നിങ്ങൾ ചൈനയിലാണെങ്കിൽ മാത്രമല്ല. 2003-ൽ, അദ്ദേഹം കക്ഷികളുമായി നടത്തിയ രഹസ്യ ചർച്ചകൾ, AOL എന്ന ഇന്റർനെറ്റ് കമ്പനി, പോലീസിനു് കൈമാറി, മാത്രമല്ല അയാളുടെ ഈമെയിൽ സന്ദേശങ്ങളും, വിലാസങ്ങളും അപ്രത്യക്ഷമാക്കി. അതിലെ ഒരു ജോലിക്കാരൻ സമ്മതിയ്ക്കുന്നതു് വരെ അതു് മനപൂർവ്വം സംഭവിച്ചതാണെന്നവർ സമ്മതിച്ചിരുന്നില്ല. വിവരങ്ങൾ തിരിച്ചു കിട്ടാനുള്ള ശ്രമം സ്പ്രിങ്മാൻ ഉപേക്ഷിയ്ക്കുകയും ചെയ്തു.

മനുഷ്യാവകാശങ്ങളെ മാനിയ്ക്കാത്ത ഒരേയൊരു രാഷ്ട്രമല്ല യു എസ്. അതുകൊണ്ടു് നിങ്ങളുടെ വിവരങ്ങൾ നിങ്ങളുടെ കമ്പ്യൂട്ടറിൽ തന്നെ സൂക്ഷിയ്ക്കുക, വിവര സൂക്ഷിപ്പുകൾ നിങ്ങളുടെ പക്കൽ തന്നെ വയ്ക്കുക— നിങ്ങളുടെ കമ്പ്യൂട്ടർ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ചു് പ്രവർത്തിപ്പിയ്ക്കുകയും ചെയ്യുക.

## 2.2 ഗ്നു പ്രവർത്തക സംവിധാനം ഒറ്റനോട്ടത്തിൽ

പൂർണ്ണമായും സ്വതന്ത്രമായതും 'യുനിക്സ്'-നോട് അനുസൃതമായതും ആയ ഒരു പ്രവർത്തക സംവിധാനമാണു് ഗ്നു.GNU എന്നാൽ “GNU's Not Unix ”.1983 സെപ്റ്റമ്പറിൽ റിച്ചാർഡ് സ്റ്റാൾമാൻ ഗ്നു സംരംഭത്തിന്റെ ആദ്യ പ്രഖ്യാപനം നടത്തി.1985 സെപ്റ്റമ്പറിൽ കുറച്ചു് കൂടി വിപുലീകരിച്ച ഗ്നു തത്ത്വസംഹിത പുറത്തുവന്നു.മറ്റു പല ഭാഷകളിലേയ്ക്കും ഇതു് പരിഭാഷപ്പെടുത്തിയിട്ടുണ്ടു്.

ചില സൌകര്യങ്ങൾ കണക്കിലെടുത്താണു് ‘‘ഗ്നു’’ എന്ന പേരു് തിരഞ്ഞെടുത്തതു്. ആദ്യം അതിനു് “GNU's Not Unix”(GNU) എന്ന വിശദീകരണമുണ്ടു് പിന്നെ അതു് ഒരു യഥാർത്ഥ വാക്കാണു്, മൂന്നാമതായി അതിന്റെ ഉച്ചാരണത്തിൽ ഒരു സൌന്ദര്യമുണ്ടു്

‘‘ഫ്രീ സോഫ്റ്റ്‌വെയർ’’-ലെ ‘‘ഫ്രീ’’ എന്ന പദം വിലയെ അല്ല സ്വാതന്ത്ര്യത്തേയാണു് സൂചിപ്പിയ്ക്കുന്നതു്. ഗ്നു സോഫ്റ്റ്‌വെയർ നിങ്ങൾക്കു് വില കൊടുത്തോ കൊടുക്കാതെയോ വാങ്ങാം.ഏതു് നിലയ്ക്കായാലും, നിങ്ങളുടെ പക്കൽ സ്വതന്ത്ര സോഫ്റ്റ്‌വെയറുണ്ടെങ്കിൽ അതുപയോഗിയ്ക്കുന്നതിൽ മൂന്നു് കൃത്യമായ സ്വാതന്ത്ര്യവും നിങ്ങൾക്കുണ്ടു്. ആ സ്വാതന്ത്ര്യം പകർത്തി വിതരണം ചെയ്യാനും , ആവശ്യാനുസരണം മാറ്റം വരുത്തുവാനും ,സമൂഹത്തിനു് ഉപയോഗപ്രദമായ രീതിയിൽ പുതുക്കിയ പതിപ്പ് വിതരണം ചെയ്യുവാനും

ഉള്ളതാണ്.(നിങ്ങള്‍ക്ക് ലഭിച്ച ഗ്നു സോഫ്റ്റ്‌വെയര്‍ വേറൊരാള്‍ക്ക് വില്‍ക്കാനോ വെറുതെ നല്‍കാനോ നിങ്ങള്‍ക്കവകാശമുണ്ട്.)

ഗ്നു പ്രവര്‍ത്തക സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള സംരംഭമാണ് ഗ്നു സംരംഭം. കമ്പ്യൂട്ടിങ്ങിന്റെ ലോകത്ത് നിലനിന്നിരുന്ന പരസ്പര സഹകരണം ഊട്ടി ഉറപ്പിയ്ക്കുന്നതിനുള്ള ഒരു മാര്‍ഗ്ഗം എന്ന നിലയിലാണ് 1983-ല്‍ ഗ്നു സംരംഭം ഉടലെടുത്തത് — പരസ്പര സഹകരണത്തിന് കുത്തക സോഫ്റ്റ്‌വെയര്‍ ഉടമകള്‍ ഉണ്ടാക്കിത്തീര്‍ത്ത തടസ്സങ്ങള്‍ തട്ടിനീക്കുന്നതിനും.

1971-ല്‍ റിച്ചാര്‍ഡ് സ്റ്റാള്‍മാന്‍ ,എം ഐ റ്റി-യില്‍ തന്റെ ഔദ്യോഗിക ജീവിതം ആരംഭിയ്ക്കുമ്പോള്‍ സ്വതന്ത്ര സോഫ്റ്റ്‌വെയര്‍ മാത്രം ഉപയോഗിയ്ക്കുന്ന ഒരു സംഘത്തില്‍ അദ്ദേഹം പ്രവര്‍ത്തിച്ചു.കമ്പ്യൂട്ടര്‍ കമ്പനികള്‍ പോലും പലപ്പോഴും സ്വതന്ത്ര സോഫ്റ്റ്‌വെയര്‍ വിതരണം ചെയ്തിരുന്നു. പ്രോഗ്രാമര്‍-മാര്‍ക്ക് പരസ്പരം സഹകരിയ്ക്കാന്‍ സ്വാതന്ത്ര്യമുണ്ടായിരുന്നു, അവരതുപയോഗിച്ചിരുന്നു.

എണ്‍പതുകളോടെ ഏകദേശം എല്ലാ സോഫ്റ്റ്‌വെയറും കുത്തകവത്കരിയ്ക്കപ്പെട്ടു. എന്നുവച്ചാല്‍ ഉപഭോക്താക്കളുടെ പരസ്പര സഹകരണം തടയുന്ന വിധത്തില്‍ അതിന് ഉടമസ്ഥരുണ്ടായി എന്നര്‍ത്ഥം. ഇതാണ് ഗ്നു സംരംഭത്തിന്റെ അനിവാര്യതയിലേയ്ക്ക് നയിച്ചത്.

എല്ലാ കമ്പ്യൂട്ടര്‍ ഉപഭോക്താക്കള്‍ക്കും ഒരു പ്രവര്‍ത്തക സംവിധാനം ആവശ്യമാണ് ;സ്വതന്ത്രമായ ഒരു പ്രവര്‍ത്തക സംവിധാനത്തിന്റെ അഭാവത്തില്‍ കുത്തക സോഫ്റ്റ്‌വെയറിനെ ആശ്രയിയ്ക്കാതെ നിങ്ങള്‍ക്ക് കമ്പ്യൂട്ടര്‍ ഉപയോഗിച്ചു തുടങ്ങാന്‍ തന്നെ സാധ്യമല്ല. അതുകൊണ്ട് തന്നെ സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ കാര്യപരിപാടിയില്‍ ആദ്യത്തേത് ഒരു പ്രവര്‍ത്തക സംവിധാനമാണ്.

യുനിക്സിന് തെളിയിക്കപ്പെട്ട ഒരു രൂപകല്‍പന ഉണ്ടായിരുന്നതു കൊണ്ടും, യുനിക്സ് ഉപഭോക്താക്കള്‍ക്ക് എളുപ്പത്തില്‍ മാറ്റി ഉപയോഗിയ്ക്കാമെന്നുള്ളതുകൊണ്ടും ,യുനിക്സിന് അനുസൃതമായ ഒരു പ്രവര്‍ത്തക സംവിധാനം ഉണ്ടാക്കാന്‍ തീരുമാനിച്ചു.

യുനിക്സിനെ പോലുള്ള ഒരു പ്രവര്‍ത്തക സംവിധാനം,കേര്‍ണല്‍ എന്നതിലും വളരെ വലുതാണ്.അതില്‍ കമ്പൈലറുകള്‍,രചന എഴുത്തിടങ്ങള്‍,രചന ചിട്ടപ്പെടുത്തുന്ന പ്രയോഗങ്ങള്‍,കത്ത് കൈകാര്യം ചെയ്യുന്ന പ്രയോഗങ്ങള്‍ തുടങ്ങി കുറേയുണ്ട്.അതുകൊണ്ട് തന്നെ പൂര്‍ണ്ണമായ ഒരു പ്രവര്‍ത്തക സംവിധാനം നിര്‍മ്മിയ്ക്കുക എന്നത് വളരെ വലിയ പണിയാണ്.1984 ജനുവരിയിലാണ് ഞങ്ങള്‍ തുടങ്ങിയത്.അത് ഒരുപാട് വര്‍ഷമെടുത്തു. ഗ്നു സംരംഭത്തിന്റെ സഹായത്തിനായി ധനം സ്വരൂപിയ്ക്കുക എന്ന ലക്ഷ്യത്തോടെ 1985 ഒക്ടോബറില്‍ സ്വതന്ത്ര സോഫ്റ്റ്‌വെയര്‍ ഫൌണ്ടേഷന്‍ സ്ഥാപിതമായി.

1990-ഓടെ കേര്‍ണല്‍ ഒഴികെ മറ്റെല്ലാ പ്രധാന ഘടകങ്ങളും എഴുതുകയോ കണ്ടെത്തുകയോ ചെയ്തു. പിന്നീട് 1991-ല്‍ ലിനസ് ടോര്‍വാള്‍ഡ്സ് യുനിക്സ് മാതൃകയിലുള്ള ലിനക്സ് എന്ന കേര്‍ണല്‍ നിര്‍മ്മിയ്ക്കുകയും 1992-ല്‍ അത് സ്വതന്ത്ര സോഫ്റ്റ്‌വെയര്‍ ആക്കുകയും ചെയ്തു.ലിനക്സ് എന്ന കേര്‍ണലും ഏതാണ്ട് പൂര്‍ണ്ണമായ ഗ്നു -വും ചേര്‍ന്ന് ഒരു പൂര്‍ണ്ണ പ്രവര്‍ത്തക സംവിധാനമായി അതാണ് :ഗ്നു/ലിനക്സ്.സ്ലാക്ക്‌വെയര്‍, ഡെബിയന്‍,റെഡ്ഹാറ്റ് തുടങ്ങി പല പല വകഭേദങ്ങളായി,നൂറു ലക്ഷത്തില്‍ പരം ആള്‍ക്കാര്‍ ഇപ്പോള്‍ ഗ്നു/ലിനക്സ് ഉപയോഗിയ്ക്കുന്നുണ്ട് എന്ന് കണക്കുകള്‍ സൂചിപ്പിയ്ക്കുന്നു.

(ലിനക്സിന്റെ ഔദ്യോഗിക പതിപ്പില്‍ ഇപ്പോള്‍ സ്വതന്ത്രമല്ലാത്ത ഫേംവെയര്‍ "ബ്ലോബുകള്‍" ഉണ്ട്. സ്വതന്ത്ര സോഫ്റ്റ്‌വെയര്‍ പ്രവര്‍ത്തകര്‍ ഇപ്പോള്‍ ലിനക്സിന്റെ സ്വതന്ത്രമായ ഒരു പതിപ്പ് പരിപാലിയ്ക്കുന്നുണ്ട് )

എന്നാല്‍ വെറും പ്രവര്‍ത്തക സംവിധാനത്തില്‍ മാത്രം ഒതുങ്ങുന്നതല്ല ഗ്നു സംരംഭം. പൊതുവെ ഉപഭോക്താക്കള്‍ക്ക് ആവശ്യമുള്ള എല്ലാ സോഫ്റ്റ്‌വെയറും നിര്‍മ്മിയ്ക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. അതില്‍ പ്രത്യേക ജോലിയ്ക്കുള്ള പ്രയോഗങ്ങളും ഉള്‍പ്പെടുന്നു. സ്വതന്ത്ര സോഫ്റ്റ്‌വെയര്‍ ഡയറക്ടറി-യില്‍ അതുപോലുള്ള സോഫ്റ്റ്‌വെയറുകളുടെ വിശദമായി ഒരു പട്ടിക തന്നെയുണ്ട്.

കമ്പ്യൂട്ടർ വിദഗ്ധരല്ലാത്തവർക്കും സോഫ്റ്റ്‌വെയർ നൽകാൻ ഞങ്ങളാഗ്രഹിയ്ക്കുന്നു. അതുകൊണ്ട് തുടക്കക്കാർക്ക് ഗ്നു ഉപയോഗിയ്ക്കാനായി ഒരു ഗ്രാഫിയ്ക്കൽ പണിയിടം (ഗ്നോം എന്ന പേരിൽ) ഞങ്ങൾ നിർമ്മിച്ചു.

കളികളും മറ്റു വിനോദങ്ങളും നിർമ്മിയ്ക്കാനും ഞങ്ങൾക്ക് ആഗ്രഹമുണ്ട്. സ്വതന്ത്ര സോഫ്റ്റ്‌വെയർ ആയ കുറച്ച് കളികൾ ഇപ്പോൾ തന്നെ ലഭ്യമാണ്.

സ്വതന്ത്ര സോഫ്റ്റ്‌വെയറിന് ഏതു വരെ പോകാം? പേറ്റന്റ് വ്യവസ്ഥ പോലുള്ള നിയമങ്ങൾ സ്വതന്ത്ര സോഫ്റ്റ്‌വെയറിനു മൊത്തമായി വിലങ്ങുതടിയാകുന്നതൊഴിച്ചാൽ, ഇത് നിസ്സീമം തുടരും. കമ്പ്യൂട്ടർ ഉപഭോക്താക്കൾക്ക് ആവശ്യമായ എല്ലാ കാര്യത്തിനും സ്വതന്ത്ര സോഫ്റ്റ്‌വെയർ നിർമ്മിയ്ക്കുക എന്നതാണ് പരമമായ ലക്ഷ്യം-അങ്ങിനെ കുത്തക സോഫ്റ്റ്‌വെയർ കാലഹരണപ്പെട്ടുപോകുന്നതും.

## 2.3 സാമൂഹ്യ ജഡതയെ മറികടക്കൽ

ഒരു പി.സി സ്വാതന്ത്ര്യത്തോടെ ഉപയോഗിക്കാറാക്കിയ ഗ്നുവിന്റെയും ലിനക്സിന്റെയും സംയോഗം നടന്നിട്ട് 15 കൊല്ലങ്ങൾ കടന്നുപോയിരിക്കുന്നു. ഇക്കാലത്തിനിടയ്ക്ക് നാം വളരെ മുന്നോട്ടു പോയിരിക്കുന്നു. ഗ്നു/ലിനക്സ് ഇൻസ്റ്റാൾ ചെയ്തിരിക്കുന്ന ഒരു ലാപ്‌ടോപ്പ് ഇപ്പോൾ നിങ്ങൾക്ക് ഒന്നിലധികം ഹാർഡ്‌വെയർ വിതരണക്കാരിൽ നിന്നു വാങ്ങാം. ഈ സിസ്റ്റങ്ങൾ പൂർണ്ണമായും സ്വതന്ത്രമല്ലെങ്കിലും. അപ്പോൾ പൂർണ്ണ വിജയത്തിൽ നിന്നും നമ്മെ തടയുന്നതെന്ത്?

സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യത്തിന്റെ വൻ വിജയത്തിന് പ്രധാന തടസ്സമായിനിൽക്കുന്നത് സാമൂഹ്യ ജഡത്വമാണ്. നിങ്ങൾ തീർച്ചയായും ഇതു പല രീതിയിലും കണ്ടിരിക്കും. പല വ്യാവസായിക വെബ്സൈറ്റുകളും വിൻഡോസിൽ മാത്രമേ ഉപയോഗിയ്ക്കാനാവൂ. ബിബിസിയുടെ ഐപ്ലേയർ 'ഹാൻഡ്കഫ്‌വെയർ' വിൻഡോസിൽ മാത്രം ഓടുന്നതാണ്. സ്വാതന്ത്ര്യത്തെക്കാൾ താത്ക്കാലിക സൌകര്യങ്ങൾ നിങ്ങൾ വിലമതിക്കുന്നു എങ്കിൽ, വിൻഡോസുപയോഗിക്കാൻ ഈ കാരണങ്ങൾ മതി. പല കമ്പനികളും ഇപ്പോൾ വിൻഡോസുപയോഗിക്കുന്നു, അതുകൊണ്ട് ദീർഘവീക്ഷണമില്ലാത്ത വിദ്യാർത്ഥികൾ വിൻഡോസ് പഠിക്കുന്നു, വിദ്യാലയങ്ങളിൽ വിൻഡോസ് പഠിപ്പിക്കാൻ ആവശ്യപ്പെടുന്നു, അങ്ങനെ കൂടുതൽ വിദ്യാർത്ഥികൾ വിൻഡോസുപയോഗിക്കുന്നു. മൈക്രോസോഫ്റ്റാകട്ടെ, സജീവമായി ഈ ജഡത്വത്തെ പരിപോഷിപ്പിക്കുന്നു; മൈക്രോസോഫ്റ്റ് വിദ്യാലയങ്ങളെ നിരന്തരം വിൻഡോസിനെ ആശ്രയിക്കാൻ പ്രേരിപ്പിക്കുന്നു, വെബ് സൈറ്റുകളുണ്ടാക്കാൻ കരാറുണ്ടാക്കുന്നു, എന്നിട്ടോ അതു ഇന്റർനെറ്റ് എക്സ്പ്ലോററിൽ മാത്രം പ്രവർത്തിക്കുകയും ചെയ്യുന്നു.

കുറച്ചു വർഷങ്ങൾക്കു മുമ്പ് വിൻഡോസിനാണ് ഗ്നു/ലിനക്സിനെക്കാൾ വിലക്കുറവെന്നു മൈക്രോസോഫ്റ്റ് പരസ്യം ചെയ്തിരുന്നു. അവരുടെ വാദം പൊളിഞ്ഞു, അടിസ്ഥാനപരമായി അവരുടെ വാദമുഖങ്ങൾ സാമൂഹ്യ ജഡത്വത്തിലേയ്ക്ക് ചുരുങ്ങിപ്പോയി എന്നത് ശ്രദ്ധേയമാണ്. ഉദാഹരണത്തിന് ''ഇക്കാലത്ത് കൂടുതൽ സാങ്കേതികവിദഗ്ധർക്കും അറിയുന്നത് ഗ്നു/ലിനക്സിനേക്കാൾ വിൻഡോസാണ്'' എന്ന വാദം. സ്വാതന്ത്ര്യത്തെ വിലമതിക്കുന്ന ആളുകൾ, പണം ലാഭിയ്ക്കാൻ വേണ്ടി അതുപേക്ഷിക്കാൻ തയ്യാറാകില്ല. പക്ഷേ ആശയപരമായി തങ്ങളുടെ കൈയ്യിലുള്ളതെന്തും, സ്വാതന്ത്ര്യമുൾപ്പടെ വില്പനചരക്കാണെന്ന് വിചാരിക്കുന്ന ഒരുപാട് ബിസിനസ് എക്സിക്യൂട്ടിവുകളുമുണ്ട്.

സാമൂഹ്യ ജഡത്വം അതിലേയ്ക്ക് സംഭാവന നൽകുന്ന ആൾക്കാരെ ഉൾക്കൊള്ളുന്നതാണ്. സാമൂഹിക ജഡത്വത്തെ നിങ്ങളനുസരിക്കുമ്പോൾ, നിങ്ങൾ അതിന്റെ ഭാഗമാവുന്നു; എതിർ്ക്കുമ്പോൾ അതു കുറയുന്നു. ജഡത്വത്തെ തിരിച്ചറിയുകയും അതിന്റെ ഭാഗമാവാതിരിക്കുകയും ചെയ്ത് അതിനെ തോൽപ്പിക്കുന്നു.

ഇവിടെയാണ് നമ്മുടെ കൂട്ടായ്മയിലുൾപ്പെട്ട പലരുടേയും നിലപാടുകളുടെ ബലഹീനത വെളിവാകുന്നത്. മിക്ക ഗ്നു/ലിനക്സ് ഉപയോക്താക്കളും ഗ്നു സംരംഭം തുടങ്ങാനുള്ള കാരണങ്ങളെക്കുറിച്ച് ബോധവാൻമാരല്ല, അതുകൊണ്ടു തന്നെ സ്വാതന്ത്ര്യത്തെക്കാൾ താത്ക്കാലിക സൌകര്യങ്ങളെ അവർ വിലമതിയ്ക്കുന്നു. ഇതവരെ സാമൂഹ്യ ജഡത്വത്തിന്റെ ചതിക്കുഴിക്കളിലേയ്ക്കു നയിക്കുന്നു.

ഇതിനൊരു മാറ്റം വരുത്താൻ നാം സ്വാതന്ത്ര്യത്തെക്കുറിച്ചും സ്വതന്ത്ര സോഫ്റ്റ്‌വെയറിനെക്കുറിച്ചും സംസാരിയ്ക്കണം — ഓപ്പൺ സോഴ്സ് വിഭാവനം ചെയ്യുന്ന പ്രായോഗികതാവാദത്തിനപ്പുറം. അങ്ങനെ മാത്രമേ നമുക്ക് നമ്മുടെ കൂട്ടായ്മയെ ശക്തിപ്പെടുത്താനും സാമൂഹ്യ ജഡത്വത്തെ പരിഹരിക്കാനും കഴിയൂ.

## 2.4 ദോഷകരമായ വിട്ടുവീഴ്ചകളെ ഒഴിവാക്കൽ

എല്ലാ സോഫ്റ്റ്‌വെയറുകളും സ്വതന്ത്രമാക്കുകയും, അതുവഴി സോഫ്റ്റ്‌വെയർ ഉപയോക്താക്കളെ സ്വതന്ത്രരാക്കുകയും, സഹകരണത്തിന്റേതായ ഒരു കൂട്ടായ്മയുടെ ഭാഗമാക്കുകയും ചെയ്യുക എന്ന സാമൂഹിക മാറ്റമാണ് സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനം ലക്ഷ്യം വയ്ക്കുന്നത്. സ്വതന്ത്രമല്ലാത്ത സോഫ്റ്റ്‌വെയറുകൾ അതിന്റെ രചയിതാക്കൾക്ക് ഉപയോക്താക്കളുടെ മേൽ അന്യായമായ അധികാരം കൊടുക്കുന്നു. ആ അനീതിയ്ക്ക് അന്ത്യം വരുത്തുക എന്നതാണ് നമ്മുടെ ലക്ഷ്യം.

സ്വാതന്ത്ര്യത്തിലേയ്ക്കുള്ള വഴി ദൈർഘ്യമേറിയതാണ്. സോഫ്റ്റ്‌വെയർ ഉപയോക്താക്കൾക്ക് സ്വാതന്ത്ര്യം ഒരു സാധാരണ അനുഭവമായിത്തീരുന്ന ലോകം സാക്ഷാത്കരിക്കാൻ, നിരവധി കടമ്പകളും വർഷങ്ങളും താണ്ടേണ്ടതുണ്ട്. ചില കടമ്പകൾ ബുദ്ധിമുട്ടേറിയവയാണ്, ചില ത്യാഗങ്ങൾ വേണ്ടിവരും. ചില കടമ്പകളാകട്ടെ , വ്യത്യസ്ത ലക്ഷ്യങ്ങളുള്ളവരുമായുള്ള വിട്ടുവീഴ്ചകളിലൂടെ സുഗമമാക്കുകയും ചെയ്യാം.

അതുകൊണ്ടു തന്നെ സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനം വിട്ടുവീഴ്ചകൾ ചെയ്യുന്നു,— പലപ്പോഴും വലിയ വിട്ടുവീഴ്ചകൾ. ഉദാഹരണത്തിന് ഗ്നു പൊതു അനുമതി പത്രത്തിന്റെ മൂന്നാം പതിപ്പിൽ പേറ്റന്റിനെ സംബന്ധിച്ച് ചില വിട്ടുവീഴ്ചകൾ ചെയ്യുകയുണ്ടായി.വലിയ കമ്പനികൾക്ക് GPLv3 സോഫ്റ്റ്‌വെയറുകളിലേക്ക് സംഭാവനകൾ നൽകാനും അവയെ വിതരണം ചെയ്യാനും സാധ്യമാക്കുന്നതിനായിരുന്നു ഇത്. അതുവഴി ചില പേറ്റന്റുകളെ ഇതിന്റെ കീഴിൽ കൊണ്ടുവരാനും.

Lesser GPL ന്റെ ലക്ഷ്യവും ഒരു വിട്ടുവീഴ്ചതന്നെയാണ്: തിരഞ്ഞെടുക്കപ്പെട്ട ചില ലൈബ്രറികൾ സ്വതന്ത്രമല്ലാത്ത പ്രയോഗങ്ങളിലും ഉപയോഗിക്കാൻ അനുമതി നൽകുന്നതിന് ഇതുപയോഗിക്കുന്നു. നിയമപരമായി ഇതു തടയുകയാണെങ്കിൽ അത്, സോഫ്റ്റ്‌വെയർ രചയിതാക്കളെ കുത്തക ലൈബ്രറികളിലേക്കാകർഷിയ്ക്കാനേ ഉപകരിയ്ക്കൂ. അറിയപ്പെടുന്ന, സ്വതന്ത്രമല്ലാത്ത മറ്റു പ്രയോഗങ്ങൾക്കനുസൃതമായി പ്രവർത്തിയ്ക്കാൻ സഹായിയ്ക്കുന്ന കോഡ്, നാം സ്വീകരിക്കുകയും ഗ്നു പ്രയോഗങ്ങളിൽ ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. ഉപയോക്താക്കളെ ഗ്നു പ്രയോഗങ്ങൾ തന്നെ ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്ന വിധം നാം ഇവ രേഖപ്പെടുത്താറും പ്രചരിപ്പിക്കാറുമുണ്ട്, പക്ഷെ മറിച്ചല്ല. ചില പ്രചരണങ്ങളെ, അതിന്റെ പിന്നിലുള്ളവരുടെ ആശയങ്ങളുമായി പൂർണ്ണമായി യോജിക്കുന്നില്ലെങ്കിലും നാം പിന്തുണയ്ക്കാറുണ്ട്.

കൂട്ടായ്മയിലെ ചിലർക്കു താല്പര്യം ഉണ്ടെങ്കിലും ചില വിട്ടുവീഴ്ചകൾ പക്ഷേ നാം ഒഴിവാക്കാറുമുണ്ട്. ഉദാഹരണത്തിന്, സ്വതന്ത്രമല്ലാത്ത സോഫ്റ്റ്‌വെയറുകളില്ലാത്തതും, അവ ഇൻസ്റ്റാൾ ചെയ്യാൻ ഉപയോക്താക്കളെ പ്രേരിപ്പിക്കാത്തതുമായ ഗ്നു/ലിനക്സ് വിതരണങ്ങൾ മാത്രമേ നാം ശുപാർശ ചെയ്യാറുള്ളൂ. സ്വതന്ത്രമല്ലാത്ത വിതരണങ്ങളെ ശുപാർശ ചെയ്യുന്നത് ദോഷകരമായ വിട്ടുവീഴ്ചയാണ്.

നമ്മുടെ ദീർഘകാല ലക്ഷ്യങ്ങൾക്ക് എതിരാവുന്ന വിട്ടുവീഴ്ചകൾ ദോഷകരമാണ്. ആശയങ്ങളുടേയോ പ്രവൃത്തികളുടെയോ തലത്തിൽ അത് സംഭവിക്കാം.

ആശയങ്ങളുടെ തലത്തിൽ, നമ്മൾ മാറ്റാൻ ആഗ്രഹിക്കുന്നതിനെ ഊട്ടിഉറപ്പിക്കുന്നതാണ് ദോഷകരമായ വിട്ടുവീഴ്ചകൾ. നമ്മുടെ ലക്ഷ്യം സോഫ്റ്റ്‌വെയർ ഉപയോക്താക്കളെല്ലാം സ്വതന്ത്രരായ ഒരു ലോകമാണ്, പക്ഷേ മിക്ക കമ്പ്യൂട്ടർ ഉപയോക്താക്കളും ഇപ്പോഴും സ്വാതന്ത്ര്യം ഒരു പ്രശ്നമായി തിരിച്ചറിഞ്ഞിട്ടില്ല. ഒരു പ്രോഗ്രാമിനെ അതിന്റെ പ്രായോഗിക വശങ്ങളായ വിലയിലും സൌകര്യത്തിലും ഊന്നിയ

“ഉപഭോക്തൃ”മൂല്യത്തിലാണ് അവർ വിലയിരുത്തുന്നത്.

ഒരാളുടെ മൂല്യങ്ങളെ തൃപ്തിപ്പെടുത്തുന്ന രീതിയിലുള്ള വാദങ്ങളാണ് ഒരുവനെ എന്തെങ്കിലും ചെയ്യാൻ പ്രേരിപ്പിയ്ക്കാനുള്ള മികച്ച വഴി എന്ന് ഡാലി കാർണീജി തന്റെ How to Win Friends and Influence People എന്ന പ്രശസ്ത പുസ്തകത്തിൽ പറയുന്നു.സാധാരണയുള്ള ഉപഭോക്തൃമൂല്യങ്ങളെ തൃപ്തിപ്പെടുത്താൻ നമുക്ക് ധാരാളം വഴികളുണ്ട്. ഉദാഹരണത്തിന്, സൌജന്യമായി ലഭിയ്ക്കുന്ന സ്വതന്ത്ര സോഫ്റ്റ്‌വെയർ പണം ലാഭിയ്ക്കാൻ സഹായിക്കുന്നു. മിക്ക സ്വതന്ത്ര സോഫ്റ്റ്‌വെയറുകളും വിശ്വസനീയവും , സൌകര്യപ്രദവുമാണു താനും. വിജയകരമായ സ്വതന്ത്ര സോഫ്റ്റ്‌വെയറുകളിലേയ്ക്ക് ഉപയോക്താക്കളെ ആകർഷിക്കുന്നതിൽ ഈ പ്രായോഗിക വശങ്ങൾ വിജയിച്ചിട്ടുമുണ്ട്.

കൂടുതൽ ആളുകളെ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോക്താക്കളാക്കലാണ് നിങ്ങളുടെ ലക്ഷ്യമെങ്കിൽ, നിങ്ങൾ സ്വാതന്ത്ര്യത്തെക്കുറിച്ച് മിണ്ടാതിരുന്നേയ്ക്കാം. എന്നിട്ട് ഉപഭോക്തൃമൂല്യങ്ങളെ തൃപ്തിപ്പെടുത്തുന്ന പ്രായോഗികവശങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചേക്കാം. “ഓപ്പൺ സോഴ്സ്” എന്ന വാക്ക് അതിനാണുപയോഗിച്ചു വരുന്നത്.

ഈ സമീപനം സ്വാതന്ത്ര്യത്തിന്റെ ലക്ഷ്യത്തിലേയ്ക്കുള്ള പാതി വഴി എത്താനേ ഉപകരിയ്ക്കൂ. പ്രായോഗികത മാത്രം മുന്നിൽ കണ്ട് സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നവർ ആ സൌകര്യം ഉള്ളിടത്തോളം മാത്രമേ അതുപയോഗിക്കൂ. സൌകര്യപ്രദമായ കുത്തകസോഫ്റ്റ്‌വെയറുകൾ അതോടൊപ്പം ഉപയോഗിക്കാതിരിക്കുന്നതിന് അവർക്കു കാരണങ്ങളൊന്നുമുണ്ടാവില്ല

ഉപഭോക്തൃമൂല്യങ്ങളെ മുൻനിർത്തുന്നതും അവയ്ക്കാർഷകമാകുന്ന രീതിയിലുള്ളതുമാണ്, ഓപ്പൺ സോഴ്സിന്റെ തത്വങ്ങൾ. ഇത് അത്തരം മൂല്യങ്ങളെ ശക്തിപ്പെടുത്തുകയും ഊട്ടിയുറപ്പിയ്ക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് ഞങ്ങൾ “ഓപ്പൺ സോഴ്സിനെ” പിൻതാങ്ങാത്തത്.

പൂർണ്ണവും ശാശ്വതവുമായ ഒരു സ്വതന്ത്ര കൂട്ടായ്മ സ്ഥാപിക്കുന്നതിന്, ചില സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ ഉപയോഗിയ്ക്കാൻ ആളെക്കൂട്ടുന്നതിനേക്കാൾ പലതും നമുക്ക് ചെയ്യാനുണ്ട്. സൌകര്യത്തിനപ്പുറം ഉപഭോക്താവിന്റെ സ്വാതന്ത്ര്യത്തെയും കൂട്ടായ്മയെയും ബഹുമാനിക്കുന്ന “മാനുഷികമൂല്യങ്ങളുടെ” അടിസ്ഥാനത്തിൽ സോഫ്റ്റ്‌വെയറുകളെ (മറ്റുള്ളവയെയും) വിലയിരുത്തുന്ന ആശയം നാം പ്രചരിപ്പിയ്ക്കണം. അങ്ങനെയാണെങ്കിൽ ആകർഷണീയതയുടെയും സൌകര്യത്തിന്റേയും പേരിലുള്ള കുത്തകസോഫ്റ്റ്‌വെയറുകളുടെ ചതിക്കുഴികളിൽ ആളുകൾ വീഴില്ല.

മാനുഷികമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിന്, അവയെ പറ്റി സംസാരിക്കുകയും, അവ എങ്ങനെയാണ് നമ്മുടെ പ്രവർത്തനങ്ങൾക്ക് അടിസ്ഥാനമാകുന്നതെന്ന് ബോദ്ധ്യപ്പെടുത്തുകയും വേണം. അവരുടെ പ്രവൃത്തികളെ ഉപഭോക്തൃമൂല്യങ്ങളിൽ തളച്ചിടുന്ന ഡാലി കാർണീജിയുടെ വിട്ടുവീഴ്ചകളെ നാം നിരാകരിക്കണം.

പ്രായോഗികവശങ്ങൾ പറയാതിരിക്കണം എന്നൊന്നുമല്ല ഇപ്പറഞ്ഞതിന്റെ അർത്ഥം.അതെല്ലാം നമുക്കു ചെയ്യാം, ചെയ്യുന്നുമുണ്ട്. ആളുകൾ, സ്വാതന്ത്ര്യത്തെ ബലികഴിച്ചുകൊണ്ട് പ്രായോഗികതയുടെ പിന്നാലെ പോകുമ്പോഴോ , മറ്റുള്ളവരോട് അങ്ങനെ പറയുമ്പോഴോ ആണ് പ്രശ്നമാകുന്നത്. അതുകൊണ്ടാണ് സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ പ്രായോഗിക ലാഭങ്ങളെപ്പറ്റി സംസാരിക്കുമ്പോൾ, അത് രണ്ടാമതേ വരുന്നുള്ളൂ എന്ന് നാം ഊന്നിപ്പറയുന്നത്.

നമ്മുടെ സംസാരം മാത്രം ആദർശാധിഷ്ഠിതമായാൽ പോരാ, പ്രവൃത്തികളും അതിലധിഷ്ഠിതമായിരിയ്ക്കണം. അതുകൊണ്ട് നാം എന്തൊഴിവാക്കാൻ ശ്രമിക്കുന്നുവോ അത് ചെയ്യുകയോ അതിനെ ന്യായീകരിക്കുകയോ ചെയ്യുന്ന വിട്ടുവീഴ്ചകൾ ഒഴിവാക്കണം.

ഉദാഹരണത്തിന്, ചില കുത്തകസോഫ്റ്റ്‌വെയറുകൾ ഉൾപ്പെടുത്തിയാൽ ഗ്നു/ലിനക്സിലേയ്ക്ക് കൂടുതൽ ആൾക്കാരെ എത്തിയ്ക്കാൻ

കഴിയുമെന്ന്, നമ്മുടെ അനുഭവങ്ങൾ പറയുന്നു. ഇവ ഉപയോക്താവിനെ ആകർഷിയ്ക്കുന്ന ജാവ (പണ്ട്. ഇപ്പോഴല്ല)അല്ലെങ്കിൽ ഫ്ലാഷ് റൺടൈം (ഇപ്പോഴും) അല്ലെങ്കിൽ ചില ഹാർഡ്‌വെയറിനെ പിന്തുണയ്ക്കുന്ന കുത്തക ഡിവൈസ് ഡ്രൈവർ പോലുള്ള കുത്തക സോഫ്റ്റ്‌വെയറുകളാവാം.

ഈ വിട്ടുവീഴ്ചകൾ പ്രലോഭനപരമാണ് പക്ഷേ നമ്മുടെ ലക്ഷ്യത്തെ അതു നിഷേധിയ്ക്കുന്നു. നിങ്ങൾ സ്വതന്ത്രമല്ലാത്ത സോഫ്റ്റ്‌വെയർ ഉപയോഗിയ്ക്കുകയോ മറ്റുള്ളവരെ അതിലേക്കാകർഷിയ്ക്കുകയോ ചെയ്യുമ്പോൾ , "കുത്തക സോഫ്റ്റ്‌വെയർ അനീതിയാണെന്നും, സമൂഹിക പ്രശ്നമാണെന്നും അതിനെ അവസാനിപ്പിക്കണമെന്നും " പറയാൻ നിങ്ങൾക്കു വിഷമമാവുന്നു. ഇനി നിങ്ങൾ അതു പറയുകയാണെങ്കിൽ തന്നെ നിങ്ങളുടെ പ്രവൃത്തികൾ നിങ്ങൾ പറഞ്ഞതിനെ നിഷേധിയ്ക്കുന്നു.

ഇവിടുത്തെ പ്രശ്നം, ആളുകൾക്ക് സ്വതന്ത്രമല്ലാത്ത സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യാൻ അനുവദിക്കപ്പെടണമെന്നോ കഴിയണമെന്നോ അല്ല; പൊതുവായ കാര്യങ്ങൾക്കുള്ള സിസ്റ്റം, ഉപയോക്താക്കളെ അവർക്കിഷ്ടപ്പെടുന്നതു ചെയ്യാൻ അനുവദിക്കുന്നു. പക്ഷേ ഉപയോക്താക്കളെ സ്വതന്ത്രമല്ലാത്ത സോഫ്റ്റ്‌വെയറുകളിലേക്ക് നമ്മൾ നയിക്കണമോ എന്നതാണ് പ്രശ്നം. അവരുടെ സിസ്റ്റത്തിൽ അവർ ചെയ്യുന്നതെന്തായാലും അതിന്റെ ഉത്തരവാദിത്തം അവർക്കു തന്നെ;നാം അവർക്കുവേണ്ടി എന്തുചെയ്യുന്നുവെന്നതും നാം അവരെ എന്തിലേയ്ക്കു നയിക്കുന്നുവെന്നതും നമ്മുടെ ഉത്തരവാദിത്തമാണ്. അവരെ കുത്തക സോഫ്റ്റ്‌വെയറിലേക്ക്, അതൊരു പരിഹാരമെന്ന നിലയ്ക്കു നയിക്കരുത്, കാരണം കുത്തകസോഫ്റ്റ്‌വെയർ ഒരു പരിഹാരമല്ല, പ്രശ്നമാണ്.

അപകടകരമായ ഒരു വിട്ടുവീഴ്ച മറ്റുള്ളവരെ തെറ്റായി സ്വാധീനിയ്ക്കുന്നു എന്നു മാത്രമല്ല, ആശയപരമായ അസ്സ്വാരസ്യത്തിലൂടെ അത് നിങ്ങളുടെ തന്നെ മൂല്യങ്ങളെയും മാറ്റുന്നു. നിങ്ങൾ ചില ആശയങ്ങളിൽ വിശ്വസിക്കുകയും, അതേ സമയം നിങ്ങളുടെ പ്രവൃത്തികൾ അവയ്ക്കു് വിപരീതവുകയും ചെയ്യുമ്പോൾ, ആ ചേർച്ചയില്ലായ്മ ഒഴിവാക്കാൻ അതിലേതെങ്കിലും ഒന്നു നിങ്ങൾ മാറ്റാനിടയുണ്ട്. അതുകൊണ്ടുതന്നെ പ്രായോഗികമേൻമകളെപ്പറ്റി വാദിയ്ക്കുകയോ, അല്ലെങ്കിൽ കുത്തകസോഫ്റ്റ്‌വെയറിലേയ്ക്കു ആളുകളെ തിരിച്ചുവിടുകയോ ചെയ്യുന്ന സംരംഭങ്ങൾ കുത്തക സോഫ്റ്റ്‌വെയർ അനീതിയാണെന്നു പറയാൻ പോലും നാണിയ്ക്കും. സംരംഭത്തിലെ അംഗങ്ങൾക്കു വേണ്ടിയും പൊതു ജനങ്ങൾക്കു വേണ്ടിയും ഉപഭോക്തൃമൂല്യങ്ങളെ അവർ ഉയർത്തിക്കാണിയ്ക്കും. നമ്മുടെ മൂല്യങ്ങൾ നിലനിർത്താൻ പോലും ഇത്തരം വിട്ടുവീഴ്ചകൾ ഉപേക്ഷിച്ചേ മതിയാവൂ.

സ്വാതന്ത്ര്യമെന്ന ലക്ഷ്യത്തെ ത്യജിക്കാതെ സ്വതന്ത്ര സോഫ്റ്റ്‌വെയറിലേയ്ക്കു മാറണമെന്നുണ്ടെങ്കിൽ നിങ്ങൾക്ക് FSF resources area യിൽ നോക്കാം. സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾക്കനുയോജ്യമായി പ്രവർത്തിയ്ക്കുന്ന മെഷീൻ കോൺഫിഗറേഷനുകൾ, പൂർണ്ണമായും സ്വതന്ത്രമായ ഗ്നു/ലിനക്സ് വിതരണങ്ങൾ , 100% സ്വതന്ത്ര സോഫ്റ്റ്‌വെയർ പരിതസ്ഥിതിയിൽ പ്രവർത്തിയ്ക്കുന്ന ആയിരക്കണക്കിന് സ്വതന്ത്ര സോഫ്റ്റ്‌വെയർ പാക്കേജുകൾ എന്നിവ അവിടെയുണ്ട്. സമൂഹത്തേ നിങ്ങൾ സ്വാതന്ത്ര്യത്തിലേക്കുള്ള വഴിയേ നയിക്കാനുദ്ദേശിക്കുന്നു എങ്കിൽ ഒരു പ്രധാന മാർഗ്ഗം. മാനുഷിക മൂല്യങ്ങളെ പരസ്യമായി ഉയർത്തിപ്പിടിയ്ക്കുക എന്നതാണ്. നല്ലതിനെയും ചീത്തയെയും പറ്റിയോ, എന്തു ചെയ്യണമെന്നതിനെപ്പറ്റിയോ ചർച്ച ചെയ്യുമ്പോൾ സ്വാതന്ത്ര്യത്തെയും കൂട്ടായ്മയെയും പറ്റി അവരോടു സംവദിയ്ക്കുക.

തെറ്റായ വഴിയിലൂടെ വേഗത്തിൽ പോയിട്ടു കാര്യമില്ല. വലിയ ലക്ഷ്യങ്ങൾ നേടുന്നതിന് വിട്ടുവീഴ്ചകൾ അത്യാവശ്യമാണെങ്കിലും ലക്ഷ്യം തെറ്റിയ്ക്കുന്ന വിട്ടുവീഴ്ചകളെപ്പറ്റി നാം ജാഗരൂകരായിരിയ്ക്കണം.

# 3 ഭാഗം - മൂന്ന്

## 3.1 സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ 15 വർഷങ്ങൾ

സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനവും ഗ്നു സംരംഭവും തുടങ്ങിയിട്ട് 15 വർഷങ്ങൾ കഴിഞ്ഞു. നാം ബഹുദൂരം മുന്നോട്ട് പോയിക്കഴിഞ്ഞിരിക്കുന്നു.

1984 -ൽ ലൈസൻസ് നിയന്ത്രണങ്ങളുള്ള കുത്തകസോഫ്റ്റ്‌വെയർ ഉപയോഗിക്കാതെ ഒരു ആധുനിക കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കുവാൻ സാധ്യമായിരുന്നില്ല. സോഫ്റ്റ്‌വെയർ പങ്കുവെയ്ക്കാനോ തങ്ങളുടെ ആവശ്യാനുസരണം അതു മാറ്റുവാനോ ഉപയോക്താക്കൾക്ക് അവകാശമുണ്ടായിരുന്നില്ല. ഉപയോക്താക്കളെ സോഫ്റ്റ്‌വെയർ ഉടമസ്ഥർ വൻമതിലുകൾ കെട്ടി വേർതിരിച്ചുകഴിഞ്ഞിരുന്നു.

ഇതെല്ലാം മാറ്റുവാൻ വേണ്ടിയാണ് ഗ്നു സംരംഭം തുടങ്ങിയത്. യുണിക്സുമായി സാമ്യമുള്ള, എന്നാൽ 100 ശതമാനം സ്വതന്ത്ര സോഫ്റ്റ്‌വെയർ എന്നു പറയാവുന്ന ഒരു പ്രവർത്തക സംവിധാനമായിരുന്നു ഗ്നുവിന്റെ പ്രാഥമിക ലക്ഷ്യം. 95 ശതമാനമോ അല്ലെങ്കിൽ 99.5 ശതമാനമോ അല്ല, മറിച്ച് 100 ശതമാനവും സ്വതന്ത്രമായ - അതായത് ഉപയോക്താക്ക് പൂർണ്ണമായും പുനർവിതരണം ചെയ്യാനും ആവശ്യമുള്ള ഭാഗങ്ങളിൽ മാറ്റം വരുത്താൻ സാധിക്കാവുന്നതുമായിരുന്നു അത്. ഗ്നു എന്ന ഈ സംവിധാനത്തിന്റെ പേരു "ഗ്നു യുണിക്സ് അല്ല(GNU's Not Unix)" എന്ന ചുരുളഴിയാത്ത ചുരുക്കെഴുത്തിൽ നിന്നാണ് ഉണ്ടായത്. ഇതു യുണിക്സിനോടുള്ള കടപ്പാടും അതേ സമയം ഗ്നു യുണിക്സിൽ നിന്നും വ്യത്യസ്ഥവുമാണെന്ന് സൂചിപ്പിക്കുന്നു. സാങ്കേതികമായി ഗ്നു യുണിക്സുമായി വളരെയധികം സാമ്യമുള്ളതാണ്. എന്നാൽ യുണിക്സിൽ നിന്നും വ്യത്യസ്ഥമായി, അതു ഉപയോക്താക്കൾക്ക് സ്വാതന്ത്ര്യം നൽകുന്നു.

ഈ പ്രവർത്തക സംവിധാനം വികസിപ്പിക്കുവാൻ നൂറുകണക്കിനു പ്രോഗ്രാമർമാരുടെ വർഷങ്ങളുടെ അക്ഷീണ പ്രയത്നം വേണ്ടിവന്നു. സ്വതന്ത്ര സോഫ്റ്റ്‌വെയർ ഫൌണ്ടേഷനും സ്വതന്ത്ര സോഫ്റ്റ്‌വെയർ കമ്പനികളും കുറച്ചുപേർക്ക് പ്രതിഫലം നൽകി. എന്നാൽ ഭൂരിപക്ഷം പേരും സന്നദ്ധപ്രവർത്തകരായിരുന്നു. ഇതു കൊണ്ടു കുറച്ചു പേർ പ്രശസ്തരായി, ചിലർ അവരുടെ ഉദ്യോഗവുമായി ബന്ധപ്പെട്ടായിരുന്നെങ്കിൽ, മറ്റു ചില ഹാക്കർമാർ അവരുടെ സോഴ്സ്കോഡ് ഉപയോഗിക്കുകയോ പ്രവർത്തിപ്പിക്കുകയോ ചെയ്യുകവഴിയായിരുന്നു. ഇവരെല്ലാവരും ചേർന്ന് കമ്പ്യൂട്ടർ ശൃംഘലയുടെ സാധ്യതകൾ മാനവരാശിയ്ക്ക് വേണ്ടി സമർപ്പിച്ചു.

1991-ൽ യുണിക്സിനു സമാനമായ പ്രവർത്തക സംവിധാനത്തിന്റെ അവസാനത്തെ അത്യാവശ്യഘടകമായ കേർണൽ വികസിപ്പിച്ചു. ലിനസ് ടോർവാൾഡ്സ് ആയിരുന്നു ഈ സ്വതന്ത്രഘടകം വികസിപ്പിച്ചത്. ഇന്ന്, ഗ്നുവിന്റെയും ലിനക്സിന്റെയും സംയുക്ത സംവിധാനം ലോകമെമ്പാടുമുള്ള ലക്ഷകണക്കിനു ആൾക്കാർ ഉപയോഗിക്കുന്നു, കൂടാതെ ദിനംപ്രതി അതിന്റെ പ്രചാരം കൂടിക്കൊണ്ടേയിരിക്കുന്നു. ഈ മാസം, ഗ്നുവിന്റെ ഗ്രാഫിക്കൽ പണിയിടമായ ഗ്നോമിന്റെ 1.0 പതിപ്പ് പുറത്തിറങ്ങുകയാണ്. ഇതു ഗ്നു/ലിനക്സിനെ, മറ്റു ഏതു പ്രവർത്തക സംവിധാനത്തെക്കാളും കൂടുതൽ എളുപ്പത്തിലും കാര്യക്ഷമമായിട്ടും ഉപയോഗിക്കാൻ സഹായിക്കും എന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു.

എന്നാലും നമ്മുടെ ഈ സ്വാതന്ത്ര്യം എല്ലാക്കാലത്തും നിലനിൽക്കണമെന്നില്ല.ലോകം മാറിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ സ്വാതന്ത്ര്യം ഉള്ളതുകൊണ്ട് , അഞ്ചു വർഷത്തിനുശേഷവും അതുണ്ടാവണമെന്നില്ല. സ്വതന്ത്ര സോഫ്റ്റ്‌വെയർ അനുദിനം പുതിയ വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. നമ്മുടെ സ്വാതന്ത്ര്യം സംരക്ഷിക്കാൻ നിരന്തരമായ പ്രവർത്തനങ്ങൾ ആവശ്യമാണ്. ആദ്യമായി സ്വാതന്ത്ര്യം ലഭിക്കാൻ വേണ്ടി ചെയ്ത അതേ പ്രവർത്തനങ്ങൾ തന്നെ ഇനിയും തുടരേണ്ടിയിരിക്കുന്നു. സ്വതന്ത്രമായ പ്രവർത്തക സംവിധാനം ഒരു തുടക്കം മാത്രമാണ്, ഉപയോക്താക്കൾക്ക് ആവശ്യമായ ഏതുജോലിയും ചെയ്യാവുന്നവിധത്തിലുള്ള പ്രയോഗങ്ങൾ നമുക്ക് വികസിപ്പിക്കേണ്ടിയിരിക്കുന്നു.

സ്വതന്ത്ര സോഫ്റ്റ്‌വെയർ സമൂഹം അഭിമുഖീകരിക്കുന്ന വെല്ലുവിളികളേയും, കമ്പ്യൂട്ടർ ഉപയോക്താക്കളുടെ സ്വാതന്ത്ര്യത്തെയും, ഗ്നു/ലിനക്സിന്റെ വികസനത്തെ ബാധിക്കുന്ന വിഷയങ്ങളേയും കുറിച്ചാണ് ഇനിയുള്ള ലക്കങ്ങളിൽ ഞാൻ എഴുതാൻ ഉദ്ദേശിക്കുന്നത്.

## 3.2 സ്വതന്ത്ര സോഫ്റ്റ്‌വെയർ കൂടുതൽ വിശ്വസനീയമാണ് !

കുത്തക സോഫ്റ്റ്‌വെയറുകളുടെ വക്താക്കൾ ഇങ്ങനെ പറഞ്ഞേക്കാം, “ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഒരു സുന്ദര സ്വപ്നമാണ്. പക്ഷേ നമുക്കറിയാം കുത്തകസോഫ്റ്റ്‌വെയറുകൾക്കു മാത്രമാണ് വിശ്വസനീയ സോഫ്റ്റ്‌വെയർ ഉണ്ടാക്കാൻ കഴിയുക.ഒരു കൂട്ടം ഹാക്കേർസിന് ഇത്തരത്തിൽ ചെയ്യുവാൻ സാധിക്കില്ല.”

അനുഭവേദ്യമായ തെളിവുകൾ ഇതിനെ അനുകൂലിക്കുന്നില്ല; താഴെ വിശദീകരിച്ചിട്ടുള്ള ശാസ്ത്രീയപഠനങ്ങൾ തെളിയിക്കുന്നത് കുത്തകസോഫ്റ്റ്‌വെയറുകളെക്കാൾ കൂടുതൽ വിശ്വസനീയം ഗ്നു സോഫ്റ്റ്‌വെയറുകളാണെന്നാണ്.

ഇതൊരു അത്ഭുതമൊന്നുമല്ല; ഗ്നു സോഫ്റ്റ്‌വെയറിന്റെ വിശ്വസനീയതക്ക് ഒരുപാടു നല്ല കാരണങ്ങളുണ്ട്. അഥവാ, സ്വതന്ത്ര സോഫ്റ്റ്‌വെയർ കൂടുതൽ വിശ്വസനീയമാണ് (എല്ലായ്പ്പോഴുമല്ല )എന്നു പ്രതീക്ഷിക്കാൻ കൂടുതൽ കാരണങ്ങളുണ്ട്.

ഗ്നു പ്രയോഗങ്ങൾ സുരക്ഷിതം!

1990 ലും 1995 ലും ബാർട്ടൻ .പി.മില്ലറും അദ്ദേഹത്തിന്റെ സഹപ്രവർത്തകരും യുണിക്സ് പ്രയോഗങ്ങളുടെ വിശ്വസ്തത പരീക്ഷിച്ചു .എല്ലാ സമയത്തും ഗ്നു പ്രയോഗങ്ങളായിരുന്നു മുൻപന്തിയിൽ. ഏഴ് വ്യാവസായിക യുണിക്സ് സിസ്റ്റങ്ങളും , ഗ്നു വും അവർ പരീക്ഷിച്ചു. ക്രമരഹിത ഇൻപുട്ടുകൾക്കു വിധേയമാക്കിയപ്പോൾ ,അവർക്ക “40 ശതമാനത്തോളം അടിസ്ഥാന പ്രയോഗങ്ങളെ കോർ ഡമ്പോടു കൂടി ക്രാഷ് ചെയ്യിക്കാനോ, ഇൻഫൈനൈറ്റ് ലൂപ്പിൽ കുടുക്കി നിശ്ചലമാക്കാനോ കഴിഞ്ഞു....”

ഇത്തരം ഗവേഷണങ്ങളിൽ തെളിഞ്ഞതു് ,വ്യാവസായിക യുണിക്സ് വ്യൂഹങ്ങളുടെ തോൽവിയുടെ തോതു് 15% മുതൽ 43% വരെയായിരുന്നു. അതേസമയം, ഗ്നുവിന്റെ തോൽവിയുടെ തോതു് വെറും 7% മാത്രമായിരുന്നു.

മില്ലർ ഇതുകൂടെ പറഞ്ഞു: “1990 ലും 1995 ലും നമ്മൾ താരതമ്യപ്പെടുത്തിയ മൂന്നു വ്യാവസായിക വ്യൂഹങ്ങളും പ്രകടമാകും വിധം വിശ്വാസ്യത മെച്ചപ്പെടുത്തിയിട്ടുണ്ട് .പക്ഷേ ഇപ്പോഴും സാരമായ തെറ്റുകളുണ്ട് (അടിസ്ഥാനാവശ്യങ്ങൾക്കു വേണ്ടിയുള്ള ഗ്നു/ലിനക്സ് പ്രയോഗങ്ങൾ വ്യാവസായിക വ്യൂഹങ്ങളെക്കാൾ വളരെ മെച്ചമാണ് ).”

കൂടുതൽ വിവരങ്ങൾക്ക് അവരുടെ പേപ്പർ കാണുക:ബാർട്ടൻ .പി.മില്ലറിന്റെയുണിക്സ് ഉപയോഗത്തിന്റേയും സേവനത്തിന്റേയും വിശ്വസനീയതയുടെ പുന:പരിശോധന (പോസ്റ്റ്സ്ക്രിപ്റ്റ് 146k), ബാർട്ടൻ <bart@cs.wisc.edu>,David Koski, Cjin Pheow Lee, Vivekananda Maganty, Ravi Murthy, Ajitkumar Natarajan, and Jeff Steidl.

എന്തുകൊണ്ടാണ് സ്വതന്ത്ര സോഫ്റ്റ്‌വെയർ കൂടുതൽ വിശ്വസനീയമാകുന്നതു്?

ഗ്നു പ്രയോഗങ്ങൾ കൂടുതൽ വിശ്വസനീയമാണെന്നതു് യാദൃശ്ചികമല്ല. സ്വതന്ത്ര സോഫ്റ്റ്‌വെയർ കൂടുതൽ ഗുണനിലവാരത്തിലേക്കു നീങ്ങാൻ ധാരാളം കാരണങ്ങളുണ്ട്

ഒന്നാമത്തെ കാരണം, സ്വതന്ത്ര സോഫ്റ്റ്‌വെയറിൽ ഒരു വലിയ സമൂഹത്തിന് ഒന്നിച്ച് പ്രവർത്തിക്കുവാനും പ്രശ്നങ്ങൾ പരിഹരിക്കാനും സൗകര്യമുണ്ട് എന്നതാണ്. ഉപയോഗിക്കുന്നവർക്ക് തെറ്റുകൾ രേഖപ്പെടുത്തുവാൻ മാത്രമല്ല, പ്രശ്നങ്ങൾ പരിഹരിച്ച് അതു് അയക്കുവാനും സാധിക്കുന്നു. ഉപയോഗിക്കുന്നവർക്ക് ഒന്നിച്ച് പ്രവർത്തിക്കുവാനും, ഇ-മെയിൽ വഴി ആശയവിനിമയം നടത്തി, പ്രശ്നങ്ങളുടെ ആഴത്തിലേയ്ക്കിറങ്ങി, സോഫ്റ്റ്‌വെയർ പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കാനും കഴിയുന്നു .

മറ്റൊന്ന്, സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നവർ അതിന്റെ വിശ്വസനീയതയിൽ അതീവ ശ്രദ്ധാലുക്കളാണ് എന്നതാണ്. സ്വതന്ത്ര സോഫ്റ്റ്‌വെയർ എല്ലായ്പ്പോഴും വാണിജ്യപരമായി മത്സരിക്കുന്നില്ല, എന്നാൽ അതു് അംഗീകാരത്തിനായിമത്സരിക്കുന്നു, കൂടാതെ,

തൃപ്തികരമല്ലാത്ത ഒരു പ്രോഗ്രാം അതു് വികസിപ്പിക്കുന്നവരാഗ്രഹിക്കുന്ന സ്വീകാര്യതനേടില്ല. എന്തിനധികം, എഴുത്തുകാരൻ തന്റെ സോഴ്സ് കോഡ് എല്ലാവർക്കും ലഭ്യമായ രീതിയിൽവയ്ക്കുമ്പോൾ അയാളുടെ കഴിവും പ്രാപ്തിയും ആണു് ആ വരികളിൽ പ്രതിഫലിക്കുന്നതു്. അതുകൊണ്ടുതന്നെ സമൂഹത്തിന്റെ അസ്വീകാര്യതയെ ഭയപ്പെട്ടു് തന്റെ പ്രോഗ്രാം മികവുറ്റതാക്കാൻ പരമാവധി ശ്രദ്ധിക്കുകയും ചെയ്യുന്നു.

ക്യാൻസർ ചികിത്സാലയങ്ങൾ സ്വതന്ത്ര സോഫ്റ്റ്‌വെയറിനെ ആശ്രയിക്കുന്നു!

വടക്കൻ Dakotaയിലെ ഫാർഗോ(അടുത്തകാലത്ത് ഒരു ചലച്ചിത്രത്തിനും ഒരു വെള്ളപ്പൊക്കത്തിനും വേദിയായ അതേ ഫാർഗോ)യിലെ Roger Maris ക്യാൻസർ ചികിത്സാലയത്തിൽ ലിനക്സ് അടിസ്ഥാനപ്പെടുത്തിയുള്ള ഗ്നു വ്യൂഹങ്ങളാണു് ഉപയോഗപ്പെടുത്തിയിരിക്കുന്നതു്, കാരണം അവിടെ വിശ്വാസ്യത അത്യാവശ്യമാണു്. ഗ്നു/ലിനക്സ് യന്ത്രസംവിധാനങ്ങളുടെ ഒരു ശൃംഖല വിവരശേഖരസംവിധാനത്തെ പ്രവർത്തിപ്പിക്കുകയും, മരുന്നു ചികിത്സകളെ ഏകോപിപ്പിക്കുകയും, മറ്റു പ്രവർത്തനങ്ങൾ ചെയ്യുകയും ചെയ്യുന്നു. ഈ ശൃംഖല ചികിത്സാലയത്തിലെ ജോലിക്കാർക്ക് എല്ലായ്പ്പോഴും ലഭ്യമാക്കേണ്ടതുണ്ടു്.

Dr. G.W. Wettstein <greg@wind.rmcc.com>പറയുന്നു:

[ഗ്നു/]ലിനക്സില്ലാതെ ഞങ്ങളുടെ കാൻസർ രോഗികളുടെ ചികിത്സ ഇന്നതെ രീതിയിലാകുമായിരുന്നില്ല... സ്വതന്ത്ര സോഫ്റ്റ്‌വെയറുകളായ പ്രയോഗങ്ങൾ കുത്തക സോഫ്റ്റ്‌വെയറുകളിൽ ലഭ്യമല്ലാത്ത നൂതന പ്രയോഗങ്ങൾ വികസിപ്പിക്കുന്നതിനു് ഞങ്ങളെ സഹായിച്ചു.

ബുള്ളറ്റ് പ്രൂഫ് ഗ്നു പ്രയോഗങ്ങൾ!

ഗ്നു സോഫ്റ്റ്‌വെയറുകളിൽ നിന്നു് ‘‘ഫസ്സ് ബഗ്ഗ്’’ തീർത്തു് കൂടുതൽ വിശ്വസനീയമാക്കുന്നതിനായി സ്കോട്ട് മാക്സ്‌വെല് <s-max@pacbell.net> നേതൃത്വം നല്കുന്ന ഒരു സംഘം പ്രവർത്തിക്കുന്നുണ്ടു്. ഇതിനെപ്പറ്റി കൂടുതൽ വായിക്കാൻ http://home.pacbell.net/s-max/scott/ bulletproof-penguin.html സന്ദർശിക്കുക.

## 3.3 ലിനക്സും ഗ്നു സംരംഭവും

ഈ വിഷയത്തെക്കുറിച്ചു് കൂടുതൽ പഠിക്കാൻ ഗ്നു/ലിനക്സ് ചോദ്യോത്തരങ്ങൾ, എന്തുകൊണ്ടു് ഗ്നു/ലിനക്സ്? എന്നീ ലേഖനങ്ങൾ കാണുക.

പല കമ്പ്യൂട്ടർ ഉപയോക്താക്കളും ഗ്നു സിസ്റ്റത്തിന്റെ മാറ്റം വരുത്തിയ പതിപ്പാണെന്നറിയാതെയാണു് നിത്യേന ഇതുപയോഗിയ്ക്കുന്നതു്. ചില പ്രത്യേക സാഹചര്യങ്ങളുടെ ഫലമായി ഇന്നു് പരക്കെ ഉപയോഗിയ്ക്കുന്ന ഗ്നുവിന്റെ പതിപ്പ് കൂടുതൽ സമയവും ‘‘ലിനക്സ്’’എന്നാണറിയപ്പെടുന്നതു്, എന്നു് മാത്രമല്ല പല ഉപയോക്താക്കളും ഗ്നു സംരംഭവുമായി അതിനു് എത്ര മാത്രം ബന്ധമുണ്ടെന്നതിനെപ്പറ്റി ബോധവാൻമാരല്ലതാനും.

ശരിയ്ക്കും അങ്ങനെ ഒരു ലിനക്സ് ഉണ്ടു് എന്നു് മാത്രമല്ല ആളുകൾ അതു് ഉപയോഗിയ്ക്കുന്നുമുണ്ടു്, പക്ഷേ അതു് പ്രവർത്തക സംവിധാനത്തിന്റെ ഒരു ഭാഗം മാത്രമാണു്. ലിനക്സൊരു കെർണലാണു്: നിങ്ങൾ പ്രവർത്തിപ്പിയ്ക്കുന്ന മറ്റു പ്രോഗ്രാമുകൾക്കു് സിസ്റ്റത്തിന്റെ വിഭവങ്ങൾ വിട്ടുകൊടുക്കുന്ന പ്രോഗ്രാമാണതു്. ഒരു പ്രവർത്തക സംവിധാനത്തിന്റെ ഒഴിച്ചുകൂടാനാവാത്ത ഭാഗമാണു് കെർണൽ, പക്ഷേ അതു് മാത്രം കൊണ്ടു് വലിയ പ്രയോജനമൊന്നുമില്ല; മുഴുവൻ പ്രവർത്തക സംവിധാനത്തിനൊപ്പമേ അതിനു് പ്രവർത്തിയ്ക്കാനാകൂ. ലിനക്സ് സാധാരണയായി ഗ്നു എന്ന പ്രവർത്തക സംവിധാനവുമായി ചേർന്നാണുപയോഗിയ്ക്കുന്നതു്: ലിനക്സ് കെർണലായി പ്രവർത്തിയ്ക്കുന്ന മുഴുവൻ സിസ്റ്റവും അടിസ്ഥാനപരമായി ഗ്നുവാണു് അഥവാ ഗ്നു/ലിനക്സ് ആണു്. ‘‘ലിനക്സ്’’ എന്നു് പറയപ്പെടുന്ന എല്ലാ വിതരണങ്ങളും ശരിയ്ക്കും,

ഗ്നു/ലിനക്സ് വിതരണങ്ങളാണ്.

പല ഉപയോക്താക്കളും ലിനക്സെന്ന കെർണലും "ലിനക്സ്"എന്ന് തന്നെ അവർ വിളിയ്ക്കുന്ന മുഴുവൻ സിസ്റ്റവും തമ്മിലുള്ള വ്യത്യാസത്തെപ്പറ്റി ബോധവാൻമാരല്ല. ഈ പേരിന്റെ അവ്യക്തമായ ഉപയോഗം കാര്യങ്ങൾ മനസ്സിലാക്കാൻ സഹായിയ്ക്കുന്നില്ല. അല്പം സഹായത്തോടെ, 1991 ൽ ലിനസ് ടോർവാൾഡ്സാണ് മുഴുവൻ പ്രവർത്തക സംവിധാനവും വികസിപ്പിച്ചെടുത്തതെന്നാണ് ഈ ഉപയോക്താക്കൾ വിചാരിയ്ക്കുന്നത്

ലിനക്സൊരു കെർണലാണെന്ന് പ്രോഗ്രാമർമാർക്ക് പൊതുവെ അറിയാം. പക്ഷേ പൊതുവേ മുഴുവൻ സിസ്റ്റത്തേയും "ലിനക്സ്" എന്ന് തന്നെ വിളിയ്ക്കുന്നത് കേട്ടിട്ടുള്ളത് കൊണ്ട് പലപ്പോഴും, കെർണലിന്റെ പേരിലറിയപ്പെടുന്ന സിസ്റ്റം എന്ന രീതിയുള്ള ഒരു ചരിത്രമാണ് അവരുടെ മനസ്സിൽ വരുന്നത്. ഉദാഹരണത്തിന്, ലിനസ് ടോർവാൾഡ്സ് ലിനക്സ് എന്ന കെർണൽ എഴുതി തീർക്കുകയും, അതിന്റെ ഉപയോക്താക്കൾ അതിനൊപ്പമുപയോഗിയ്ക്കാൻ മറ്റ് സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾക്കായി പരതുകയും, യുണിക്സ് പോലുള്ളൊരു സിസ്റ്റം ഉണ്ടാക്കാൻ ആവശ്യമായ ഒരു വിധം എല്ലാം തന്നെ നേരത്തെ ലഭ്യമായിരുന്നുവെന്ന് (ഒരു പ്രത്യേക കാരണമൊന്നുമില്ലാതെ) കണ്ടെത്തുകയുമാണുണ്ടായത് എന്നാണ് പലരും വിശ്വസിയ്ക്കുന്നത്.

അവരത് കണ്ടെത്തിയത് യാദൃശ്ചികമായിട്ടായിരുന്നില്ല—അത് മുഴുവനായിട്ടില്ലാത്ത ഗ്നു സിസ്റ്റമായിരുന്നു . ലഭ്യമായിരുന്ന എല്ലാ സ്വതന്ത്ര സോഫ്റ്റ്‌വെയറുകളെല്ലാം കൂട്ടിച്ചേർത്ത് ഒരു പൂർണ്ണ പ്രവർത്തക സംവിധാനം നിർമ്മിക്കാൻ കഴിഞ്ഞത്, 1984 മുതൽ തന്നെ ഗ്നു സംരംഭം അതിനായ് യത്നിച്ചത് കൊണ്ടാണ്. ഗ്നു മാനിഫെസ്റ്റോയിൽ, ഗ്നു എന്ന പേരിൽ, യുണിക്സ് പോലുള്ള ഒരു സ്വതന്ത്ര സിസ്റ്റം വികസിപ്പിയ്ക്കുന്നതിനുള്ള ലക്ഷ്യം ഞങ്ങൾ മുന്നോട്ട് വച്ചിട്ടുണ്ട്. ഗ്നു പ്രൊജക്റ്റിന്റെ ആദ്യ പ്രഖ്യാപനത്തിലും ഗ്നു സിസ്റ്റത്തിനുള്ള ആദ്യകാല പദ്ധതികളുടെ രൂപരേഖവിവരിച്ചിട്ടുണ്ടായിരുന്നു. ലിനക്സ് തുടങ്ങിയപ്പോഴേയ്ക്കും ഗ്നു ഏതാണ്ട് പൂർണ്ണമായിരുന്നു.

കൂടുതൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ സംരംഭങ്ങൾക്കും ഒരു പ്രത്യേക ജോലി ചെയ്യുന്നതിനുള്ള ഒരു പ്രത്യേക സോഫ്റ്റ്‌വെയർ വികസിപ്പിയ്ക്കാനുള്ള ലക്ഷ്യമാണുള്ളത്. ഉദാഹരണത്തിന് ലിനസ് ടോർവാൾഡ്സ് യുണിക്സ് പോലുള്ളൊരു കെർണൽ (ലിനക്സ്) എഴുതാൻ ഇറങ്ങിത്തിരിച്ചപ്പോൾ, ഡൊണാൾഡ് ക്നൂത്ത് ഒരു ടെക്സ്റ്റ് ഫോർമാറ്റർ (ടെക്) എഴുതാനാണ് തുനിഞ്ഞത്; ബോബ് ഷീഫ്ലർ ജാലകസിസ്റ്റം (എക്സ് ജാലക സിസ്റ്റം) വികസിപ്പിയ്ക്കുന്നതിനും. ഇത്തരം സംരംഭങ്ങളുടെ സംഭാവനയെ വിലയിരുത്തുനത് സ്വാഭാവികമായും, അതിൽനിന്നുള്ള പ്രോഗ്രാമുകളുടെ വിജയത്തിന്റെ അടിസ്ഥാനത്തിലാണ്

ഇങ്ങനെയാണ് ഗ്നു സംരംഭത്തിന്റെ സംഭാവന അളക്കുന്നതെങ്കിൽ നിങ്ങൾക്കെന്താണ് മനസ്സിലാക്കാൻ കഴിയുക? ഒരു സിഡി വിതരണക്കാരൻ കണ്ടെത്തിയത് അവരുടെ "ലിനക്സ് വിതരണത്തിൽ", ഏറ്റവും വലിയ ഒറ്റ ഘടകം മുഴുവൻ സോഴ്സ് കോഡിന്റെ ഏതാണ്ട് 28% വരുന്ന ഗ്നു സോഫ്റ്റ്‌വെയറായിരുന്നു എന്നാണ്, ഇതിൽ ഒഴിച്ച് കൂടാനാവാത്തതും ഞാനില്ലാതെ സിസ്റ്റം തന്നെയില്ല എന്ന അവസ്ഥയുമുള്ള സുപ്രധാന ഘടകങ്ങളുമുണ്ട്. ലിനക്സ് മാത്രമായി ഏതാണ്ട് 3% ആയിരുന്നു(2008 ലെ കണക്കും സമാനമാണ് ഗ്നൂസെൻസ് എന്ന വിതരണത്തിന്റെ "മെയിൻ" സംഭരണിയിൽ ലിനക്സ് 1.5% ഉം, ഗ്നു പാക്കേജുകൾ 15% ഉം ആണ്). സിസ്റ്റത്തിലെ പ്രോഗ്രാമുകളാരാണെഴുതിയത് എന്ന് നോക്കിയിട്ടാണ് നിങ്ങൾ പേരു് നിശ്ചയിയ്ക്കുന്നതെങ്കിൽ ഏറ്റവും യോജിച്ച ഒറ്റപ്പദം "ഗ്നു" എന്നായിരിയ്ക്കും.

പക്ഷേ അത് ഈ ചോദ്യം പരിഗണിയ്ക്കാനുള്ള നല്ലൊരു വഴിയല്ല. ഗ്നു സംരംഭം പ്രത്യേക സോഫ്റ്റ്‌വെയർ പാക്കേജുകൾ വികസിപ്പിയ്ക്കാനുള്ള സംരംഭമായിരുന്നില്ല, ഇപ്പോഴുമല്ല.ഞങ്ങളൊരു സി കമ്പൈലർ വികസിപ്പിച്ചെങ്കിലും ഇത് അതിനായുള്ളൊരു സംരംഭമായിരുന്നില്ല. ഞങ്ങളൊരു ടെക്സ്റ്റ് എഴുത്തിടം വികസിപ്പിച്ചെങ്കിലും ഇത് അതിനായുള്ളൊരു സംരംഭവുമായിരുന്നില്ല. ഗ്നു സംരംഭത്തിന്റെ ലക്ഷ്യം ഗ്നു എന്ന് പേരുള്ള സ്വതന്ത്രമായതും മുഴുവനായും യുണിക്സ്-പോലുള്ളതുമായ ഒരു സിസ്റ്റം വികസിപ്പിയ്ക്കുക എന്നതായിരുന്നു.

സിസ്റ്റത്തിലെ സ്വതന്ത്ര സോഫ്റ്റ്‌വെയറിലേയ്ക്ക് പലരും വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്, അവരെല്ലാവരും ഇതിന് അംഗികാരം അർഹിയ്ക്കുന്നുണ്ട്. പക്ഷേ ഉപയോഗപ്രദമായ ഒരു കൂട്ടം പ്രോഗ്രാമുകളുടെ ശേഖരം മാത്രമല്ലാതെ ഇത് ഒരു സംയോജിത സിസ്റ്റമാകാൻ കാരണം, ഗ്നു സംരംഭത്തിന്റെ ലക്ഷ്യമതായതുകൊണ്ടാണ്. പൂർണ്ണമായും സ്വതന്ത്രമായ ഒരു സിസ്റ്റമുണ്ടാക്കാൻ ആവശ്യമായ പ്രോഗ്രാമുകളുടെ ഒരു പട്ടികയുണ്ടാക്കുകയും, ശാസ്ത്രീയമായി അതിലെ എല്ലാ പ്രോഗ്രാമുകളും കണ്ടെത്തുകയോ, എഴുതുകയോ, എഴുതാനായി ആളുകളെ കണ്ടെത്തുകയോ ചെയ്തു. അനിവാര്യമായതും എന്നാൽ രസകരമല്ലാത്തതുമായ (1) ചില ഘടകങ്ങൾ ഇല്ലാതെ ഒരു സിസ്റ്റം ഉണ്ടാക്കാൻ പറ്റാത്തത് കൊണ്ട്, അവ ഞങ്ങൾ തന്നെ വികസിപ്പിച്ചു. ഞങ്ങളുടെ സിസ്റ്റത്തിലെ പ്രോഗ്രാമിങ്ങിനുള്ള ചില ഉപകരണങ്ങൾ, സ്വയം തന്നെ പ്രോഗ്രാമർമാരുടെയിടയിൽ ജനകീയമായി, പക്ഷേ ഇതല്ലാത്ത (2) പല ഘടകങ്ങളും ഞങ്ങൾ എഴുതി. ഞങ്ങൾ ഒരു ചതുരംഗ കളി, ഗ്നു ചെസ്സ്, പോലും വികസിപ്പിച്ചെടുത്തു, കാരണം സമ്പൂർണ്ണമായ ഒരുസിസ്റ്റത്തിന് നല്ല കളികളും ആവശ്യമാണ് എന്നത് തന്നെ.

90 കളുടെ ആദ്യത്തോടെ കെർണലൊഴികെയുള്ള മുഴുവൻ സിസ്റ്റവും ഞങ്ങൾ തയ്യാറാക്കിയിരുന്നു (മാകിന് മുകളിൽ പ്രവർത്തിയ്ക്കുന്ന ഗ്നു ഹർഡ്, എന്ന കെർണൽ ഞങ്ങൾ വികസിപ്പിച്ച് കൊണ്ടിരിയ്ക്കുകയായിരുന്നു). ഈ കെർണൽ വികസിപ്പിയ്ക്കുന്നത് ഞങ്ങൾ പ്രതീക്ഷിച്ചതിനേക്കാൾ വളരെയധികം പ്രയാസമേറിയതായിരുന്നു; 2001 ൽ ഗ്നു ഹർഡ് വിശ്വസനീയമായി പ്രവർത്തിച്ച് തുടങ്ങി, പക്ഷേ ഇത് ആളുകൾക്ക് പൊതുവിൽ ഉപയോഗിയ്ക്കാൻ തയ്യാറാകാൻ ഇനിയും എത്രയോ ദൂരം പോകാനുണ്ട്.

ഭാഗ്യത്തിന്, ലിനക്സ് ലഭ്യമായിരുന്നത് കാരണം, ഞങ്ങൾക്ക് ഹർഡിനായി കാത്തിരിയ്ക്കേണ്ടി വന്നില്ല. ലിനസ് ടോർവാൾഡ്സ് ലിനക്സ് എഴുതിയതോടെ അദ്ദേഹം അവസാനത്തെ വലിയ വിടവും നികത്തി. ആളുകൾക്ക് ലിനക്സും ഗ്നു സിസ്റ്റവും ഒന്നിച്ച് ചേർത്ത് പൂർണ്ണമായും സ്വതന്ത്രമായ സിസ്റ്റം: ഗ്നു സിസ്റ്റത്തിന്റെ ലിനക്സ്-അടിസ്ഥാനമായൊരു പതിപ്പ്; ചുരുക്കത്തിൽ ഗ്നു/ലിനക്സ് നിർമ്മിയ്ക്കാൻ സാധിച്ചു.

അവ ചേർത്ത് വയ്ക്കുന്നതൊരു നിസാര പണിയായിരുന്നില്ല. ചില ഗ്നു ഘടകങ്ങൾക്ക്(3) ലിനക്സുമായി ചേർന്ന് പ്രവർത്തിയ്ക്കുന്നതിന് വേണ്ടി സാരമായ മാറ്റങ്ങൾ വരുത്തേണ്ടി വന്നു. ഉടൻ ഉപയോഗസജ്ജമായ രീതിയിലുള്ള ഒരു വിതരണമായി ഈ സിസ്റ്റത്തെ സംയോജിപ്പിക്കുന്നത് ഒരു വലിയ ജോലിയായിരുന്നു. ഇതിനായി സിസ്റ്റം ഇൻസ്റ്റാൾ ചെയ്യുന്നതും ബൂട്ട് ചെയ്യുന്നതുമെങ്ങനെയാണെന്നുള്ള പ്രശ്നം പരിഹരിക്കേണ്ടിയിരുന്നു — അവിടംവരെ എത്താതിരുന്നതിനാൽ ഞങ്ങൾക്കഭിമുഖീകരിക്കേണ്ടി വന്നിട്ടില്ലാത്ത ഒരു പ്രശ്നമായിരുന്നു അത്. അതിനാൽ തന്നെ സിസ്റ്റത്തിന്റെ പല വിതരണങ്ങളും വികസിപ്പിച്ചെടുത്തവർ പല അത്യാവശ്യ പണികളും ചെയ്തു. പക്ഷേ അവ പലതും ആ ജോലിയുടെ സ്വഭാവം കൊണ്ട്, ഉറപ്പായും ആരെങ്കിലും ചെയ്യാൻ പോകുന്നവയായിരുന്നു.

ഗ്നു/ലിനക്സ് സിസ്റ്റങ്ങളേയും ഗ്നു എന്ന സിസ്റ്റത്തിനേയും ഗ്നു സംരംഭം പിന്തുണയ്ക്കുന്നു. ഗ്നു സി ലൈബ്രറിക്ക് വേണ്ടി ലിനക്സുമായി ബന്ധപ്പെട്ട കൂട്ടിച്ചേർക്കലുകൾക്കായി എഫ്എസ്എഫ് പണം മുടക്കി. അത്കൊണ്ട് ഇപ്പോൾ അവ നല്ലനിലയിൽ സംയോജിതമാണ്. പുതിയ ലൈബ്രറി പതിപ്പുകൾ മാറ്റമൊന്നുമില്ലാതെ തന്നെ ഗ്നു/ലിനക്സ് സിസ്റ്റത്തിലുപയോഗിക്കുന്നു. എഫ്എസ്എഫ്, ഡെബിയൻ ഗ്നു/ലിനക്സിന്റെ ആദ്യഘട്ട വികസനത്തിനും പണംമുടക്കി.

ഇന്ന് ഗ്നു/ലിനക്സ് സിസ്റ്റത്തിന്റെ പല രൂപാന്തരങ്ങളും ഉണ്ട് (പലപ്പോഴും "വിതരണങ്ങൾ" എന്നാണവയെ വിളിയ്ക്കുന്നത്). അവയിൽ ഒട്ടുമിക്കവയും സ്വതന്ത്രമല്ലാത്ത സോഫ്റ്റ്‌വെയറും ചേർക്കുന്നുണ്ട് — അവയുടെ രചയിതാക്കൾ ഗ്നുവിന് പകരം ലിനക്സുമായി ബന്ധപ്പെട്ട തത്വശാസ്ത്രമാണ് പിന്തുടരുന്നത്. പക്ഷേ അവയിൽ പൂർണ്ണമായും സ്വതന്ത്രമായ ഗ്നു/ലിനക്സ് വിതരണങ്ങളുമുണ്ട് . ഉട്ടൂട്ടോ, ഗ്നൂസെൻസ് എന്നീ രണ്ട് വിതരണങ്ങളെ എഫ്എസ്എഫ് കമ്പ്യൂട്ടർ സൌകര്യങ്ങൾ നല്കി പിന്തുണയ്ക്കുന്നു.

സ്വതന്ത്രമായ ഒരു ഗ്നു/ലിനക്സ് വിതരണമുണ്ടാക്കുന്നത്, സ്വതന്ത്രമല്ലാത്ത പല പ്രോഗ്രാമുകളേയും ഒഴിവാക്കുന്ന കാര്യം മാത്രമല്ല. ഇപ്പോൾ ലിനക്സിന്റെ സാധാരണ പതിപ്പുകളിലും സ്വതന്ത്രമല്ലാത്ത പ്രോഗ്രാമുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രോഗ്രാമുകൾ, സിസ്റ്റം പ്രവർത്തനം

തുടങ്ങുമ്പോൾ ഐ/ഒ ഉപകരണങ്ങളിൽ പകർത്താനുദ്ദേശിച്ചുള്ളതാണ്. അവയുടെ യഥാർത്ഥ കോഡുകൾക്ക് പകരം, അക്കങ്ങളുടെ ഒരു നീണ്ട ശ്രേണി അയി മാത്രമാണ് അവ "കോഡിൽ "ഉൾപ്പെടുത്തിയിരിയ്ക്കുന്നത്. അതുകൊണ്ട് തന്നെ സ്വതന്ത്രമായ ഗ്നു/ലിനക്സ് വിതരണങ്ങൾ പരിപാലിക്കുക എന്നത് ലിനക്സിന്റെ ഒരു സ്വതന്ത്ര പതിപ്പിന്റെ പരിപാലനം കൂടിയാവുന്നു.

നിങ്ങൾ ഗ്നു/ലിനക്സ് ഉപയോഗിച്ചാലും ഇല്ലെങ്കിലും, ദയവായി ‘‘ലിനക്സ്’’ എന്ന പേര് സംശയത്തിനിട വരുത്തുന്ന തരത്തിൽ ഉപയോഗിച്ച് ആളുകളെ ആശയക്കുഴപ്പത്തിലാക്കരുത്. ലിനക്സ് എന്നാൽ, സിസ്റ്റത്തിലെ വളരെ പ്രധാനപ്പെട്ടതും അനിവാര്യമായതുമായ കേർണൽ എന്ന ഘടകം മാത്രമാണ്. പൂർണ്ണമായ സിസ്റ്റം അടിസ്ഥാനപരമായി ലിനക്സും കൂടി ചേർന്ന ഗ്നു സിസ്റ്റമാണ്. നിങ്ങൾ ഈ സംയോജിത സിസ്റ്റത്തേപറ്റിയാണ് സംസാരിയ്ക്കുന്നതെങ്കിൽ ദയവായി അതിനെ ‘‘ഗ്നു/ലിനക്സ്’’ എന്ന് വിളിയ്ക്കുക.

നിങ്ങൾക്ക് ‘‘ഗ്നു/ലിനക്സിനെക്കുറിച്ച്’’ കൂടുതൽ വിവരത്തിനായി സൂചിക ചേർക്കണമെങ്കിൽ ഈ ലേഖനവും http://www.gnu.org/gnu/the-gnu-project.html എന്ന ലേഖനവും നൽകാവുന്നതാണ്. ലിനക്സ് എന്ന കെർണലിനെക്കുറിച്ച് കൂടുതൽ വിവരത്തിന് http://foldoc.doc.ic.ac.uk/foldoc/foldoc.cgi?Linux എന്ന യുആർഎൽ ഉപയോഗിയ്ക്കാവുന്നതാണ്

അടിക്കുറിപ്പ്: ഗ്നുവിന് പുറമേ വേറൊരു സംരംഭവും ഒരു സ്വതന്ത്രമായ യുണിക്സ്-പോലുള്ള പ്രവർത്തക സംവിധാനം ഒറ്റയ്ക്ക് നിർമ്മിച്ചിട്ടുണ്ട്. യുസി ബെർക്കിലിയിൽ വികസിപ്പിച്ചെടുത്ത ഈ സിസ്റ്റം ബിഎസ്ഡി എന്നാണറിയപ്പെടുന്നത്. 80 കളിൽ ഇത് സ്വതന്ത്രമല്ലായിരുന്നു, പക്ഷേ 90 കളുടെ ആദ്യത്തിൽ ഇത് സ്വതന്ത്രമായി. ഇന്ന് നിലവിലുള്ള (4)ഒരു സ്വതന്ത്ര പ്രവർത്തക സംവിധാനം ഏതാണ്ടുറപ്പായും ഗ്നുവിൽ നിന്നുള്ളൊരു രൂപാന്തരമോ അല്ലെങ്കിൽ ഒരു ബിഎസ്ഡി സിസ്റ്റമോ ആണ്.

ഗ്നു/ലിനക്സ് പോലെ ബിഎസ്ഡിയും ഗ്നുവിന്റെ ഒരു പതിപ്പാണോ എന്ന് ആളുകൾ ചിലപ്പോൾ ചോദിയ്ക്കാറുണ്ട്. ഗ്നു സംരംഭത്തിന്റെ മാതൃകയിൽ നിന്ന് ആവേശമുൾക്കൊണ്ടും, ഗ്നു പ്രവർത്തകരുടെ തുറന്ന അഭ്യർത്ഥനമാനിച്ചും ആണ് ബിഎസ്ഡിയുടെ രചയിതാക്കൾ അത് സ്വതന്ത്ര സോഫ്റ്റ്‌വെയറാക്കിയതെങ്കിലും അവരുടെ കോഡും ഗ്നുവുമായി ബന്ധമൊന്നുമുണ്ടായിരുന്നില്ല. ഇന്ന് ഗ്നുവും അതിന്റെ രൂപാന്തരങ്ങളും ബിഎസ്ഡി പ്രോഗ്രാമുകളുപയോഗിയ്ക്കുന്നത് പോലെ തന്നെ ബിഎസ്ഡി സിസ്റ്റങ്ങൾ ചില ഗ്നു പ്രോഗ്രാമുകളുപയോഗിയ്ക്കുന്നുണ്ട്; എന്നിരുന്നാലും മുഴുവനായെടുത്താൽ അവ രണ്ടും വെവ്വേറെ വളർന്നുവന്ന രണ്ട് വ്യത്യസ്ത സിസ്റ്റങ്ങളാണ്. ബിഎസ്ഡിയുടെ രചയിതാക്കൾ ഒരു കെർണലെഴുതി ഗ്നുവിനോട് ചേർത്തതല്ലാത്തതിനാൽ തന്നെ ഗ്നു/ബിഎസ്ഡി എന്ന പേര് ഇവിടെ ചേരുകയില്ല.(5) കുറിപ്പുകൾ

1. ഇപ്പോൾ ഗ്നു ബിൻയൂട്ടിൽസിന്റെ ഭാഗമായ ഗ്നു അസംബ്ലർ എന്ന ജിഎഎസ്, ലിങ്കർ എന്ന ജിഎൽഡി എന്നീ പാക്കേജുകളും ഗ്നു ടാറും, മറ്റ് പലതും ഉൾക്കൊള്ളുന്നതാണ് ഈ അത്യാവശ്യവും എന്നാൽ രസകരമല്ലാത്തതുമായ ഘടകങ്ങൾ.
2. ഉദാഹരണത്തിന് ബോൺ എഗൈയിൻ ഷെൽ (ബാഷ്), ഗോസ്റ്റ്സ്ക്രിപ്റ്റ് എന്ന പോസ്റ്റ്സ്ക്രിപ്റ്റ് ഇന്റർപ്രട്ടർ, ഗ്നു സി ലൈബ്രറി തുടങ്ങിയവ പ്രോഗ്രാമിങ്ങിനുള്ള ഉപകരണങ്ങളല്ല. ഗ്നുകാഷ്, ഗ്നോം, ഗ്നു ചെസ്സ് എന്നിവയും അത്തരത്തിലുള്ളവയല്ല..
3. ഉദാഹരണത്തിന്, ഗ്നു സി ലൈബ്രറി.
4. ഇതെഴുതിയതിന് ശേഷം ഏതാണ്ട് മുഴുവൻ സ്വതന്ത്രമായ - വിൻഡോസ് മാതൃകയിലുള്ള ഒരു സിസ്റ്റം നിർമ്മിയ്ക്കപ്പെടുകയുണ്ടായി, പക്ഷെ സാങ്കേതികമായി അത് ഗ്നുവിനെ പോലെയോ യുനിക്സിനെ പോലെയോ അല്ലാത്തതുകൊണ്ട് ഇവിടെ ബാധകമാകുന്നില്ല.സൊളാരിസിന്റെ കേർണൽ ഏതാണ്ടെല്ലാം സ്വതന്ത്രമാണ്. പക്ഷെ അതുപയോഗിയ്ക്കണമെങ്കിൽ കേർണലിൽ വിട്ടു പോയ ഭാഗങ്ങൾ ചേർക്കുന്നതിന് പുറമെ അത് ഗ്നു വിലോ ബിഎസ്ഡിയിലോ ചേർക്കുകയോ വേണം.
5. എന്നാൽ, ഈ ലേഖനം എഴുതിയതിന് ശേഷം വർഷങ്ങൾ കഴിഞ്ഞപ്പോൾ ഗ്നു സി ലൈബ്രറി പ്രവർത്തിയ്ക്കുന്നതാക്കിയട്ടുണ്ട് എന്നത് ഗ്നു സിസ്റ്റവും ആ കെർണലും ഒന്നിപ്പിയ്ക്കുന്നത് സാധ്യമാക്കി. ഗ്നു/ലിനക്സ് പോലെ ഇവയും തീർച്ചയായും ഗ്നുവിന്റെ രൂപാന്തരങ്ങളാണ്, അതുകൊണ്ട് തന്നെ സിസ്റ്റത്തിലെ കെർണലിനനുസരിച്ച് ഇവയെ ഗ്നു/കെഫ്രീബിഎസ്ഡി

ഗ്നു/കെനെറ്റ്ബിഎസ്ഡി എന്നിങ്ങനെ വിളിയ്ക്കാറുണ്ട്. സാധാരണ ഉപയോക്താക്കൾക്ക് ഗ്നു/ലിനക്സും ഗ്നു/*ബിഎസ്ഡിയുമായി വേർതിരിച്ചറിയാൻ പോലും പ്രയാസമാണ്.

## 3.4 സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ ആശയം “ഓപ്പൺ സോഴ്സ്” വിട്ടുപോകുന്നത് എന്തുകൊണ്ട്*

സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ ആശയം “ഓപ്പൺ സോഴ്സ്” വിട്ടുപോകുന്നത് എന്തുകൊണ്ട്

സോഫ്റ്റ്‌വെയർ ‘‘ഫ്രീ’’ ആണ് എന്നു ഞങ്ങൾ പറയുമ്പോൾ ഞങ്ങൾ ഉദ്ദേശിയ്ക്കുന്നത് ആ സോഫ്റ്റ്‌വെയർ ഉപയോക്താക്കളുടെ അടിസ്ഥാന സ്വാതന്ത്ര്യത്തെ മാനിയ്ക്കുന്നു എന്നാണ്. അതായത്, ആ പ്രയോഗത്തെ പ്രവർത്തിപ്പിയ്ക്കാനും, അതിനെ പറ്റി പഠിയ്ക്കാനും, അതിൽ മാറ്റം വരുത്താനും, നവീകരിച്ചതോ അല്ലാത്തതോ ആയ പകർപ്പുകൾ മറ്റുള്ളവർക്ക് വിതരണം ചെയ്യാനും ഉള്ള സ്വാതന്ത്ര്യം അതനുവദിക്കുന്നു. ഇത് സ്വാതന്ത്ര്യത്തിന്റെ കാര്യമാണ് വിലയുടേതല്ല. അതായത് ‘‘ഫ്രീ സ്പീച്ച്’’ (സ്വതന്ത്ര ഭാഷണം)- എന്നതുപോലെ ‘‘ഫ്രീ ബിയർ ’’ (സൌജന്യ ഭക്ഷണം)എന്നതുപോലെ അല്ല.

ഈ സ്വാതന്ത്ര്യങ്ങൾ വളരെ പ്രാധാന്യം അർഹിയ്ക്കുന്നതാണ്. വ്യക്തിഗതമായ കാരണങ്ങൾകൊണ്ട് മാത്രമല്ല, മറിച്ച്, പരസ്പര സഹകരണത്തിലൂടേയും പങ്കുവെയ്ക്കലിലൂടേയും, സാമൂഹിക ദൃഢത വളർത്താൻ സഹായിക്കുന്നു എന്നതുകൊണ്ടാണ് ഇത് അത്യന്താപേക്ഷിതമാകുന്നത്. നമ്മുടെ ജീവിതചര്യകളും സംസ്കാരവും തന്നെ കൂടുതൽ ഡിജിറ്റൽവത്കരിയ്ക്കപ്പെടുമ്പോൾ ഇത് കൂടുതൽ പ്രസക്തമാകുന്നു. ഡിജിറ്റൽ ശബ്ദങ്ങളും, ചിത്രങ്ങളും, സംസാരവും കൊണ്ട് നിറയുന്ന ഈ ലോകത്ത് സോഫ്റ്റ്‌വെയറിന്റെ സ്വാതന്ത്ര്യം, മറ്റെല്ലാമേഖലകളിലുമുള്ള സ്വാതന്ത്ര്യത്തോട് തുലനം ചെയ്യപ്പെടേണ്ടതാണ്.

ലോകജനതയിൽ നൂറു ലക്ഷത്തോളം വരുന്ന ആൾക്കാർ ഇപ്പോൾ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിയ്ക്കുന്നു; സ്പെയിനിലേയും ഇന്ത്യയിലേയും പല ഭാഗങ്ങളിലെ(*നമ്മുടെ കൊച്ചു കേരളത്തിലും!) വിദ്യാലയങ്ങളിൽ എല്ലാ കുട്ടികളേയും സ്വതന്ത്ര പ്രവർത്തക സംവിധാനമായ ഗ്നു/ലിനക്സ് ഉപയോഗിയ്ക്കാനാണ് പഠിപ്പിയ്ക്കുന്നത്. പക്ഷെ ഈ സോഫ്റ്റ്‌വെയറും, സ്വതന്ത്ര സോഫ്റ്റ്‌വെയർ സമൂഹവും ഉണ്ടായതിനുപിന്നിലെ സന്മാർഗ്ഗികതയേ കുറിച്ച് കൂടുതലാളുകളും കേട്ടിട്ടില്ല, എന്തെന്നാൽ ഈ സ്വാതന്ത്ര്യത്തേ കുറിച്ച് അധികമൊന്നും പ്രദിപാദിയ്ക്കാത്ത ‘‘ഓപ്പൺ സോഴ്സ്’’ എന്ന ആശയത്തിന്റെ പേരിലാണ് ഇവ അധികവും അറിയപ്പെടുന്നത്.

1983 മുതൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനം, കമ്പ്യൂട്ടർ ഉപഭോക്താക്കളുടെ സ്വാതന്ത്ര്യത്തിനായി നിരന്തര സമരത്തിലേർപ്പെട്ടിരിയ്ക്കുകയാണ്. ഉപഭോക്താക്കളുടെ സ്വാതന്ത്ര്യത്തെ നിഷേധിയ്ക്കുന്ന പ്രവർത്തക സംവിധാനങ്ങൾക്ക് പകരമായി, 1984-ൽ ഞങ്ങൾ ഗ്നു എന്ന സ്വതന്ത്ര പ്രവർത്തക സംവിധാനത്തിന്റെ നിർമ്മാണം ആരംഭിച്ചു. എൺപതുകളോടെ ഗ്നുവിന്റെ പ്രധാനപ്പെട്ട ഭാഗങ്ങളെല്ലാം തന്നെ ഞങ്ങൾ നിർമ്മിച്ചു, കൂടാതെ ഗ്നു പൊതു സമ്മതപത്രം(GNU General Public License) എന്ന പേരിൽ ഒരു സമ്മതപത്രവും നിർമ്മിയ്ക്കുകയുണ്ടായി. ഒരു പ്രയോഗം ഉപയോഗിയ്ക്കുന്ന എല്ലാവരുടേയും സ്വാതന്ത്ര്യത്തെ സംരക്ഷിയ്ക്കാനായി പ്രത്യേകം വിഭാവനം ചെയ്തതായിരുന്നു അത്.

എന്നിരുന്നാലും സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ എല്ലാ ഉപഭോക്താക്കളും, നിർമ്മാതാക്കളും സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിന്റെ ലക്ഷ്യത്തോട് അനുകൂലിച്ചില്ല. 1998-ൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ സമൂഹത്തിലെ ഒരു ഭാഗം പ്രവർത്തകർ ‘‘ ഓപ്പൺ സോഴ്സ്’’ എന്ന പേരിൽ സംഘടിച്ചു. ‘‘ഫ്രീ സോഫ്റ്റ്‌വെയർ’’ എന്ന വാക്കിലെ ആശയകുഴപ്പമാണ് ഓപ്പൺ സോഴ്സ് എന്ന വാക്കുണ്ടാവാനുള്ള ആദ്യ കാരണം. പക്ഷെ താമസ്സിയാതെ അത് സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിന്റേതിൽ നിന്നും വ്യത്യസ്തമായ മറ്റൊരു ആശയത്തെ പിൻതാങ്ങുന്നതായി.

‘‘ഓപ്പൺ സോഴ്സ്’’ -ന്റെ ചില പ്രവർത്തകർ ആദ്യം അതിനെ ‘‘ സ്വതന്ത്ര സോഫ്റ്റ്‌വെയറിന് വാണിജ്യ രംഗത്തെ വിപണന ഉപാധി’’

ആയാണ് കണ്ടതു്. പൊതുവെ സാമൂഹിക ശരിതെറ്റുകളെ കുറിച്ച് അധികം കേൾക്കാൻ ഇഷ്ടമില്ലാത്ത ബിസിനസ്സ് നടത്തിപ്പുകാരോട്, ഇതിന്റെ പ്രായോഗിക ഗുണഗണങ്ങളേ പറ്റി പറയുന്ന പ്രചരണം. മറ്റു പ്രവർത്തകർ, സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനം ഉയർത്തുന്ന മൂല്യത്തിന്റേയും സന്മാർഗ്ഗികതയുടേയും വിഷയങ്ങളെ പാടെ നിഷേധിച്ചു. അവരുടെ കാഴ്ചപ്പാടെന്തായാലും ‘‘ഓപ്പൺ സോഴ്സിനു’’ വേണ്ടി പ്രവർത്തിച്ചപ്പോൾ അവർ ഈ മൂല്യങ്ങളേ കുറിച്ച് പറയുകയോ വാദിയ്ക്കുകയോ ചെയ്തില്ല. പോകപ്പോകെ ‘‘ഓപ്പൺ സോഴ്സ്’’ എന്നാൽ, ശക്തവും വിശ്വസ്തവും ആയ സോഫ്റ്റ്‌വെയർ ഉണ്ടാക്കുക തുടങ്ങിയ പ്രായോഗിക കാര്യങ്ങളേ കുറിച്ച് മാത്രം പറയുന്നതായി. ഒട്ടുമിക്ക ‘‘ഓപ്പൺ സോഴ്സ്’’ പ്രവർത്തകരും അങ്ങിനെയാണ് ചെയ്തതു്. അതുകൊണ്ടു് തന്നെ ‘‘ഓപ്പൺ സോഴ്സ്’’ അങ്ങിനെ ഒരു ആശയത്തെ പ്രതിനിധീകരിച്ചു.

ഏതാണ്ടു് എല്ലാ ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയറും സ്വതന്ത്ര സോഫ്റ്റ്‌വെയറാണ്. രണ്ടു് പദങ്ങളും ഏതാണ്ടു് ഒരേ ഗണത്തിലുള്ള സോഫ്റ്റ്‌വെയറിനെ കുറിച്ചാണ് പറയുന്നതും. പക്ഷെ അടിസ്ഥാനപരമായി വ്യത്യസ്തമായ ആശങ്ങളെ കുറിച്ചാണ് അവർ പറയുന്നതു്. ഓപ്പൺ സോഴ്സ് ഒരു നിർമ്മാണ വ്യവസ്ഥയാണ്; സ്വതന്ത്ര സോഫ്റ്റ്‌വെയർ ഒരു സാമൂഹ്യ പ്രസ്ഥാനമാണ്. സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിനു്, സ്വതന്ത്ര സോഫ്റ്റ്‌വെയർ ഒരു നൈതിക പ്രശ്നമാണ്, എന്തെന്നാൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ മാത്രമെ ഉപഭോക്താവിന്റെ സ്വാതന്ത്ര്യത്തെ മാനിയ്ക്കുന്നുള്ളൂ. ഇതിൽ നിന്നും വ്യത്യസ്തമായി, പ്രായോഗികമായി എങ്ങിനെ ‘‘മെച്ചപ്പെട്ട’’ സോഫ്റ്റ്‌വെയർ ഉണ്ടാക്കാം എന്ന ദിശയിലാണ് ഓപ്പൺ സോഴ്സിന്റെ ആശയങ്ങൾ. അതു് പ്രകാരം കുത്തക സോഫ്റ്റ്‌വെയർ, അപൂർണ്ണമായ ഒരു പരിഹാരമാണ്. പക്ഷെ സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം, സ്വതന്ത്രമല്ലാത്ത സോഫ്റ്റ്‌വെയർ ഒരു സാമൂഹിക പ്രശ്നമാണ്, സ്വതന്ത്രമായ സോഫ്റ്റ്‌വെയറിലേയ്ക്കുള്ള മാറ്റമാണ് അതിനു് പരിഹാരം.

സ്വതന്ത്ര സോഫ്റ്റ്‌വെയർ. ഓപ്പൺ സോഴ്സ്. ഇവരണ്ടും ഒരേ സോഫ്റ്റ്‌വെയറിനെ പറ്റി പറയുന്നു. പിന്നെ ഏതു പേരുപയോഗിച്ചാലും കുഴപ്പമുണ്ടോ? ഉണ്ടു്. കാരണം, വ്യത്യസ്ത പേരുകൾ വ്യത്യസ്ത ആശയങ്ങളാണ് സംവേദനം ചെയ്യുന്നതു്. സ്വതന്ത്രമായ ഒരു സോഫ്റ്റ്‌വെയർ ഏതു പേരിലായാലും ഇന്ന് നിങ്ങൾക്ക് അതേ സ്വാതന്ത്ര്യങ്ങൾ തന്നെ നല്കുന്നു. പക്ഷെ സ്വാതന്ത്ര്യം എന്നന്നേയ്ക്കുമായി നിലനില്ക്കുന്നതിനു്, ജനങ്ങളെ അവരുടെ സ്വാതന്ത്ര്യത്തെ പറ്റി ബോധവാന്മാരാക്കേണ്ടതു് ആവശ്യമാണ്. അതിനായി സഹായിയ്ക്കാൻ നിങ്ങൾക്കു താത്പര്യമുണ്ടെങ്കിൽ ‘‘സ്വതന്ത്ര സോഫ്റ്റ്‌വെയർ ’’ -നെ പറ്റി പറയേണ്ടതു് വളരെ പ്രധാനമാണ്.

സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിന്റെ പ്രവർത്തകരായ ഞങ്ങൾ ഓപ്പൺ സോഴ്സിനെ ശത്രുക്കളായി കാണുന്നില്ല; കുത്തക(സ്വതന്ത്രമല്ലാത്ത) സോഫ്റ്റ്‌വെയറുകളാണ് ഞങ്ങളുടെ ശത്രുക്കൾ. പക്ഷെ ഞങ്ങൾ സ്വാതന്ത്ര്യത്തിനു വേണ്ടിയാണ് നിലകൊള്ളുന്നതു് എന്ന് ജനങ്ങളറിയാൻ ഞങ്ങൾക്ക് താത്പര്യമുണ്ടു്. അതുകൊണ്ടു് തന്നെ ഞങ്ങളെ ഓപ്പൺ സോഴ്സിന്റെ വക്താക്കളായി ചിത്രീകരിയ്ക്കുന്നതു് ഞങ്ങൾക്ക് സ്വീകാര്യവുമല്ല. ‘‘ഫ്രീ സോഫ്റ്റ്‌വെയർ ’’, ‘‘ഓപ്പൺ സോഴ്സ്’’ എന്നതിലെ തെറ്റിദ്ധാരണകൾ

‘‘ഫ്രീ സോഫ്റ്റ്‌വെയർ ’’ എന്ന പദത്തെ തെറ്റായി വ്യാഖ്യാനിയ്ക്കപ്പെടാം എന്നൊരു പ്രശ്നമുണ്ടു്. ‘‘പൂജ്യം വിലയ്ക്കു ലഭിയ്ക്കുന്ന സോഫ്റ്റ്‌വെയർ’’ എന്ന ഉദ്ദേശിക്കാത്ത അർത്ഥവും, ‘‘ഉപഭോക്താക്കളുടെ സ്വാതന്ത്ര്യത്തെ മാനിയ്ക്കുന്ന സോഫ്റ്റ്‌വെയർ ’’ എന്ന ഉദ്ദേശിയ്ക്കുന്ന അർത്ഥവും അതിനു് ഒരു പോലെ ചേരും. സ്വതന്ത്ര സോഫ്റ്റ്‌വെയർ എന്നതിനു് നിർവചനം കൊടുത്തും, ‘‘ഫ്രീ സ്പീച്ച്-നെ പറ്റി ചിന്തിയ്ക്കു ഫ്രീ ബിയറിനെ പറ്റിയല്ല ’’ തുടങ്ങിയ ലഘു വിശദീകരണങ്ങൾ ഉപയോഗിച്ചും ആണു് ആ പ്രശ്നത്തേ ഞങ്ങൾ നേരിട്ടതു്. പക്ഷെ അതൊരു കൃത്യമായ പരിഹാരമല്ല; പ്രശ്നത്തേ പൂർണ്ണമായി ഇല്ലാതാക്കാനും അതിനു് കഴിയില്ല. സംശയം വരുത്താത്ത കൃത്യമായ ഒരു പദം ഉപയോഗിയ്ക്കുന്നതു് എന്തുകൊണ്ടും നല്ലതാണ്, അതുകൊണ്ടു് വേറേ പ്രശ്നമൊന്നുമില്ലെങ്കിൽ.

നിർഭാഗ്യവശാൽ, ഇംഗ്ലീഷിലുള്ള മറ്റെല്ലാ പദങ്ങൾക്കും അതിന്റേതായ പ്രശ്നങ്ങളുണ്ടു്. ജനങ്ങൾ നിർദ്ദേശിച്ച മറ്റ് പല പേരുകളും ഞങ്ങൾ പരിഗണിയ്ക്കുകയുണ്ടായി, പക്ഷെ അവയൊന്നും പേരുമാറ്റാൻ മാത്രമുള്ള കൃത്യതയുണ്ടായിരുന്നില്ല. ‘‘ഫ്രീ സോഫ്റ്റ്‌വെയർ ’’ എന്നതിനു്

പകരം നിർദ്ദേശിച്ച എല്ലാ വാക്കുകൾക്കും ഒരു തരത്തിൽ അല്ലെങ്കിൽ വേറൊരു തരത്തിലുള്ള പ്രശ്നങ്ങളുണ്ടായിരുന്നു- അതിൽ ''ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ '' എന്നതും ഉൾക്കൊള്ളുന്നു.

ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ-എന്നതിന്റെ ആധികാരിക നിർവചനം(ഓപ്പൺ സോഴ്സ് ഇനിഷ്യേറ്റീവ് പ്രസിദ്ധീകരിച്ചതു്-ഇവിടെ ചേർക്കാൻ പറ്റുന്നതിലും വലുതാണതു്) സ്വതന്ത്ര സോഫ്റ്റ്‌വെയറിന് ഞങ്ങൾ കൊടുത്ത നിബന്ധനകളിൽ നിന്ന് ഉരുത്തിരിഞ്ഞതാണ്. പക്ഷെ അതു് രണ്ടും ഒന്നല്ല. ഓപ്പൺ സോഴ്സിന്റെ നിർവചനം ചില കാര്യങ്ങളിൽ വിട്ടുവീഴ്ചചെയ്യുന്നു. അതുകൊണ്ടുതന്നെ സ്വീകരിക്കാനാവത്തതായി ഞങ്ങൾ കരുതുന്ന ചില സമ്മതപത്രങ്ങൾ അവർക്കു് സ്വീകാര്യമാണ്. എന്നിരുന്നാലും പ്രായോഗിക തലത്തിൽ രണ്ടും ഏതാണ്ടു് ഒരുപോലെയാണ്.

എങ്കിലും, ''നിങ്ങൾക്കു് സോഴ്സ് കോഡ് വായിക്കാം '' എന്നാണ് ''ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ '' എന്ന പദത്തിന്റെ ഒറ്റ നോട്ടത്തിലുള്ള വിശദീകരണം. കുറേയേറെ പേർ അങ്ങിനെ വിചാരിയ്ക്കാനും സാധ്യതയുണ്ടു്. പക്ഷെ ആ നിബന്ധന, സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെയോ ഓപ്പൺ സോഴ്സിന്റേയോ ആധികാരിക വിശദീകരണത്തെ അപേക്ഷിച്ച് വളരെ ശോഷിച്ചതാണ്. സ്വതന്ത്ര സോഫ്റ്റ്‌വെയറോ ഓപ്പൺ സോഴ്സോ അല്ലാത്ത ഒട്ടേറെ പ്രയോഗങ്ങളും ആ നിബന്ധനയിൽ പെടും.

''ഓപ്പൺ സോഴ്സ് '' എന്ന പദത്തിന് ഒറ്റ നോട്ടത്തിലുള്ള അർത്ഥം അതിന്റെ പ്രവർത്തകർ ഉദ്ദേശിയ്ക്കുന്നതല്ല അതുകൊണ്ടു്, കൂടുതലാളുകളും തെറ്റിദ്ധരിയ്ക്കാൻ സാധ്യതയുണ്ടു്. നീൽ സ്റ്റെഫെൻസൺ (Neal Stephenson)''ഓപ്പൺ സോഴ്സിനെ '' നിർവചിച്ചതു് ഇങ്ങനെ:

ലിനക്സ് ''ഓപ്പൺ സോഴ്സ് '' ആണ്, ലളിതമായി പറഞ്ഞാൽ, ആർക്കുവേണമെങ്കിലും അതിന്റെ സോഴ്സ് കോഡിന്റെ പകർപ്പ് ലഭിയ്ക്കും.

''ആധികാരിക '' നിർവചനം നിഷേധിയ്ക്കാനും അതുമായി തർക്കിയ്ക്കാനും ഒന്നും അദ്ദേഹത്തിന് ഉദ്ദേശമുണ്ടു് എന്നെനിയ്ക്കുതോന്നുന്നില്ല. ഇംഗ്ലീഷ് ഭാഷാപരമായിട്ടുള്ള ലളിതമായ അർത്ഥമാണ് അദ്ദേഹം പറഞ്ഞതു്. കൻസാസ് (Kansas)സംസ്ഥാനം അതുപോലെ ഒരു നിർവചനം കൊടുത്തു:

ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ ഉപയോഗിയ്ക്കു. സോഴ്സ് കോഡ്, സൌജന്യമായി പൊതുജനത്തിന് ലഭിയ്ക്കുന്ന സോഫ്റ്റ്‌വെയർ ആണ് ഓപ്പൺ സോഴ്സ്, ആ കോഡ് എങ്ങിനെ ഉപയോഗിയ്ക്കണമെന്നതിനുള്ള നിഷ്കർഷതകൾ വ്യത്യസ്തപ്പെടാമെങ്കിലും.

ഈ പ്രശ്നം നേരിടാൻ, ഓപ്പൺ സോഴ്സിന്റെ ആധികാരിക നിർവചനത്തിലേയ്ക്ക് വിരൽചൂണ്ടുക എന്ന മാർഗ്ഗമാണ് അതിന്റെ പ്രവർത്തകർ ചെയ്തതു്. പക്ഷെ ആ തിരുത്തൽ ഞങ്ങൾക്കു് ചെയ്യേണ്ട തിരുത്തലിന്റെ അത്ര ഫലവത്തല്ല. ഫ്രീ സോഫ്റ്റ്‌വെയർ എന്ന പദത്തിന് പ്രകൃത്യാ രണ്ടു് അർത്ഥം വരാം, അതിലൊന്ന്, നമ്മൾ ഉദ്ദേശിച്ച അർത്ഥമാണ്, അതായതു് ഫ്രീ സ്പീച്ചാണ്(സ്വതന്ത്ര ഭാഷണം) ഫ്രീ ബിയറല്ല (സൌജന്യ ഭക്ഷണം) എന്ന് മനസ്സിലായ ഒരാൾക്കു് പിന്നെ തെറ്റില്ല. പക്ഷെ ഓപ്പൺ സോഴ്സ് എന്നതിന് പ്രകൃത്യാ ഒറ്റ അർത്ഥമേയുള്ളു. അതു് അതിന്റെ പ്രവർത്തകർ ഉദ്ദേശിയ്ക്കാത്തതാണ്. അതായതു് ഓപ്പൺ സോഴ്സ് എന്നതിന്റെ ആധികാരിക നിർവചനത്തെ വിശദീകരിയ്ക്കാൻ സംക്ഷിപ്തമായ ഒരു രൂപമില്ല. അതു് കൂടുതൽ ആശയകുഴപ്പത്തിലേയ്ക്കു് വഴിവയ്ക്കും.

'' ഓപ്പൺ സോഴ്സ് '' എന്നാൽ ''ഗ്നു പൊതു സമ്മതപത്രം ഉപയോഗിയ്ക്കാത്തതു് '' എന്നതാണ് മറ്റൊരു തെറ്റിദ്ധാരണ. ''ഫ്രീ സോഫ്റ്റ്‌വെയർ'' എന്നാൽ ''ഗ്നു സമ്മതപത്രം ഉപയോഗിയ്ക്കുന്നതു് '' എന്ന തെറ്റിദ്ധാരണയുടെ തുടർച്ചയാണതു്. ഇവ രണ്ടും ഒരു പോലെ അബദ്ധമാണ്. ഗ്നു പൊതു സമ്മതപത്രം ഓപ്പൺ സോഴ്സ് അംഗീകരിച്ച സമ്മതപത്രങ്ങളിൽ ഒന്നാണെന്നതു തന്നെ കാരണം. കൂടാതെ മിക്ക ഓപ്പൺ സോഴ്സ് സമ്മതപത്രങ്ങളും സ്വതന്ത്ര സോഫ്റ്റ്‌വെയർ സമ്മതപത്രങ്ങളാണ്. വ്യത്യസ്തമൂല്യങ്ങൾ ഒരേ നിഗമനത്തിലേയ്ക്കു് നയിയ്ക്കാം. . . എല്ലായിപ്പോഴുമില്ലെന്ന് മാത്രം

1960-കളിലെ ത്വാത്വിക സംഘങ്ങൾ ഗ്രൂപ്പ്‌വഴക്കുകൾക്ക് പേരുകേട്ടതായിരുന്നു: തന്ത്ര പരമായ അഭിപ്രായ വ്യത്യാസത്തിന്റെ പേരിൽ ചില സംഘടനകൾ തെറ്റിപ്പിരിഞ്ഞിരുന്നു. അടിസ്ഥാന ലക്ഷ്യങ്ങളിലും മൂല്യങ്ങളിലും വലിയ വ്യത്യാസമുണ്ടായിരുന്നില്ലെങ്കിലും അവർ പരസ്പരം ശത്രുക്കളായി കരുതി. വലതു പക്ഷമാണ് ഇതിൽ കൂടുതലും സൃഷ്ടിച്ചത്, കൂടാതെ ഇടതു പക്ഷക്കാരെ മുഴുവനായി കുറ്റപ്പെടുത്താനായി ഇതൊക്കെ ഉപയോഗിയ്ക്കുകയും ചെയ്തു.

ഞങ്ങൾക്ക് ഓപ്പൺ സോഴ്സിനോടുള്ള വിയോജിപ്പ് ഈ സംഘങ്ങളോടുപമിച്ച് ചിലർ സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനത്തെ അവഹേളിയ്ക്കാൻ ശ്രമിയ്ക്കുന്നുണ്ട്. അവർക്കുത് തിരിച്ചാണുള്ളത്. ഞങ്ങൾക്ക് ഓപ്പൺ സോഴ്സിനോടുള്ള എതിർപ്പ് അടിസ്ഥാനപരമായ ലക്ഷ്യങ്ങളിലും മൂല്യങ്ങളിലുമാണ്, പക്ഷെ അവരുടേയും ഞങ്ങളുടേയും കാഴ്ചപ്പാട് പലപ്പോഴും ഒരേ പ്രാവർത്തിക സ്വഭാവത്തിലേയ്ക്ക് നയിയ്ക്കാറുണ്ട്—സ്വതന്ത്ര സോഫ്റ്റ്‌വെയർ നിർമ്മാണം തുടങ്ങിയ കാര്യങ്ങളിൽ.

അതുകൊണ്ട് തന്നെ സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രവർത്തകരും, ഓപ്പൺ സോഴ്സ് പ്രവർത്തകരും സോഫ്റ്റ്‌വെയർ നിർമ്മാണം തുടങ്ങിയ പ്രായോഗിക സംരംഭങ്ങളിൽ ഒരുമിച്ച് പ്രവർത്തിയ്ക്കാറുണ്ട്. ഇത്ര വ്യത്യസ്തമായ മൂല്യങ്ങളുള്ള വ്യത്യസ്ത ആൾക്കാർ ഒരേ സംരംഭങ്ങളിൽ പ്രവർത്തിയ്ക്കാൻ പ്രചോദിതരാകാം എന്നത് ശ്രദ്ധേയമാണ്. എന്നിരുന്നാലും ഈ കാഴ്ചപ്പാടുകൾ വളരെ വ്യത്യസ്തമാണ്, ഇവ രണ്ടും തികച്ചും വ്യത്യസ്തമായ ചെയ്തികളിലേയ്ക്ക് നയിയ്ക്കുന്ന സാഹചര്യങ്ങളുമുണ്ട്.

ഉപഭോക്താക്കൾക്ക് സോഫ്റ്റ്‌വെയർ മാറ്റം വരുത്താനും, വിതരണം ചെയ്യുവാനും പറ്റുമ്പോൾ സോഫ്റ്റ്‌വെയർ കൂടുതൽ ശക്തവും വിശ്വസ്തവും ആകും എന്നതാണ് ഓപ്പൺ സോഴ്സിന്റെ ആശയം. പക്ഷെ അതിന് ഉറപ്പൊന്നുമില്ല. കുത്തക സോഫ്റ്റ്‌വെയർ നിർമ്മാതാക്കൾ സാമർത്ഥ്യം ഇല്ലാത്തവരാകണം എന്നില്ല. ചിലപ്പോൾ അവരും ശക്തവും വിശ്വസ്തവും ആയ പ്രയോഗങ്ങൾ ഉണ്ടാക്കാറുണ്ട്, അവ ഉപഭോക്താക്കളുടെ സ്വാതന്ത്ര്യത്തെ മാനിയ്ക്കുന്നില്ലെങ്കിലും. അതിനോട് സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രവർത്തകരും ഓപ്പൺ സോഴ്സ് പ്രവർത്തകരും എങ്ങിനെയായിരിയ്ക്കും പ്രതികരിയ്ക്കുക?

സ്വാതന്ത്ര്യത്തിന്റെ ആശയത്തിൽ വിശ്വസിയ്ക്കാത്ത ഒരു പൂർണ്ണ ഓപ്പൺ സോഴ്സ് പ്രവർത്തകൻ പറയുന്നതിങ്ങനെ ആയിരിയ്ക്കും: "ഞങ്ങളുടെ വികസന മാതൃക ഉപയോഗിയ്ക്കാതെ തന്നെ നന്നായി പ്രവർത്തിയ്ക്കുന്ന പ്രയോഗം നിങ്ങൾ നിർമ്മിച്ചിരിയ്ക്കുന്നതിൽ എനിയ്ക്ക് അത്ഭുതമുണ്ട്, എനിക്കതിന്റെ ഒരു പകർപ്പ് എങ്ങിനെ കിട്ടും?" ഈ നിലപാട്, നമ്മുടെ സ്വാതന്ത്ര്യം എടുത്തുകളയാനായി ശ്രമിയ്ക്കുന്ന പദ്ധതികൾക്ക് പ്രജോദനമാകും, അത് നഷ്ടപ്പെടുന്നതിലേയ്ക്കും വഴിവെയ്ക്കും.

അതെ സമയം ഒരു സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രവർത്തകൻ പറയുക: "നിങ്ങളുടെ പ്രയോഗം വളരെ ആകർഷണീയമാണ്, പക്ഷെ അതെന്റെ സ്വാതന്ത്ര്യത്തിന്റെ വിലയ്ക്കല്ല. അതുകൊണ്ട് എനിയ്ക്കതുപയോഗിയ്ക്കാൻ പറ്റില്ല. പകരം അതിനൊരു സ്വതന്ത്രമായ പകരക്കാരനെ നിർമ്മിയ്ക്കാനുള്ള സംരംഭത്തെ സഹായിയ്ക്കാൻ ഞാൻ തയ്യാറാണ്"എന്നാണ്. നമ്മുടെ സ്വാതന്ത്ര്യത്തെ നമ്മൾ മാനിയ്ക്കുന്നുണ്ടെങ്കിൽ, അത് നിലനിർത്താനും പ്രതിരോധിയ്ക്കാനുമായി നമുക്ക് പ്രവർത്തിയ്ക്കാം. ശക്തവും, വിശ്വസ്തവും ആയ സോഫ്റ്റ്‌വെയറും ദുഷിച്ചതാകാം

സോഫ്റ്റ്‌വെയർ അതിന്റെ ഉപഭോക്താവിനെ സേവിയ്ക്കാനായാണ് നിർമ്മിച്ചത് എന്ന ധാരണയിലാണ് അത് ശക്തവും വിശ്വസ്തവും ആകണം എന്ന് അവർ ആഗ്രഹിയ്ക്കുന്നത്. സോഫ്റ്റ്‌വെയർ കൂടുതൽ ശക്തവും വിശ്വസ്തവും ആണെങ്കിൽ കൂടുതൽ മെച്ചപ്പെട്ട രീതിയിലുള്ള സേവനം അത് ലഭ്യമാക്കുന്നു.

പക്ഷെ ഒരു സോഫ്റ്റ്‌വെയർ അതിന്റെ ഉപയോക്താക്കളുടെ സ്വാതന്ത്ര്യത്തെ മാനിയ്ക്കുമ്പോൾ മാത്രമേ അത് ഉപയോക്താക്കളെ സേവിയ്ക്കുകയാണെന്ന് പറയാൻ കഴിയൂ. ഉപയോക്താക്കളെ ചങ്ങലയ്ക്കിടാനായാണ് സോഫ്റ്റ്‌വെയർ നിർമ്മിച്ചതെങ്കിലോ?അപ്പോൾ കൂടുതൽ ശക്തമായ സോഫ്റ്റ്‌വെയർ എന്നാൽ അതിന്റെ ചങ്ങലകൾ കൂടുതൽ ഞെരുക്കുന്നതാണെന്നും, വിശ്വസ്തം എന്നാൽ അത്

ഉഴിവാക്കാൻ കൂടുതൽ പ്രയാസമാണ് എന്നുമാണ്. ഉപയോക്താക്കളുടെ മേൽ ചാരപ്പണി ചെയ്യുക, അവരെ നിയന്ത്രിയ്ക്കുക, പിൻവാതിലുകൾ ചേർക്കുക, നിർബന്ധിത നവീകരണം നടത്തുക തുടങ്ങിയ ദുഷ്ടലാക്കോടെയുള്ള ഘടകങ്ങൾ കുത്തക സോഫ്റ്റ്‌വെയറിൽ സാധാരണമാണ്, കൂടാതെ ചില ഓപ്പൺസോഴ്സ് പ്രവർത്തകർക്കും അങ്ങിനെ ചെയ്യാൻ ആഗ്രഹമുണ്ട്.

സിനിമാ, ശബ്ദരേഖാ വ്യവസായങ്ങളുടെ സമ്മർദ്ദത്തിൽ ഉപയോക്താക്കളെ കൂടുതൽ കൂടുതൽ വിലക്കുന്ന രീതിയിലാണ് സോഫ്റ്റ്‌വെയറുകൾ നിർമ്മിയ്ക്കപ്പെടുന്നത്. ഈ ദുഷിച്ച ഘടകങ്ങളെ പൊതുവിൽ പറയുന്നത് ഡിജിറ്റൽ നിയന്ത്രണ നിർവഹണം എന്നാണ്(Digital Restrictions Management[DRM]-see DefectiveByDesign.org) ഇത് സ്വതന്ത്ര സോഫ്റ്റ്‌വെയർ ലക്ഷ്യമാക്കുന്ന സ്വാതന്ത്ര്യത്തിന് നേരെ വിപരീതമായ ആശയത്തോടെയുള്ളതാണ്. ആശയം മാത്രമല്ല: DRM-ന്റെ ലക്ഷ്യം തന്നെ, നിങ്ങളുടെ സ്വാതന്ത്ര്യം തകർക്കുക എന്നതായതു കൊണ്ട്, DRM നടപ്പിലാക്കുന്ന സോഫ്റ്റ്‌വെയറുകൾ മാറ്റുക എന്നത് പ്രയാസകരമോ, അസാധ്യമോ, അല്ലെങ്കിൽ നിയമവിരുദ്ധമോ ആയ രീതിയിലാണ് അതിന്റെ നിർമ്മാതാക്കൾ അതുണ്ടാക്കുന്നത്.

എന്നിട്ടും ചില ഓപ്പൺ സോഴ്സ് പ്രവർത്തകർ “ ഓപ്പൺ സോഴ്സ് DRM” മുന്നോട്ട് വയ്ക്കുന്നു. നിഗൂഢവത്കരിച്ച മാധ്യമങ്ങളെ(encrypted media) നിങ്ങൾ ഉപയോഗിയ്ക്കുന്നത് നിയന്ത്രിയ്ക്കാനുള്ള സോഫ്റ്റ്‌വെയറിന്റെ കോഡ് ഇവർ പ്രസിദ്ധീകരിയ്ക്കുന്നു. അത് തിരുത്താൻ മറ്റുള്ളവരെ അനുവദിയ്ക്കുന്നതുവഴി നിങ്ങളെത്തന്നെ നിയന്ത്രിയ്ക്കാനുള്ള സോഫ്റ്റ്‌വെയർ കൂടുതൽ ശക്തവും വിശ്വസ്തവുമാകുന്നു. പിന്നീട് ആ സോഫ്റ്റ്‌വെയർ മാറ്റാൻ അനുവദിയ്ക്കാത്ത ഉപകരണങ്ങളിലായി അത് നിങ്ങളുടെ പക്കൽ തന്നെ എത്തുന്നു.

ഈ സോഫ്റ്റ്‌വെയർ “ഓപ്പൺ സോഴ്സായിരിയ്ക്കാം,” ഓപ്പൺ സോഴ്സിന്റെ നിർമ്മാണ മാതൃകയാണ് അതുപയോഗിയ്ക്കുന്നതും. പക്ഷെ അത് ശരിക്കും ഉപയോഗിയ്ക്കുന്നവർക്ക് സ്വതന്ത്ര്യം ലഭിയ്ക്കുന്നില്ല എന്നതുകൊണ്ട് അത് സ്വതന്ത്ര സോഫ്റ്റ്‌വെയറാകില്ല. ഓപ്പൺ സോഴ്സ് നിർമ്മാണ മാതൃക അതിനെ കൂടുതൽ ശക്തിയോടും വിശ്വസ്തതയോടും കൂടി നിങ്ങളെ നിയന്ത്രിയ്ക്കാൻ പ്രാപ്തമാക്കുന്നു എങ്കിൽ അത് ഏറ്റവും പരിതാപകരമാണ്. സ്വാതന്ത്ര്യത്തോടുള്ള പേടി

“സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ” സന്മാർഗ്ഗികപരമായ കാര്യങ്ങൾ ചിലരുടെ സമാധാനംകെടുത്തുന്നു എന്നതാണ് “ഓപ്പൺ സോഴ്സ്” എന്ന പദം ഉയർന്നു വരാനുള്ള മുഖ്യകാരണം. അതു ശരിയാണ്: സ്വാതന്ത്ര്യത്തെ കുറിച്ചും, സന്മാർഗ്ഗികതയേപറ്റിയും, ഉത്തരവാദിത്വത്തെ പറ്റിയും, സൌകര്യത്തെ പറ്റിയും ഒക്കെ പറയുമ്പോൾ അവർ അവഗണിയ്ക്കാനാഗ്രഹിയ്ക്കുന്ന വിഷയങ്ങളിലേയ്ക്കും അത് കടന്നേക്കാം- അവരുടെ നടപടികൾ സന്മാർഗ്ഗികമാണോയെന്നും മറ്റും. അത് അസ്വസ്ഥതയുണ്ടാക്കാം, ചിലർ ആ ഭാഗത്തേയ്ക്ക് എങ്ങും ചിന്തിയ്ക്കാൻതന്നെ തയ്യാറാവില്ല. അതുകൊണ്ടൊന്നും ഇത് ചർച്ച ചെയ്യരുതെന്നില്ല.

എന്തായാലും “ഓപ്പൺസോഴ്സിന്റെ” നേതാക്കൾ അങ്ങിനെയാണ് നിശ്ചയിച്ചത്. സ്വാതന്ത്ര്യത്തെ പറ്റിയും സന്മാർഗ്ഗികതയേ പറ്റിയും ഒന്നും പറയാതെ, ചില സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ വളരെ അടുത്ത പ്രായോഗിക ഫലങ്ങളെ പറ്റി മാത്രം സംസാരിച്ചും, അവർക്ക് സോഫ്റ്റ്‌വെയറുകൾ കൂടുതൽ “വിൽക്കാം” എന്നവർ കണ്ടെത്തി, പ്രത്യേകിച്ചും വ്യവസായപരം.

അതിന്റേതായ കാരണങ്ങളിൽ ആ സമീപനം ഫലപ്രദമാണ്. ഓപ്പൺ സോഴ്സിന്റെ പ്രസംഗപാടവം പല വ്യവസായത്തേയും വ്യക്തികളേയും സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിയ്ക്കാനും, കൂടാതെ നിർമ്മിയ്ക്കാനും വരെ കാരണമായിട്ടുണ്ട്. അത് നമ്മുടെ സമൂഹത്തെ വലുതാക്കിയിട്ടുണ്ട് —പക്ഷെ അത് ഉപരിപ്ലവവും പ്രായോഗികതലത്തിൽ മാത്രമുള്ളതുമാണ്. ഓപ്പൺ സോഴ്സിന്റെ പ്രായോഗിക മൂല്യങ്ങളിൽ മാത്രം ഒതുങ്ങുന്ന തത്വശാസ്ത്രം, അതിനേക്കാൾ ആഴത്തിലുള്ള സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ ആശയം മനസ്സിലാക്കുന്നത് തടയുന്നു. അത് നമ്മുടെ സമൂഹത്തിലേയ്ക്ക് കുറേയേറെ പേരെ കൊണ്ടുവരുന്നു പക്ഷെ അവരെ പ്രതിരോധിയ്ക്കാൻ പഠിപ്പിയ്ക്കുന്നില്ല. അതു പോകുന്നിടത്തോളം നല്ലതാണ്. പക്ഷെ അത് സ്വാതന്ത്ര്യം സുരക്ഷിതമാക്കാൻ പര്യാപ്തമല്ല. സ്വതന്ത്ര സോഫ്റ്റ്‌വെയറിലേയ്ക്ക് ആൾക്കാരെ

ആകർഷിയ്ക്കുക എന്നതു്, അവരെ സ്വന്തം സ്വാതന്ത്ര്യത്തിന്റെ പോരാളിയാവുകയെന്നതിന്റെ പാതിവഴി വരെയേ എത്തിയ്ക്കുന്നുള്ളൂ.

താമസ്സിയാതെ, ഏതെങ്കിലും പ്രായോഗിക മെച്ചം കാരണം ഇതേ ഉപഭോക്താക്കളെ, കുത്തക സോഫ്റ്റ്‌വെയർ ഉപയോഗിയ്ക്കാനായി ക്ഷണിയ്ക്കപ്പെടാം. കണക്കില്ലാത്ത വ്യവസായങ്ങൾ അങ്ങനെ ഒരു പ്രലോഭനത്തിന് സന്നദ്ധത പ്രകടിപ്പിയ്ക്കുന്നുണ്ടു്. ചിലർ സൌജന്യ പകർപ്പുകൾ തന്നെ വാഗ്ദാനം ചെയ്യുന്നു. ഉപഭോക്താക്കൾ എന്തിനതു് വേണ്ടെന്നു വെയ്ക്കണം?സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ നല്കുന്ന സ്വാതന്ത്ര്യത്തെ മാനിയ്ക്കാൻ അവർ പഠിച്ചെങ്കിൽ മാത്രം, സാങ്കേതികമോ പ്രായോഗികമോ ആയ സൌകര്യങ്ങൾക്കുപരി സ്വാതന്ത്ര്യത്തെ അതിന്റെ വിശാലമായ അർത്ഥത്തിൽ തന്നെ മനസ്സിലാക്കുമ്പോൾ മാത്രം. ഈ ആശയം പ്രചരിപ്പിയ്ക്കാൻ നമ്മൾ സ്വാതന്ത്ര്യത്തെ പറ്റി സംസാരിയ്ക്കണം. വ്യവസായങ്ങളോട്ട് ഒരു പരിധിവരെയുള്ള " നിശബ്ദമായ " സമീപനം, സമൂഹത്തിന് നല്ലതാണ്. പക്ഷെ അതു് സ്വാതന്ത്ര്യത്തോടുള്ള സ്നേഹം കിറുക്കാണെന്നു തോന്നുന്ന രീതിയിൽ വിപുലമാകുന്നതു് അപകടകരമാണ്.

ആ ആപത്ഘട്ടമാണ് നമ്മൾക്കിപ്പോഴുള്ളതു്. സ്വതന്ത്ര സോഫ്റ്റവെയറുപയോഗിയ്ക്കുന്ന കൂടുതൽ പേരും സ്വാതന്ത്ര്യത്തേ കുറിച്ച് ഒന്നും പറയാത്ത അവസ്ഥ - മിക്കവാറും "വ്യവസായങ്ങൾക്ക് അതാണ് കൂടുതൽ സ്വീകാര്യത " എന്നതുകൊണ്ടാണതു്. ഏതാണ്ട് എല്ലാ ഗ്നു/ലിനക്സ് വകഭേദങ്ങളും, അടിസ്ഥാന സ്വതന്ത്ര സംവിധാനത്തിന് പുറമെ കുത്തക സോഫ്റ്റ്‌വെയർ ഘടകങ്ങളും ചേർക്കുന്നു. കൂടാതെ അതൊരു പ്രത്യേകതയായിട്ട് കാണാനാണവർ ഉപഭോക്താക്കളോട്ട് പറയുന്നതു്-അല്ലാതെ സ്വാതന്ത്ര്യത്തിൽ നിന്ന് പിന്നിലേയ്ക്കുള്ള ഒരു ചുവടുവെപ്പായല്ല.

ഈ കൂട്ടായ്മയിൽ അധികവും സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യത്തിനായി നിലകൊള്ളാഞ്ഞതുകൊണ്ട്, സോഫ്റ്റ്‌വെയറുകളുടെ കുത്തക അനുബന്ധങ്ങളും ഭാഗികമമായി സ്വതന്ത്രമല്ലാത്തതുമായ ഗ്നു/ ലിനക്സ് വിതരണങ്ങൾ അവിടെ നല്ല വിളനിലം കണ്ടു. ഇതു് യാദൃശ്ചികമല്ല. കൂടുതൽ ഗ്നു/ലിനക്സ് ഉപയോക്താക്കളുടേയും മുമ്പിൽ അവതരിപ്പിയ്ക്കപ്പെട്ടതു് സ്വാതന്ത്ര്യം ഒരു ലക്ഷ്യമായി കല്പിയ്ക്കാത്ത " ഓപ്പൺ സോഴ്സ് " ചർച്ചകളാണ്. സ്വാതന്ത്ര്യത്തെ ഉയർത്തിപ്പിടിയ്ക്കാത്ത ചെയ്തികളും സ്വാതന്ത്ര്യത്തെ പറ്റി സംസാരിയ്ക്കാത്ത വാക്കുകളും പരസ്പരപൂരകങ്ങളായി അന്യോന്യം സഹായിച്ചു. ഈ പ്രവണതയെ മറികടക്കാൻ സ്വാതന്ത്ര്യത്തെ കുറിച്ച് കുറവല്ല കൂടുതൽ ചർച്ചകളാണ് നമുക്കാവശ്യം പരിസമാപ്തി

ഓപ്പൺ സോഴ്സ് പ്രവർത്തകർ നമ്മുടെ കൂട്ടായ്മയിലേയ്ക്ക് കൂടുതൽ പുതിയ ഉപഭോക്താക്കളെ കൊണ്ടുവരുമ്പോൾ, നമ്മൾ സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രവർത്തകർ സ്വാതന്ത്ര്യം എന്ന വിഷയം പുതിയവരുടെ ശ്രദ്ധയിൽ പെടുത്താൻ കൂടുതൽ ശ്രമിയ്ക്കണം. "ഇതു് സ്വതന്ത്ര സോഫ്റ്റ്‌വെയറാണ് ഇതു് നിങ്ങൾക്ക് സ്വാതന്ത്ര്യം നൽകുന്നു! " എന്ന് എന്നത്തേക്കാളും ഉച്ചത്തിൽ നാം പറയണം. "ഓപ്പൺ സോഴ്സ്" എന്നതിനു പകരം "സ്വതന്ത്ര സോഫ്റ്റ്‌വെയർ " എന്നു പറയുന്ന ഓരോ പ്രാവശ്യവും നിങ്ങൾ നമ്മുടെ സമരത്തെ സഹായിക്കുന്നു. അടിക്കുറിപ്പ്

ജോ ബാർ(Joe Barr) എഴുതിയ ലിവ് ആന്റ് ലെറ്റ് ലൈസൻസ് ഈ വിഷയത്തിൽ അദ്ദേഹത്തിന്റെ കാഴ്ചപ്പാടു് വ്യക്തമാക്കുന്നു.

ലഘാനി (Lakhani)-യുടേയും വൂൾഫ്(Wolf)-ന്റെയും സ്വതന്ത്ര സോഫ്റ്റ്‌വെയർ നിർമ്മാതാക്കളുടെ പ്രേജോദനത്തെ പറ്റിയുള്ള പ്രബന്ധം പറയുന്നതു് ഗണ്യമായ ഒരു വിഭാഗം സോഫ്റ്റ്‌വെയർ എഴുത്തുകാർ സോഫ്റ്റ്‌വെയർ സ്വതന്ത്രമായിരിയ്ക്കണമെന്ന ആശയത്തിൽ നിന്ന് പ്രചോദനമുൾകൊണ്ടവരാണ് എന്നാണ്, അതും അവർ നിരീക്ഷിച്ചതു്, നൈതികമായ കാഴ്ചപ്പാടിനെ പിൻതാങ്ങാത്ത സോഴ്സ്ഫോർജ് എന്ന സൈറ്റിലെ പ്രവർത്തകരേയാണതാനും. സോഫ്റ്റ്‌വെയർ "ഫ്രീ" ആണ് എന്നു ഞങ്ങൾ പറയുമ്പോൾ ഞങ്ങൾ ഉദ്ദേശിയ്ക്കുന്നതു് ആ സോഫ്റ്റ്‌വെയർ ഉപയോക്താക്കളുടെ അടിസ്ഥാന സ്വാതന്ത്ര്യത്തെ മാനിയ്ക്കുന്നു എന്നാണ്. അതായതു്, ആ പ്രയോഗത്തെ പ്രവർത്തിപ്പിയ്ക്കാനും, അതിനെ പറ്റി പഠിയ്ക്കാനും, അതിൽ മാറ്റം വരുത്താനും, നവീകരിച്ചതോ അല്ലാത്തതോ ആയ പകർപ്പുകൾ മറ്റുള്ളവർക്ക് വിതരണം ചെയ്യാനും ഉള്ള സ്വാതന്ത്ര്യം അതനുവദിക്കുന്നു. ഇതു് സ്വാതന്ത്ര്യത്തിന്റെ കാര്യമാണ് വിലയുടേതല്ല.

അതായത് ‘‘ഫ്രീ സ്പീച്ച്’’ (സ്വതന്ത്ര ഭാഷണം)- എന്നതുപോലെ ‘‘ഫ്രീ ബിയർ ’’ (സൌജന്യ ഭക്ഷണം)എന്നതുപോലെ അല്ല.

ഈ സ്വാതന്ത്ര്യങ്ങൾ വളരെ പ്രാധാന്യം അർഹിയ്ക്കുന്നതാണ്. വ്യക്തിഗതമായ കാരണങ്ങൾകൊണ്ട് മാത്രമല്ല, മറിച്ച്, പരസ്പര സഹകരണത്തിലൂടേയും പങ്കുവെയ്ക്കലിലൂടേയും, സാമൂഹിക ദൃഢത വളർത്താൻ സഹായിക്കുന്നു എന്നതുകൊണ്ടാണ് ഇത് അത്യന്താപേക്ഷിതമാകുന്നത്. നമ്മുടെ ജീവിതചര്യകളും സംസ്കാരവും തന്നെ കൂടുതൽ ഡിജിറ്റൽവത്കരിയ്ക്കപ്പെടുമ്പോൾ ഇത് കൂടുതൽ പ്രസക്തമാകുന്നു. ഡിജിറ്റൽ ശബ്ദങ്ങളും, ചിത്രങ്ങളും, സംസാരവും കൊണ്ട് നിറയുന്ന ഈ ലോകത്ത് സോഫ്റ്റ്‌വെയറിന്റെ സ്വാതന്ത്ര്യം, മറ്റെല്ലാമേഖലകളിലുമുള്ള സ്വാതന്ത്ര്യത്തോട് തുലനം ചെയ്യപ്പെടേണ്ടതാണ്.

ലോകജനതയിൽ നൂറു ലക്ഷത്തോളം വരുന്ന ആൾക്കാർ ഇപ്പോൾ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിയ്ക്കുന്നു; സ്പെയിനിലേയും ഇന്ത്യയിലേയും പല ഭാഗങ്ങളിലെ(*നമ്മുടെ കൊച്ച് കേരളത്തിലും!) വിദ്യാലയങ്ങളിൽ എല്ലാ കുട്ടികളേയും സ്വതന്ത്ര പ്രവർത്തക സംവിധാനമായ ഗ്നു/ലിനക്സ് ഉപയോഗിയ്ക്കാനാണ് പഠിപ്പിയ്ക്കുന്നത്. പക്ഷെ ഈ സോഫ്റ്റ്‌വെയറും, സ്വതന്ത്ര സോഫ്റ്റ്‌വെയർ സമൂഹവും ഉണ്ടായതിനുപിന്നിലെ സന്മാർഗ്ഗികതയേ കുറിച്ച് കൂടുതലാളുകളും കേട്ടിട്ടില്ല, എന്തെന്നാൽ ഈ സ്വാതന്ത്ര്യത്തേ കുറിച്ച് അധികമൊന്നും പ്രദിപാദിയ്ക്കാത്ത ‘‘ഓപ്പൺ സോഴ്സ്’’ എന്ന ആശയത്തിന്റെ പേരിലാണ് ഇവ അധികവും അറിയപ്പെടുന്നത്.

1983 മുതൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനം, കമ്പ്യൂട്ടർ ഉപഭോക്താക്കളുടെ സ്വാതന്ത്ര്യത്തിനായി നിരന്തര സമരത്തിലേർപ്പട്ടിരിയ്ക്കുകയാണ്. ഉപഭോക്താക്കളുടെ സ്വാതന്ത്ര്യത്തെ നിഷേധിയ്ക്കുന്ന പ്രവർത്തക സംവിധാനങ്ങൾക്ക് പകരമായി, 1984-ൽ ഞങ്ങൾ ഗ്നു എന്ന സ്വതന്ത്ര പ്രവർത്തക സംവിധാനത്തിന്റെ നിർമ്മാണം ആരംഭിച്ചു. എൺപതുകളോടെ ഗ്നുവിന്റെ പ്രധാനപ്പെട്ട ഭാഗങ്ങളെല്ലാം തന്നെ ഞങ്ങൾ നിർമ്മിച്ചു, കൂടാതെ ഗ്നു പൊതു സമ്മതപത്രം(GNU General Public License) എന്ന പേരിൽ ഒരു സമ്മതപത്രവും നിർമ്മിയ്ക്കുകയുണ്ടായി. ഒരു പ്രയോഗം ഉപയോഗിയ്ക്കുന്ന എല്ലാവരുടേയും സ്വാതന്ത്ര്യത്തെ സംരക്ഷിയ്ക്കാനായി പ്രത്യേകം വിഭാവനം ചെയ്തതായിരുന്നു അത്.

എന്നിരുന്നാലും സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ എല്ലാ ഉപഭോക്താക്കളും, നിർമ്മാതാക്കളും സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിന്റെ ലക്ഷ്യത്തോട് അനുകൂലിച്ചില്ല. 1998-ൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ സമൂഹത്തിലെ ഒരു ഭാഗം പ്രവർത്തകർ ‘‘ ഓപ്പൺ സോഴ്സ്’’ എന്ന പേരിൽ സംഘടിച്ചു. ‘‘ഫ്രീ സോഫ്റ്റ്‌വെയർ’’ എന്ന വാക്കിലെ ആശയകുഴപ്പമാണ് ഓപ്പൺ സോഴ്സ് എന്ന വാക്കുണ്ടാവാനുള്ള ആദ്യ കാരണം. പക്ഷെ താമസ്സിയാതെ അത് സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിന്റേതിൽ നിന്നും വ്യത്യസ്തമായ മറ്റൊരു ആശയത്തെ പിൻതാങ്ങുന്നതായി.

‘‘ഓപ്പൺ സോഴ്സ്’’ -ന്റെ ചില പ്രവർത്തകർ ആദ്യം അതിനെ ‘‘ സ്വതന്ത്ര സോഫ്റ്റ്‌വെയറിന് വാണിജ്യ രംഗത്തെ വിപണന ഉപാധി’’ ആയാണ് കണ്ടത്. പൊതുവെ സാമൂഹിക ശരിതെറ്റുകളെ കുറിച്ച് അധികം കേൾക്കാൻ ഇഷ്ടമില്ലാത്ത ബിസിനസ്സ് നടത്തിപ്പുകാരോട്, ഇതിന്റെ പ്രായോഗിക ഗുണഗണങ്ങളേ പറ്റി പറയുന്ന പ്രചരണം. മറ്റു പ്രവർത്തകർ, സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനം ഉയർത്തുന്ന മൂല്യത്തിന്റേയും സന്മാർഗ്ഗികതയുടേയും വിഷയങ്ങളെ പാടെ നിഷേധിച്ചു. അവരുടെ കാഴ്ചപ്പാടെന്തായാലും ‘‘ഓപ്പൺ സോഴ്സിനു’’ വേണ്ടി പ്രവർത്തിച്ചപ്പോൾ അവർ ഈ മൂല്യങ്ങളേ കുറിച്ച് പറയുകയോ വാദിയ്ക്കുകയോ ചെയ്തില്ല. പോകപ്പോകെ ‘‘ഓപ്പൺ സോഴ്സ്’’ എന്നാൽ, ശക്തവും വിശ്വസ്തവും ആയ സോഫ്റ്റ്‌വെയർ ഉണ്ടാക്കുക തുടങ്ങിയ പ്രായോഗിക കാര്യങ്ങളേ കുറിച്ച് മാത്രം പറയുന്നതായി. ഒട്ടുമിക്ക ‘‘ഓപ്പൺ സോഴ്സ്’’ പ്രവർത്തകരും അങ്ങിനെയാണ് ചെയ്തത്. അതുകൊണ്ട് തന്നെ ‘‘ഓപ്പൺ സോഴ്സ്’’ അങ്ങിനെ ഒരു ആശയത്തെ പ്രതിനിധീകരിച്ചു.

ഏതാണ്ട് എല്ലാ ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയറും സ്വതന്ത്ര സോഫ്റ്റ്‌വെയറാണ്. രണ്ട് പദങ്ങളും ഏതാണ്ട് ഒരേ ഗണത്തിലുള്ള സോഫ്റ്റ്‌വെയറിനെ കുറിച്ചാണ് പറയുന്നതും. പക്ഷെ അടിസ്ഥാനപരമായി വ്യത്യസ്തമായ ആശങ്ങളെ കുറിച്ചാണ് അവർ പറയുന്നത്.

ഓപ്പൺ സോഴ്സ് ഒരു നിർമ്മാണ വ്യവസ്ഥയാണ്, സ്വതന്ത്ര സോഫ്റ്റ്‌വെയർ ഒരു സാമൂഹ്യ പ്രസ്ഥാനമാണ്. സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിന്, സ്വതന്ത്ര സോഫ്റ്റ്‌വെയർ ഒരു നൈതിക പ്രശ്നമാണ്, എന്തെന്നാൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ മാത്രമെ ഉപഭോക്താവിന്റെ സ്വാതന്ത്ര്യത്തെ മാനിയ്ക്കുന്നുള്ളൂ. ഇതിൽ നിന്നും വ്യത്യസ്തമായി, പ്രായോഗികമായി എങ്ങിനെ ‘‘മെച്ചപ്പെട്ട’’ സോഫ്റ്റ്‌വെയർ ഉണ്ടാക്കാം എന്ന ദിശയിലാണ് ഓപ്പൺ സോഴ്സിന്റെ ആശയങ്ങൾ. അത് പ്രകാരം കുത്തക സോഫ്റ്റ്‌വെയർ, അപൂർണ്ണമായ ഒരു പരിഹാരമാണ്. പക്ഷെ സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം, സ്വതന്ത്രമല്ലാത്ത സോഫ്റ്റ്‌വെയർ ഒരു സാമൂഹിക പ്രശ്നമാണ്, സ്വതന്ത്രമായ സോഫ്റ്റ്‌വെയറിലേയ്ക്കുള്ള മാറ്റമാണ് അതിന് പരിഹാരം.

സ്വതന്ത്ര സോഫ്റ്റ്‌വെയർ. ഓപ്പൺ സോഴ്സ്. ഇവരണ്ടും ഒരേ സോഫ്റ്റ്‌വെയറിനെ പറ്റി പറയുന്നു. പിന്നെ ഏതു പേരുപയോഗിച്ചാലും കുഴപ്പമുണ്ടോ? ഉണ്ട്. കാരണം, വ്യത്യസ്ത പേരുകൾ വ്യത്യസ്ത ആശയങ്ങളാണ് സംവേദനം ചെയ്യുന്നത്. സ്വതന്ത്രമായ ഒരു സോഫ്റ്റ്‌വെയർ ഏതു പേരിലായാലും ഇന്ന് നിങ്ങൾക്ക് അതേ സ്വാതന്ത്ര്യങ്ങൾ തന്നെ നല്കുന്നു. പക്ഷെ സ്വാതന്ത്ര്യം എന്നന്നേയ്ക്കുമായി നിലനില്ക്കുന്നതിന്, ജനങ്ങളെ അവരുടെ സ്വാതന്ത്ര്യത്തെ പറ്റി ബോധാവാന്മാരാക്കേണ്ടതു് ആവശ്യമാണ്. അതിനായി സഹായിയ്ക്കാൻ നിങ്ങൾക്കു താത്പര്യമുണ്ടെങ്കിൽ ‘‘സ്വതന്ത്ര സോഫ്റ്റ്‌വെയർ ’’ -നെ പറ്റി പറയേണ്ടതു് വളരെ പ്രധാനമാണ്.

സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിന്റെ പ്രവർത്തകരായ ഞങ്ങൾ ഓപ്പൺ സോഴ്സിനെ ശത്രുക്കളായി കാണുന്നില്ല; കുത്തക(സ്വതന്ത്രമല്ലാത്ത) സോഫ്റ്റ്‌വെയറുകളാണ് ഞങ്ങളുടെ ശത്രുക്കൾ. പക്ഷെ ഞങ്ങൾ സ്വാതന്ത്ര്യത്തിനു വേണ്ടിയാണ് നിലകൊള്ളുന്നതു് എന്ന് ജനങ്ങളറിയാൻ ഞങ്ങൾക്ക് താത്പര്യമുണ്ട്. അതുകൊണ്ട് തന്നെ ഞങ്ങളെ ഓപ്പൺ സോഴ്സിന്റെ വക്താക്കളായി ചിത്രീകരിയ്ക്കുന്നതു് ഞങ്ങൾക്ക് സ്വീകാര്യവുമല്ല. ‘‘ഫ്രീ സോഫ്റ്റ്‌വെയർ ’’, ‘‘ഓപ്പൺ സോഴ്സ്’’ എന്നതിലെ തെറ്റിദ്ധാരണകൾ

‘‘ഫ്രീ സോഫ്റ്റ്‌വെയർ ’’ എന്ന പദത്തെ തെറ്റായി വ്യാഖ്യാനിയ്ക്കപ്പെടാം എന്നൊരു പ്രശ്നമുണ്ട്. ‘‘പൂജ്യം വിലയ്ക്കു ലഭിയ്ക്കുന്ന സോഫ്റ്റ്‌വെയർ’’ എന്ന ഉദ്ദേശിക്കാത്ത അർത്ഥവും, ‘‘ഉപഭോക്താക്കളുടെ സ്വാതന്ത്ര്യത്തെ മാനിയ്ക്കുന്ന സോഫ്റ്റ്‌വെയർ ’’ എന്ന ഉദ്ദേശിയ്ക്കുന്ന അർത്ഥവും അതിന് ഒരു പോലെ ചേരും. സ്വതന്ത്ര സോഫ്റ്റ്‌വെയർ എന്നതിന് നിർവചനം കൊടുത്തും, ‘‘ഫ്രീ സ്പീച്ച്-നെ പറ്റി ചിന്തിയ്ക്കു ഫ്രീ ബിയറിനെ പറ്റിയല്ല ’’ തുടങ്ങിയ ലഘു വിശദീകരണങ്ങൾ ഉപയോഗിച്ചും ആണ് ആ പ്രശ്നത്തേ ഞങ്ങൾ നേരിട്ടതു്. പക്ഷെ അതൊരു കൃത്യമായ പരിഹാരമല്ല; പ്രശ്നത്തേ പൂർണ്ണമായി ഇല്ലാതാക്കാനും അതിന് കഴിയില്ല. സംശയം വരുത്താത്ത കൃത്യമായ ഒരു പദം ഉപയോഗിയ്ക്കുന്നതു് എന്തുകൊണ്ടും നല്ലതാണ്, അതുകൊണ്ട് വേറേ പ്രശ്നമൊന്നുമില്ലെങ്കിൽ.

നിർഭാഗ്യവശാൽ, ഇംഗ്ലീഷിലുള്ള മറ്റെല്ലാ പദങ്ങൾക്കും അതിന്റേതായ പ്രശ്നങ്ങളുണ്ട്. ജനങ്ങൾ നിർദ്ദേശിച്ച മറ്റ് പല പേരുകളും ഞങ്ങൾ പരിഗണിയ്ക്കുകയുണ്ടായി, പക്ഷെ അവയൊന്നും പേരുമാറ്റാൻ മാത്രമുള്ള കൃത്യതയുണ്ടായിരുന്നില്ല. ‘‘ഫ്രീ സോഫ്റ്റ്‌വെയർ ’’ എന്നതിന് പകരം നിർദ്ദേശിച്ച എല്ലാ വാക്കുകൾക്കും ഒരു തരത്തിൽ അല്ലെങ്കിൽ വേറൊരു തരത്തിലുള്ള പ്രശ്നങ്ങളുണ്ടായിരുന്നു- അതിൽ ‘‘ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ ’’ എന്നതും ഉൾക്കൊള്ളുന്നു.

ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ-എന്നതിന്റെ ആധികാരിക നിർവചനം(ഓപ്പൺ സോഴ്സ് ഇനിഷ്യേറ്റീവ് പ്രസിദ്ധീകരിച്ചതു്-ഇവിടെ ചേർക്കാൻ പറ്റുന്നതിലും വലുതാണതു്) സ്വതന്ത്ര സോഫ്റ്റ്‌വെയറിന് ഞങ്ങൾ കൊടുത്ത നിബന്ധനകളിൽ നിന്ന് ഉരുത്തിരിഞ്ഞതാണ്. പക്ഷെ അതു് രണ്ടും ഒന്നല്ല. ഓപ്പൺ സോഴ്സിന്റെ നിർവചനം ചില കാര്യങ്ങളിൽ വിട്ടുവീഴ്ചചെയ്യുന്നു. അതുകൊണ്ടുതന്നെ സ്വീകരിക്കാനാവത്തതായി ഞങ്ങൾ കരുതുന്ന ചില സമ്മതപത്രങ്ങൾ അവർക്ക് സ്വീകാര്യമാണ്. എന്നിരുന്നാലും പ്രായോഗിക തലത്തിൽ രണ്ടും ഏതാണ്ട് ഒരുപോലെയാണ്.

എങ്കിലും, ‘‘നിങ്ങൾക്ക് സോഴ്സ് കോഡ് വായിക്കാം ’’ എന്നാണ് ‘‘ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ ’’ എന്ന പദത്തിന്റെ ഒറ്റ നോട്ടത്തിലുള്ള

വിശദീകരണം. കുറേയേറെ പേർ അങ്ങിനെ വിചാരിയ്ക്കാനും സാധ്യതയുണ്ട്. പക്ഷെ ആ നിബന്ധന, സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെയോ ഓപ്പൺ സോഴ്സിന്റേയോ ആധികാരിക വിശദീകരണത്തെ അപേക്ഷിച്ച് വളരെ ശോഷിച്ചതാണ്. സ്വതന്ത്ര സോഫ്റ്റ്‌വെയറോ ഓപ്പൺ സോഴ്സോ അല്ലാത്ത ഒട്ടേറെ പ്രയോഗങ്ങളും ആ നിബന്ധനയിൽ പെടും.

''ഓപ്പൺ സോഴ്സ്'' എന്ന പദത്തിന് ഒറ്റ നോട്ടത്തിലുള്ള അർത്ഥം അതിന്റെ പ്രവർത്തകർ ഉദ്ദേശിയ്ക്കുന്നതല്ല അതുകൊണ്ട്, കൂടുതലാളുകളും തെറ്റിദ്ധരിയ്ക്കാൻ സാധ്യതയുണ്ട്. നീൽ സ്റ്റെഫെൻസൺ (Neal Stephenson)''ഓപ്പൺ സോഴ്സിനെ '' നിർവചിച്ചത് ഇങ്ങനെ:

ലിനക്സ് ''ഓപ്പൺ സോഴ്സ്'' ആണ്, ലളിതമായി പറഞ്ഞാൽ, ആർക്കുവേണമെങ്കിലും അതിന്റെ സോഴ്സ് കോഡിന്റെ പകർപ്പ് ലഭിയ്ക്കും.

''ആധികാരിക '' നിർവചനം നിഷേധിയ്ക്കാനും അതുമായി തർക്കിയ്ക്കാനും ഒന്നും അദ്ദേഹത്തിന് ഉദ്ദേശമുണ്ട് എന്നെനിയ്ക്കുതോന്നുന്നില്ല. ഇംഗ്ലീഷ് ഭാഷാപരമായിട്ടുള്ള ലളിതമായ അർത്ഥമാണ് അദ്ദേഹം പറഞ്ഞത്. കൻസാസ് (Kansas)സംസ്ഥാനം അതുപോലെ ഒരു നിർവചനം കൊടുത്തു:

ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ ഉപയോഗിയ്ക്കു. സോഴ്സ് കോഡ്, സൌജന്യമായി പൊതുജനത്തിന് ലഭിയ്ക്കുന്ന സോഫ്റ്റ്‌വെയർ ആണ് ഓപ്പൺ സോഴ്സ്, ആ കോഡ് എങ്ങിനെ ഉപയോഗിയ്ക്കണമെന്നതിനുള്ള നിഷകർഷതകൾ വ്യത്യസ്തപ്പെടാമെങ്കിലും.

ഈ പ്രശ്നം നേരിടാൻ, ഓപ്പൺ സോഴ്സിന്റെ ആധികാരിക നിർവചനത്തിലേയ്ക്ക് വിരൽചൂണ്ടുക എന്ന മാർഗ്ഗമാണ് അതിന്റെ പ്രവർത്തകർ ചെയ്തത്. പക്ഷെ ആ തിരുത്തൽ ഞങ്ങൾക്ക് ചെയ്യേണ്ട തിരുത്തലിന്റെ അത്ര ഫലവത്തല്ല. ഫ്രീ സോഫ്റ്റ്‌വെയർ എന്ന പദത്തിന് പ്രകൃത്യാ രണ്ട് അർത്ഥം വരാം, അതിലൊന്ന്, നമ്മൾ ഉദ്ദേശിച്ച അർത്ഥമാണ്, അതായത് ഫ്രീ സ്പീച്ചാണ്(സ്വതന്ത്ര ഭാഷണം) ഫ്രീ ബിയറല്ല (സൌജന്യ ഭക്ഷണം) എന്ന് മനസ്സിലായ ഒരാൾക്ക് പിന്നെ തെറ്റില്ല. പക്ഷെ ഓപ്പൺ സോഴ്സ് എന്നതിന് പ്രകൃത്യാ ഒറ്റ അർത്ഥമേയുള്ളൂ. അത് അതിന്റെ പ്രവർത്തകർ ഉദ്ദേശിയ്ക്കാത്തതാണ്. അതായത് ഓപ്പൺ സോഴ്സ് എന്നതിന്റെ ആധികാരിക നിർവചനത്തെ വിശദീകരിയ്ക്കാൻ സംക്ഷിപ്തമായ ഒരു രൂപമില്ല. അത് കൂടുതൽ ആശയകുഴപ്പത്തിലേയ്ക്ക് വഴിവയ്ക്കും.

'' ഓപ്പൺ സോഴ്സ്'' എന്നാൽ ''ഗ്നു പൊതു സമ്മതപത്രം ഉപയോഗിയ്ക്കാത്തത്'' എന്നതാണ് മറ്റൊരു തെറ്റിദ്ധാരണ. ''ഫ്രീ സോഫ്റ്റ്‌വെയർ'' എന്നാൽ ''ഗ്നു സമ്മതപത്രം ഉപയോഗിയ്ക്കുന്നത്'' എന്ന തെറ്റിദ്ധാരണയുടെ തുടർച്ചയാണത്. ഇവ രണ്ടും ഒരു പോലെ അബദ്ധമാണ്. ഗ്നു പൊതു സമ്മതപത്രം ഓപ്പൺ സോഴ്സ് അംഗീകരിച്ച സമ്മതപത്രങ്ങളിൽ ഒന്നാണെന്നതു തന്നെ കാരണം. കൂടാതെ മിക്ക ഓപ്പൺ സോഴ്സ് സമ്മതപത്രങ്ങളും സ്വതന്ത്ര സോഫ്റ്റ്‌വെയർ സമ്മതപത്രങ്ങളാണ്. വ്യത്യസ്തമൂല്യങ്ങൾ ഒരേ നിഗമനത്തിലേയ്ക്ക് നയിയ്ക്കാം. . . എല്ലായിപ്പോഴുമില്ലെന്ന് മാത്രം

1960-കളിലെ ത്വാത്വിക സംഘങ്ങൾ ഗ്രൂപ്പ്‌വഴക്കുകൾക്ക് പേരുകേട്ടതായിരുന്നു: തന്ത്ര പരമായ അഭിപ്രായ വ്യത്യാസത്തിന്റെ പേരിൽ ചില സംഘടനകൾ തെറ്റിപ്പിരിഞ്ഞിരുന്നു. അടിസ്ഥാന ലക്ഷ്യങ്ങളിലും മൂല്യങ്ങളിലും വലിയ വ്യത്യാസമുണ്ടായിരുന്നില്ലെങ്കിലും അവർ പരസ്പരം ശത്രുക്കളായി കരുതി. വലതു പക്ഷമാണ് ഇതിൽ കൂടുതലും സൃഷ്ടിച്ചത്, കൂടാതെ ഇടതു പക്ഷക്കാരെ മുഴുവനായി കുറ്റപ്പെടുത്താനായി ഇതൊക്കെ ഉപയോഗിയ്ക്കുകയും ചെയ്തു.

ഞങ്ങൾക്ക് ഓപ്പൺ സോഴ്സിനോടുള്ള വിയോജിപ്പ് ഈ സംഘങ്ങളോടുപമിച്ച് ചിലർ സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനത്തെ അവഹേളിയ്ക്കാൻ ശ്രമിയ്ക്കുന്നുണ്ട്. അവർക്കത് തിരിച്ചാണുള്ളത്. ഞങ്ങൾക്ക് ഓപ്പൺ സോഴ്സിനോടുള്ള എതിർപ്പ് അടിസ്ഥാനപരമായ ലക്ഷ്യങ്ങളിലും മൂല്യങ്ങളിലുമാണ്, പക്ഷെ അവരുടേയും ഞങ്ങളുടേയും കാഴ്ചപ്പാട് പലപ്പോഴും ഒരേ പ്രാവർത്തിക സ്വഭാവത്തിലേയ്ക്ക് നയിയ്ക്കാറുണ്ട് —സ്വതന്ത്ര സോഫ്റ്റ്‌വെയർ നിർമ്മാണം തുടങ്ങിയ കാര്യങ്ങളിൽ.

അതുകൊണ്ട് തന്നെ സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രവർത്തകരും, ഓപ്പൺ സോഴ്സ് പ്രവർത്തകരും സോഫ്റ്റ്‌വെയർ നിർമ്മാണം തുടങ്ങിയ പ്രായോഗിക സംരംഭങ്ങളിൽ ഒരുമിച്ച് പ്രവർത്തിയ്ക്കാറുണ്ട്. ഇത്ര വ്യത്യസ്തമായ മൂല്യങ്ങളുള്ള വ്യത്യസ്ത ആൾക്കാർ ഒരേ സംരംഭങ്ങളിൽ പ്രവർത്തിയ്ക്കാൻ പ്രചോദിതരാകാം എന്നത് ശ്രദ്ധേയമാണ്. എന്നിരുന്നാലും ഈ കാഴ്ചപ്പാടുകൾ വളരെ വ്യത്യസ്തമാണ്, ഇവ രണ്ടും തികച്ചും വ്യത്യസ്തമായ ചെയ്തികളിലേയ്ക്ക് നയിയ്ക്കുന്ന സാഹചര്യങ്ങളുമുണ്ട്.

ഉപഭോക്താക്കൾക്ക് സോഫ്റ്റ്‌വെയർ മാറ്റം വരുത്താനും, വിതരണം ചെയ്യുവാനും പറ്റുമ്പോൾ സോഫ്റ്റ്‌വെയർ കൂടുതൽ ശക്തവും വിശ്വസ്തവും ആകും എന്നതാണ് ഓപ്പൺ സോഴ്സിന്റെ ആശയം. പക്ഷെ അതിന് ഉറപ്പൊന്നുമില്ല. കുത്തക സോഫ്റ്റ്‌വെയർ നിർമ്മാതാക്കൾ സാമർത്ഥ്യം ഇല്ലാത്തവരാകണം എന്നില്ല. ചിലപ്പോൾ അവരും ശക്തവും വിശ്വസ്തവും ആയ പ്രയോഗങ്ങൾ ഉണ്ടാക്കാറുണ്ട്, അവ ഉപഭോക്താക്കളുടെ സ്വാതന്ത്ര്യത്തെ മാനിയ്ക്കുന്നില്ലെങ്കിലും. അതിനോട് സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രവർത്തകരും ഓപ്പൺ സോഴ്സ് പ്രവർത്തകരും എങ്ങിനെയായിരിയ്ക്കും പ്രതികരിയ്ക്കുക?

സ്വാതന്ത്ര്യത്തിന്റെ ആശയത്തിൽ വിശ്വസിയ്ക്കാത്ത ഒരു പൂർണ്ണ ഓപ്പൺ സോഴ്സ് പ്രവർത്തകൻ പറയുന്നതിങ്ങനെ ആയിരിയ്ക്കും: “ഞങ്ങളുടെ വികസന മാതൃക ഉപയോഗിയ്ക്കാതെ തന്നെ നന്നായി പ്രവർത്തിയ്ക്കുന്ന പ്രയോഗം നിങ്ങൾ നിർമ്മിച്ചിരിയ്ക്കുന്നതിൽ എനിയ്ക്ക് അത്ഭുതമുണ്ട്, എനിക്കതിന്റെ ഒരു പകർപ്പ് എങ്ങിനെ കിട്ടും?” ഈ നിലപാട്, നമ്മുടെ സ്വാതന്ത്ര്യം എടുത്തുകളയാനായി ശ്രമിയ്ക്കുന്ന പദ്ധതികൾക്ക് പ്രജോദനമാകും, അത് നഷ്ടപ്പെടുന്നതിലേയ്ക്കും വഴിവെയ്ക്കും.

അതെ സമയം ഒരു സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രവർത്തകൻ പറയുക: “നിങ്ങളുടെ പ്രയോഗം വളരെ ആകർഷണീയമാണ്, പക്ഷെ അതെന്റെ സ്വാതന്ത്ര്യത്തിന്റെ വിലയ്ക്കല്ല. അതുകൊണ്ട് എനിയ്ക്കുതുപയോഗിയ്ക്കാൻ പറ്റില്ല. പകരം അതിനൊരു സ്വതന്ത്രമായ പകരക്കാരനെ നിർമ്മിയ്ക്കാനുള്ള സംരംഭത്തെ സഹായിയ്ക്കാൻ ഞാൻ തയ്യാറാണ്”എന്നാണ്. നമ്മുടെ സ്വാതന്ത്ര്യത്തെ നമ്മൾ മാനിയ്ക്കുന്നുണ്ടെങ്കിൽ, അത് നിലനിർത്താനും പ്രതിരോധിയ്ക്കാനുമായി നമുക്ക് പ്രവർത്തിയ്ക്കാം. ശക്തവും, വിശ്വസ്തവും ആയ സോഫ്റ്റ്‌വെയറും ദുഷിച്ചതാകാം

സോഫ്റ്റ്‌വെയർ അതിന്റെ ഉപഭോക്താവിനെ സേവിയ്ക്കാനായാണ് നിർമ്മിച്ചത് എന്ന ധാരണയിലാണ് അത് ശക്തവും വിശ്വസ്തവും ആകണം എന്ന് അവർ ആഗ്രഹിയ്ക്കുന്നത്. സോഫ്റ്റ്‌വെയർ കൂടുതൽ ശക്തവും വിശ്വസ്തവും ആണെങ്കിൽ കൂടുതൽ മെച്ചപ്പെട്ട രീതിയിലുള്ള സേവനം അത് ലഭ്യമാക്കുന്നു.

പക്ഷെ ഒരു സോഫ്റ്റ്‌വെയർ അതിന്റെ ഉപയോക്താക്കളുടെ സ്വാതന്ത്ര്യത്തെ മാനിയ്ക്കുമ്പോൾ മാത്രമേ അത് ഉപയോക്താക്കളെ സേവിയ്ക്കുകയാണെന്ന് പറയാൻ കഴിയു. ഉപയോക്താക്കളെ ചങ്ങലയ്ക്കിടാനായാണ് സോഫ്റ്റ്‌വെയർ നിർമ്മിച്ചതെങ്കിലോ?അപ്പോൾ കൂടുതൽ ശക്തമായ സോഫ്റ്റ്‌വെയർ എന്നാൽ അതിന്റെ ചങ്ങലകൾ കൂടുതൽ ഞെരുക്കുന്നതാണെന്നും, വിശ്വസ്തം എന്നാൽ അത് ഉഴിവാക്കാൻ കൂടുതൽ പ്രയാസമാണ് എന്നുമാണ്. ഉപയോക്താക്കളുടെ മേൽ ചാരപ്പണി ചെയ്യുക, അവരെ നിയന്ത്രിയ്ക്കുക, പിൻവാതിലുകൾ ചേർക്കുക, നിർബന്ധിത നവീകരണം നടത്തുക തുടങ്ങിയ ദുഷ്ടലാക്കോടെയുള്ള ഘടകങ്ങൾ കുത്തക സോഫ്റ്റ്‌വെയറിൽ സാധാരണമാണ്, കൂടാതെ ചില ഓപ്പൺസോഴ്സ് പ്രവർത്തകർക്കും അങ്ങിനെ ചെയ്യാൻ ആഗ്രഹമുണ്ട്.

സിനിമാ, ശബ്ദരേഖാ വ്യവസായങ്ങളുടെ സമ്മർദ്ദത്തിൽ ഉപയോക്താക്കളെ കൂടുതൽ കൂടുതൽ വിലക്കുന്ന രീതിയിലാണ് സോഫ്റ്റ്‌വെയറുകൾ നിർമ്മിയ്ക്കപ്പെടുന്നത്. ഈ ദുഷിച്ച ഘടകങ്ങളെ പൊതുവിൽ പറയുന്നത് ഡിജിറ്റൽ നിയന്ത്രണ നിർവഹണം എന്നാണ്(Digital Restrictions Management[DRM]-see DefectiveByDesign.org) ഇത് സ്വതന്ത്ര സോഫ്റ്റ്‌വെയർ ലക്ഷ്യമാക്കുന്ന സ്വാതന്ത്ര്യത്തിന് നേരെ വിപരീതമായ ആശയത്തോടെയുള്ളതാണ്. ആശയം മാത്രമല്ല: DRM-ന്റെ ലക്ഷ്യം തന്നെ, നിങ്ങളുടെ സ്വാതന്ത്ര്യം തകർക്കുക എന്നതായതു കൊണ്ട്, DRM നടപ്പിലാക്കുന്ന സോഫ്റ്റ്‌വെയറുകൾ മാറ്റുക എന്നത് പ്രയാസകരമോ,

അസാധ്യമോ, അല്ലെങ്കിൽ നിയമവിരുദ്ധമോ ആയ രീതിയിലാണ് അതിന്റെ നിർമ്മാതാക്കൾ അതുണ്ടാക്കുന്നത്.

എന്നിട്ടും ചില ഓപ്പൺ സോഴ്സ് പ്രവർത്തകർ " ഓപ്പൺ സോഴ്സ് DRM" മുന്നോട്ട് വയ്ക്കുന്നു. നിഗൂഢവത്കരിച്ച മാധ്യമങ്ങളെ(encrypted media) നിങ്ങൾ ഉപയോഗിയ്ക്കുന്നത് നിയന്ത്രിയ്ക്കാനുള്ള സോഫ്റ്റ്‌വെയറിന്റെ കോഡ് ഇവർ പ്രസിദ്ധീകരിയ്ക്കുന്നു. അത് തിരുത്താൻ മറ്റുള്ളവരെ അനുവദിയ്ക്കുന്നതുവഴി നിങ്ങളെത്തന്നെ നിയന്ത്രിയ്ക്കാനുള്ള സോഫ്റ്റ്‌വെയർ കൂടുതൽ ശക്തവും വിശ്വസ്തവുമാകുന്നു. പിന്നീട് ആ സോഫ്റ്റ്‌വെയർ മാറ്റാൻ അനുവദിയ്ക്കാത്ത ഉപകരണങ്ങളിലായി അത് നിങ്ങളുടെ പക്കൽ തന്നെ എത്തുന്നു.

ഈ സോഫ്റ്റ്‌വെയർ "ഓപ്പൺ സോഴ്സായിരിയ്ക്കാം," ഓപ്പൺ സോഴ്സിന്റെ നിർമ്മാണ മാതൃകയാണ് അതുപയോഗിയ്ക്കുന്നതും. പക്ഷെ അത് ശരിക്കും ഉപയോഗിയ്ക്കുന്നവർക്ക് സ്വാതന്ത്ര്യം ലഭിയ്ക്കുന്നില്ല എന്നതുകൊണ്ട് അത് സ്വതന്ത്ര സോഫ്റ്റ്‌വെയറാകില്ല. ഓപ്പൺ സോഴ്സ് നിർമ്മാണ മാതൃക അതിനെ കൂടുതൽ ശക്തിയോടും വിശ്വസ്തതയോടും കൂടി നിങ്ങളെ നിയന്ത്രിയ്ക്കാൻ പ്രാപ്തമാക്കുന്നു എങ്കിൽ അത് ഏറ്റവും പരിതാപകരമാണ്. സ്വാതന്ത്ര്യത്തോടുള്ള പേടി

"സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ" സന്മാർഗ്ഗികപരമായ കാര്യങ്ങൾ ചിലരുടെ സമാധാനംകെടുത്തുന്നു എന്നതാണ് "ഓപ്പൺ സോഴ്സ്" എന്ന പദം ഉയർന്നു വരാനുള്ള മുഖ്യകാരണം. അതുശരിയാണ്: സ്വാതന്ത്ര്യത്തെ കുറിച്ചും, സന്മാർഗ്ഗികതയേപറ്റിയും, ഉത്തരവാദിത്വത്തെ പറ്റിയും, സൌകര്യത്തെ പറ്റിയും ഒക്കെ പറയുമ്പോൾ അവർ അവഗണിയ്ക്കാനാഗ്രഹിയ്ക്കുന്ന വിഷയങ്ങളിലേയ്ക്കും അത് കടന്നേക്കാം- അവരുടെ നടപടികൾ സന്മാർഗ്ഗികമാണോയെന്നും മറ്റും. അത് അസ്വസ്ഥതയുണ്ടാക്കാം, ചിലർ ആ ഭാഗത്തേയ്ക്ക് എങ്ങും ചിന്തിയ്ക്കാൻതന്നെ തയ്യാറാവില്ല. അതുകൊണ്ടൊന്നും ഇത് ചർച്ച ചെയ്യരുതെന്നില്ല.

എന്തായാലും "ഓപ്പൺസോഴ്സിന്റെ" നേതാക്കൾ അങ്ങിനെയാണ് നിശ്ചയിച്ചത്. സ്വാതന്ത്ര്യത്തെ പറ്റിയും സന്മാർഗ്ഗികതയേ പറ്റിയും ഒന്നും പറയാതെ, ചില സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ വളരെ അടുത്ത പ്രായോഗിക ഫലങ്ങളെ പറ്റി മാത്രം സംസാരിച്ചും, അവർക്ക് സോഫ്റ്റ്‌വെയറുകൾ കൂടുതൽ "വിൽക്കാം" എന്നവർ കണ്ടെത്തി, പ്രത്യേകിച്ചും വ്യവസായപരം.

അതിന്റേതായ കാരണങ്ങളിൽ ആ സമീപനം ഫലപ്രദമാണ്. ഓപ്പൺ സോഴ്സിന്റെ പ്രസംഗപാടവം പല വ്യവസായത്തേയും വ്യക്തികളേയും സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിയ്ക്കാനും, കൂടാതെ നിർമ്മിയ്ക്കാനും വരെ കാരണമായിട്ടുണ്ട്. അത് നമ്മുടെ സമൂഹത്തെ വലുതാക്കിയിട്ടുണ്ട് —പക്ഷെ അത് ഉപരിപ്ലവവും പ്രായോഗികതലത്തിൽ മാത്രമുള്ളതുമാണ്. ഓപ്പൺ സോഴ്സിന്റെ പ്രായോഗിക മൂല്യങ്ങളിൽ മാത്രം ഒതുങ്ങുന്ന തത്വശാസ്ത്രം, അതിനേക്കാൾ ആഴത്തിലുള്ള സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ ആശയം മനസ്സിലാക്കുന്നത് തടയുന്നു. അത് നമ്മുടെ സമൂഹത്തിലേയ്ക്ക് കുറേയേറെ പേരെ കൊണ്ടുവരുന്നു പക്ഷെ അവരെ പ്രതിരോധിയ്ക്കാൻ പഠിപ്പിയ്ക്കുന്നില്ല. അതു പോകുന്നിടത്തോളം നല്ലതാണ്. പക്ഷെ അത് സ്വാതന്ത്ര്യം സുരക്ഷിതമാക്കാൻ പര്യാപ്തമല്ല. സ്വതന്ത്ര സോഫ്റ്റ്‌വെയറിലേയ്ക്ക് ആൾക്കാരെ ആകർഷിയ്ക്കുക എന്നത്, അവരെ സ്വന്തം സ്വാതന്ത്ര്യത്തിന്റെ പോരാളിയാവുകയെന്നതിന്റെ പാതിവഴി വരെയേ എത്തിയ്ക്കുന്നുള്ളൂ.

താമസ്സിയാതെ, ഏതെങ്കിലും പ്രായോഗിക മെച്ചം കാരണം ഇതേ ഉപഭോക്താക്കളെ, കുത്തക സോഫ്റ്റ്‌വെയർ ഉപയോഗിയ്ക്കാനായി ക്ഷണിയ്ക്കപ്പെടാം. കണക്കില്ലാത്ത വ്യവസായങ്ങൾ അങ്ങനെ ഒരു പ്രലോഭനത്തിന് സന്നദ്ധത പ്രകടിപ്പിയ്ക്കുന്നുണ്ട്. ചിലർ സൌജന്യ പകർപ്പുകൾ തന്നെ വാഗ്ദാനം ചെയ്യുന്നു. ഉപഭോക്താക്കൾ എന്തിനത് വേണ്ടെന്നു വെയ്ക്കണം?സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ നല്കുന്ന സ്വാതന്ത്ര്യത്തെ മാനിയ്ക്കാൻ അവർ പഠിച്ചെങ്കിൽ മാത്രം, സാങ്കേതികമോ പ്രായോഗികമോ ആയ സൌകര്യങ്ങൾക്കുപരി സ്വാതന്ത്ര്യത്തെ അതിന്റെ വിശാലമായ അർത്ഥത്തിൽ തന്നെ മനസ്സിലാക്കുമ്പോൾ മാത്രം. ഈ ആശയം പ്രചരിപ്പിയ്ക്കാൻ നമ്മൾ സ്വാതന്ത്ര്യത്തെ പറ്റി സംസാരിയ്ക്കണം. വ്യവസായങ്ങളോട് ഒരു പരിധിവരെയുള്ള " നിശബ്ദമായ " സമീപനം, സമൂഹത്തിന് നല്ലതാണ്. പക്ഷെ അത് സ്വാതന്ത്ര്യത്തോടുള്ള സ്നേഹം കിറുക്കാണെന്നു തോന്നുന്ന രീതിയിൽ വിപുലമാകുന്നത് അപകടകരമാണ്.

ആ ആപത്ഘട്ടമാണ് നമ്മൾക്കിപ്പോഴുള്ളത്. സ്വതന്ത്ര സോഫ്റ്റ്‌വെയറുപയോഗിയ്ക്കുന്ന കൂടുതൽ പേരും സ്വാതന്ത്ര്യത്തേ കുറിച്ച് ഒന്നും പറയാത്ത അവസ്ഥ - മിക്കവാറും "വ്യവസായങ്ങൾക്ക് അതാണ് കൂടുതൽ സ്വീകാര്യത " എന്നതുകൊണ്ടാണത്. ഏതാണ്ട് എല്ലാ ഗ്നു/ലിനക്സ് വകഭേദങ്ങളും, അടിസ്ഥാന സ്വതന്ത്ര സംവിധാനത്തിന് പുറമെ കുത്തക സോഫ്റ്റ്‌വെയർ ഘടകങ്ങളും ചേർക്കുന്നു. കൂടാതെ അതൊരു പ്രത്യേകതയായിട്ട് കാണാനാണവർ ഉപഭോക്താക്കളോട് പറയുന്നത്-അല്ലാതെ സ്വാതന്ത്ര്യത്തിൽ നിന്ന് പിന്നിലേയ്ക്കുള്ള ഒരു ചുവടുവെപ്പായല്ല.

ഈ കൂട്ടായ്മയിൽ അധികവും സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യത്തിനായി നിലകൊള്ളാഞ്ഞതുകൊണ്ട്, സോഫ്റ്റ്‌വെയറുകളുടെ കുത്തക അനുബന്ധങ്ങളും ഭാഗികമമായി സ്വതന്ത്രമല്ലാത്തതുമായ ഗ്നു/ ലിനക്സ് വിതരണങ്ങൾ അവിടെ നല്ല വിളനിലം കണ്ടു. ഇത് യാദൃശ്ചികമല്ല. കൂടുതൽ ഗ്നു/ലിനക്സ് ഉപയോക്താക്കളുടേയും മുമ്പിൽ അവതരിപ്പിയ്ക്കപ്പെട്ടത് സ്വാതന്ത്ര്യം ഒരു ലക്ഷ്യമായി കല്പിയ്ക്കാത്ത " ഓപ്പൺ സോഴ്സ്" ചർച്ചകളാണ്. സ്വാതന്ത്ര്യത്തെ ഉയർത്തിപ്പിടിയ്ക്കാത്ത ചെയ്തികളും സ്വാതന്ത്ര്യത്തെ പറ്റി സംസാരിയ്ക്കാത്ത വാക്കുകളും പരസ്പരപൂരകങ്ങളായി അന്യോന്യം സഹായിച്ചു. ഈ പ്രവണതയെ മറികടക്കാൻ സ്വാതന്ത്ര്യത്തെ കുറിച്ച് കുറവല്ല കൂടുതൽ ചർച്ചകളാണ് നമുക്കാവശ്യം പരിസമാപ്തി

ഓപ്പൺ സോഴ്സ് പ്രവർത്തകർ നമ്മുടെ കൂട്ടായ്മയിലേയ്ക്ക് കൂടുതൽ പുതിയ ഉപഭോക്താക്കളെ കൊണ്ടുവരുമ്പോൾ, നമ്മൾ സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രവർത്തകർ സ്വാതന്ത്ര്യം എന്ന വിഷയം പുതിയവരുടെ ശ്രദ്ധയിൽ പെടുത്താൻ കൂടുതൽ ശ്രമിയ്ക്കണം. "ഇത് സ്വതന്ത്ര സോഫ്റ്റ്‌വെയറാണ് ഇത് നിങ്ങൾക്ക് സ്വാതന്ത്ര്യം നൽകുന്നു! " എന്ന് എന്നത്തേക്കാളും ഉച്ചത്തിൽ നാം പറയണം. "ഓപ്പൺ സോഴ്സ്" എന്നതിനു പകരം "സ്വതന്ത്ര സോഫ്റ്റ്‌വെയർ " എന്നു പറയുന്ന ഓരോ പ്രാവശ്യവും നിങ്ങൾ നമ്മുടെ സമരത്തെ സഹായിക്കുന്നു. അടിക്കുറിപ്പ്

ജോ ബാർ(Joe Barr) എഴുതിയ ലിവ് ആന്റ് ലെറ്റ് ലൈസൻസ് ഈ വിഷയത്തിൽ അദ്ദേഹത്തിന്റെ കാഴ്ചപ്പാട് വ്യക്തമാക്കുന്നു.

ലഘാനി (Lakhani)-യുടേയും വൂൾഫ്(Wolf)-ന്റെയും സ്വതന്ത്ര സോഫ്റ്റ്‌വെയർ നിർമ്മാതാക്കളുടെ പ്രജോദനത്തെ പറ്റിയുള്ള പ്രബന്ധം പറയുന്നത് ഗണ്യമായ ഒരു വിഭാഗം സോഫ്റ്റ്‌വെയർ എഴുത്തുകാർ സോഫ്റ്റ്‌വെയർ സ്വതന്ത്രമായിരിയ്ക്കണമെന്ന ആശയത്തിൽ നിന്ന് പ്രചോദനമുൾകൊണ്ടവരാണ് എന്നാണ്, അതും അവർ നിരീക്ഷിച്ചത്, നൈതികമായ കാഴ്ചപ്പാടിനെ പിൻതാങ്ങാത്ത സോഴ്സ്ഫോർജ് എന്ന സൈറ്റിലെ പ്രവർത്തകരേയാണുതാനും. * സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ ആശയം "ഓപ്പൺ സോഴ്സ്" വിട്ടുപോകുന്നത് എന്തുകൊണ്ട് സോഫ്റ്റ്‌വെയർ "ഫ്രീ" ആണ് എന്നു ഞങ്ങൾ പറയുമ്പോൾ ഞങ്ങൾ ഉദ്ദേശിയ്ക്കുന്നത് ആ സോഫ്റ്റ്‌വെയർ ഉപയോക്താക്കളുടെ അടിസ്ഥാന സ്വാതന്ത്ര്യത്തെ മാനിയ്ക്കുന്നു എന്നാണ്. അതായത്, ആ പ്രയോഗത്തെ പ്രവർത്തിപ്പിയ്ക്കാനും, അതിനെ പറ്റി പഠിയ്ക്കാനും, അതിൽ മാറ്റം വരുത്താനും, നവീകരിച്ചതോ അല്ലാത്തതോ ആയ പകർപ്പുകൾ മറ്റുള്ളവർക്ക് വിതരണം ചെയ്യാനും ഉള്ള സ്വാതന്ത്ര്യം അതനുവദിക്കുന്നു. ഇത് സ്വാതന്ത്ര്യത്തിന്റെ കാര്യമാണ് വിലയുടേതല്ല. അതായത് "ഫ്രീ സ്പീച്ച്" (സ്വതന്ത്ര ഭാഷണം)- എന്നതുപോലെ "ഫ്രീ ബിയർ " (സൌജന്യ ഭക്ഷണം)എന്നതുപോലെ അല്ല.

ഈ സ്വാതന്ത്ര്യങ്ങൾ വളരെ പ്രാധാന്യം അർഹിയ്ക്കുന്നതാണ്. വ്യക്തിഗതമായ കാരണങ്ങൾകൊണ്ട് മാത്രമല്ല, മറിച്ച്, പരസ്പര സഹകരണത്തിലൂടേയും പങ്കുവെയ്ക്കലിലൂടേയും, സാമൂഹിക ദൃഢത വളർത്താൻ സഹായിക്കുന്നു എന്നതുകൊണ്ടാണ് ഇത് അത്യന്താപേക്ഷിതമാകുന്നത്. നമ്മുടെ ജീവിതചര്യകളും സംസ്കാരവും തന്നെ കൂടുതൽ ഡിജിറ്റൽവത്കരിയ്ക്കപ്പെടുമ്പോൾ ഇത് കൂടുതൽ പ്രസക്തമാകുന്നു. ഡിജിറ്റൽ ശബ്ദങ്ങളും, ചിത്രങ്ങളും, സംസാരവും കൊണ്ട് നിറയുന്ന ഈ ലോകത്ത് സോഫ്റ്റ്‌വെയറിന്റെ സ്വാതന്ത്ര്യം, മറ്റെല്ലാമേഖലകളിലുമുള്ള സ്വാതന്ത്ര്യത്തോട്ട് തുലനം ചെയ്യപ്പെടേണ്ടതാണ്.

ലോകജനതയിൽ നൂറു ലക്ഷത്തോളം വരുന്ന ആൾക്കാർ ഇപ്പോൾ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിയ്ക്കുന്നു; സ്പെയിനിലേയും

ഇന്ത്യയിലേയും പല ഭാഗങ്ങളിലെ(*നമ്മുടെ കൊച്ചു കേരളത്തിലും!) വിദ്യാലയങ്ങളിൽ എല്ലാ കുട്ടികളേയും സ്വതന്ത്ര പ്രവർത്തക സംവിധാനമായ ഗ്നു/ലിനക്സ് ഉപയോഗിയ്ക്കാനാണ് പഠിപ്പിയ്ക്കുന്നതു്. പക്ഷെ ഈ സോഫ്റ്റ്‌വെയറും, സ്വതന്ത്ര സോഫ്റ്റ്‌വെയർ സമൂഹവും ഉണ്ടായതിനുപിന്നിലെ സന്മാർഗ്ഗികതയേ കുറിച്ച് കുട്ടതലാളുകളും കേട്ടിട്ടില്ല, എന്തെന്നാൽ ഈ സ്വാതന്ത്ര്യത്തേ കുറിച്ച് അധികമൊന്നും പ്രദിപാദിയ്ക്കാത്ത ''ഓപ്പൺ സോഴ്സ്'' എന്ന ആശയത്തിന്റെ പേരിലാണ് ഇവ അധികവും അറിയപ്പെടുന്നതു്.

1983 മുതൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനം, കമ്പ്യൂട്ടർ ഉപഭോക്താക്കളുടെ സ്വാതന്ത്ര്യത്തിനായി നിരന്തര സമരത്തിലേർപ്പെട്ടിരിയ്ക്കുകയാണ്. ഉപഭോക്താക്കളുടെ സ്വാതന്ത്ര്യത്തെ നിഷേധിയ്ക്കുന്ന പ്രവർത്തക സംവിധാനങ്ങൾക്ക് പകരമായി, 1984-ൽ ഞങ്ങൾ ഗ്നു എന്ന സ്വതന്ത്ര പ്രവർത്തക സംവിധാനത്തിന്റെ നിർമ്മാണം ആരംഭിച്ചു. എൺപതുകളോടെ ഗ്നുവിന്റെ പ്രധാനപ്പെട്ട ഭാഗങ്ങളെല്ലാം തന്നെ ഞങ്ങൾ നിർമ്മിച്ചു, കൂടാതെ ഗ്നു പൊതു സമ്മതപത്രം(GNU General Public License) എന്ന പേരിൽ ഒരു സമ്മതപത്രവും നിർമ്മിയ്ക്കുകയുണ്ടായി. ഒരു പ്രയോഗം ഉപയോഗിയ്ക്കുന്ന എല്ലാവരുടേയും സ്വാതന്ത്ര്യത്തെ സംരക്ഷിയ്ക്കാനായി പ്രത്യേകം വിഭാവനം ചെയ്തതായിരുന്നു അതു്.

എന്നിരുന്നാലും സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ എല്ലാ ഉപഭോക്താക്കളും, നിർമ്മാതാക്കളും സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിന്റെ ലക്ഷ്യത്തോടു് അനുകൂലിച്ചില്ല. 1998-ൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ സമൂഹത്തിലെ ഒരു ഭാഗം പ്രവർത്തകർ '' ഓപ്പൺ സോഴ്സ്'' എന്ന പേരിൽ സംഘടിച്ചു. ''ഫ്രീ സോഫ്റ്റ്‌വെയർ'' എന്ന വാക്കിലെ ആശയകുഴപ്പമാണ് ഓപ്പൺ സോഴ്സ് എന്ന വാക്കുണ്ടാവാനുള്ള ആദ്യ കാരണം. പക്ഷെ താമസ്സിയാതെ അതു് സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിന്റേതിൽ നിന്നും വ്യത്യസ്തമായ മറ്റൊരു ആശയത്തെ പിൻതാങ്ങുന്നതായി.

''ഓപ്പൺ സോഴ്സ്'' -ന്റെ ചില പ്രവർത്തകർ ആദ്യം അതിനെ '' സ്വതന്ത്ര സോഫ്റ്റ്‌വെയറിനു് വാണിജ്യ രംഗത്തെ വിപണന ഉപാധി'' ആയാണ് കണ്ടതു്. പൊതുവെ സാമൂഹിക ശരിതെറ്റുകളെ കുറിച്ച് അധികം കേൾക്കാൻ ഇഷ്ടമില്ലാത്ത ബിസിനസ്സ് നടത്തിപ്പുകാരോടു്, ഇതിന്റെ പ്രായോഗിക ഗുണഗണങ്ങളേ പറ്റി പറയുന്ന പ്രചരണം. മറ്റു പ്രവർത്തകർ, സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനം ഉയർത്തുന്ന മൂല്യത്തിന്റേയും സന്മാർഗ്ഗികതയുടേയും വിഷയങ്ങളെ പാടെ നിഷേധിച്ചു. അവരുടെ കാഴ്ചപ്പാടെന്തായാലും ''ഓപ്പൺ സോഴ്സിനു'' വേണ്ടി പ്രവർത്തിച്ചപ്പോൾ അവർ ഈ മൂല്യങ്ങളേ കുറിച്ച് പറയുകയോ വാദിയ്ക്കുകയോ ചെയ്തില്ല. പോകപ്പോകെ ''ഓപ്പൺ സോഴ്സ്'' എന്നാൽ, ശക്തവും വിശ്വസ്തവും ആയ സോഫ്റ്റ്‌വെയർ ഉണ്ടാക്കുക തുടങ്ങിയ പ്രായോഗിക കാര്യങ്ങളേ കുറിച്ച് മാത്രം പറയുന്നതായി. ഒട്ടുമിക്ക ''ഓപ്പൺ സോഴ്സ്'' പ്രവർത്തകരും അങ്ങിനെയാണ് ചെയ്തതു്. അതുകൊണ്ടു് തന്നെ ''ഓപ്പൺ സോഴ്സ്'' അങ്ങിനെ ഒരു ആശയത്തെ പ്രതിനിധീകരിച്ചു.

ഏതാണ്ടു് എല്ലാ ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയറും സ്വതന്ത്ര സോഫ്റ്റ്‌വെയറാണ്. രണ്ടു് പദങ്ങളും ഏതാണ്ടു് ഒരേ ഗണത്തിലുള്ള സോഫ്റ്റ്‌വെയറിനെ കുറിച്ചാണ് പറയുന്നതും. പക്ഷെ അടിസ്ഥാനപരമായി വ്യത്യസ്തമായ ആശങ്ങളെ കുറിച്ചാണ് അവർ പറയുന്നതു്. ഓപ്പൺ സോഴ്സ് ഒരു നിർമ്മാണ വ്യവസ്ഥയാണ്, സ്വതന്ത്ര സോഫ്റ്റ്‌വെയർ ഒരു സാമൂഹ്യ പ്രസ്ഥാനമാണ്. സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിനു്, സ്വതന്ത്ര സോഫ്റ്റ്‌വെയർ ഒരു നൈതിക പ്രശ്നമാണ്, എന്തെന്നാൽ സ്വതന്ത്ര സോഫ്റ്റ്‌വെയർ മാത്രമെ ഉപഭോക്താവിന്റെ സ്വാതന്ത്ര്യത്തെ മാനിയ്ക്കുന്നുള്ളു. ഇതിൽ നിന്നും വ്യത്യസ്തമായി, പ്രായോഗികമായി എങ്ങിനെ ''മെച്ചപ്പെട്ട'' സോഫ്റ്റ്‌വെയർ ഉണ്ടാക്കാം എന്ന ദിശയിലാണ് ഓപ്പൺ സോഴ്സിന്റെ ആശയങ്ങൾ. അതു് പ്രകാരം കുത്തക സോഫ്റ്റ്‌വെയർ, അപൂർണ്ണമായ ഒരു പരിഹാരമാണ്. പക്ഷെ സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം, സ്വതന്ത്രമല്ലാത്ത സോഫ്റ്റ്‌വെയർ ഒരു സാമൂഹിക പ്രശ്നമാണ്, സ്വതന്ത്രമായ സോഫ്റ്റ്‌വെയറിലേയ്ക്കുള്ള മാറ്റമാണ് അതിനു് പരിഹാരം.

സ്വതന്ത്ര സോഫ്റ്റ്‌വെയർ. ഓപ്പൺ സോഴ്സ്. ഇവരണ്ടും ഒരേ സോഫ്റ്റ്‌വെയറിനെ പറ്റി പറയുന്നു. പിന്നെ ഏതു പേരുപയോഗിച്ചാലും കുഴപ്പമുണ്ടോ? ഉണ്ടു്. കാരണം, വ്യത്യസ്ത പേരുകൾ വ്യത്യസ്ത ആശയങ്ങളാണ് സംവേദനം ചെയ്യുന്നതു്. സ്വതന്ത്രമായ ഒരു

സോഫ്റ്റ്‌വെയർ ഏതു പേരിലായാലും ഇന്ന് നിങ്ങൾക്ക് അതേ സ്വാതന്ത്ര്യങ്ങൾ തന്നെ നല്കുന്നു. പക്ഷെ സ്വാതന്ത്ര്യം എന്നന്നേയ്ക്കുമായി നിലനില്ക്കുന്നതിന്, ജനങ്ങളെ അവരുടെ സ്വാതന്ത്ര്യത്തെ പറ്റി ബോധവാന്മാരാക്കേണ്ടതു് ആവശ്യമാണ്. അതിനായി സഹായിയ്ക്കാൻ നിങ്ങൾക്കു താത്പര്യമുണ്ടെങ്കിൽ ''സ്വതന്ത്ര സോഫ്റ്റ്‌വെയർ '' -നെ പറ്റി പറയേണ്ടതു് വളരെ പ്രധാനമാണ്.

സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിന്റെ പ്രവർത്തകരായ ഞങ്ങൾ ഓപ്പൺ സോഴ്സിനെ ശത്രുക്കളായി കാണുന്നില്ല; കുത്തക(സ്വതന്ത്രമല്ലാത്ത) സോഫ്റ്റ്‌വെയറുകളാണ് ഞങ്ങളുടെ ശത്രുക്കൾ. പക്ഷെ ഞങ്ങൾ സ്വാതന്ത്ര്യത്തിനു വേണ്ടിയാണ് നിലകൊള്ളുന്നതു് എന്ന് ജനങ്ങളറിയാൻ ഞങ്ങൾക്ക് താത്പര്യമുണ്ട്. അതുകൊണ്ട് തന്നെ ഞങ്ങളെ ഓപ്പൺ സോഴ്സിന്റെ വക്താക്കളായി ചിത്രീകരിയ്ക്കുന്നതു് ഞങ്ങൾക്ക് സ്വീകാര്യവുമല്ല. ''ഫ്രീ സോഫ്റ്റ്‌വെയർ '', ''ഓപ്പൺ സോഴ്സ്'' എന്നതിലെ തെറ്റിദ്ധാരണകൾ

''ഫ്രീ സോഫ്റ്റ്‌വെയർ '' എന്ന പദത്തെ തെറ്റായി വ്യാഖ്യാനിയ്ക്കപ്പെടാം എന്നൊരു പ്രശ്നമുണ്ട്. ''പൂജ്യം വിലയ്ക്കു ലഭിയ്ക്കുന്ന സോഫ്റ്റ്‌വെയർ'' എന്ന ഉദ്ദേശിക്കാത്ത അർത്ഥവും, ''ഉപഭോക്താക്കളുടെ സ്വാതന്ത്ര്യത്തെ മാനിയ്ക്കുന്ന സോഫ്റ്റ്‌വെയർ '' എന്ന ഉദ്ദേശിയ്ക്കുന്ന അർത്ഥവും അതിന് ഒരു പോലെ ചേരും. സ്വതന്ത്ര സോഫ്റ്റ്‌വെയർ എന്നതിന് നിർവചനം കൊടുത്തും, ''ഫ്രീ സ്പീച്ച്-നെ പറ്റി ചിന്തിയ്ക്കു ഫ്രീ ബിയറിനെ പറ്റിയല്ല '' തുടങ്ങിയ ലഘു വിശദീകരണങ്ങൾ ഉപയോഗിച്ചും ആണ് ആ പ്രശ്നത്തേ ഞങ്ങൾ നേരിട്ടതു്. പക്ഷെ അതൊരു കൃത്യമായ പരിഹാരമല്ല; പ്രശ്നത്തേ പൂർണ്ണമായി ഇല്ലാതാക്കാനും അതിന് കഴിയില്ല. സംശയം വരുത്താത്ത കൃത്യമായ ഒരു പദം ഉപയോഗിയ്ക്കുന്നതു് എന്തുകൊണ്ടും നല്ലതാണ്, അതുകൊണ്ട് വേറേ പ്രശ്നമൊന്നുമില്ലെങ്കിൽ.

നിർഭാഗ്യവശാൽ, ഇംഗ്ലീഷിലുള്ള മറ്റെല്ലാ പദങ്ങൾക്കും അതിന്റേതായ പ്രശ്നങ്ങളുണ്ട്. ജനങ്ങൾ നിർദ്ദേശിച്ച മറ്റ് പല പേരുകളും ഞങ്ങൾ പരിഗണിയ്ക്കുകയുണ്ടായി, പക്ഷെ അവയൊന്നും പേരുമാറ്റാൻ മാത്രമുള്ള കൃത്യതയുണ്ടായിരുന്നില്ല. ''ഫ്രീ സോഫ്റ്റ്‌വെയർ '' എന്നതിന് പകരം നിർദ്ദേശിച്ച എല്ലാ വാക്കുകൾക്കും ഒരു തരത്തിൽ അല്ലെങ്കിൽ വേറൊരു തരത്തിലുള്ള പ്രശ്നങ്ങളുണ്ടായിരുന്നു- അതിൽ ''ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ '' എന്നതും ഉൾക്കൊള്ളുന്നു.

ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ-എന്നതിന്റെ ആധികാരിക നിർവചനം(ഓപ്പൺ സോഴ്സ് ഇനിഷ്യേറ്റീവ് പ്രസിദ്ധീകരിച്ചതു്-ഇവിടെ ചേർക്കാൻ പറ്റുന്നതിലും വലുതാണതു്) സ്വതന്ത്ര സോഫ്റ്റ്‌വെയറിന് ഞങ്ങൾ കൊടുത്ത നിബന്ധനകളിൽ നിന്ന് ഉരുത്തിരിഞ്ഞതാണ്. പക്ഷെ അതു് രണ്ടും ഒന്നല്ല. ഓപ്പൺ സോഴ്സിന്റെ നിർവചനം ചില കാര്യങ്ങളിൽ വിട്ടുവീഴ്ചചെയ്യുന്നു. അതുകൊണ്ടുതന്നെ സ്വീകരിക്കാനാവത്തതായി ഞങ്ങൾ കരുതുന്ന ചില സമ്മതപത്രങ്ങൾ അവർക്ക് സ്വീകാര്യമാണ്. എന്നിരുന്നാലും പ്രായോഗിക തലത്തിൽ രണ്ടും ഏതാണ്ട് ഒരുപോലെയാണ്.

എങ്കിലും, ''നിങ്ങൾക്ക് സോഴ്സ് കോഡ് വായിക്കാം '' എന്നാണ് ''ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ '' എന്ന പദത്തിന്റെ ഒറ്റ നോട്ടത്തിലുള്ള വിശദീകരണം. കുറേയേറെ പേർ അങ്ങിനെ വിചാരിയ്ക്കാനും സാധ്യതയുണ്ട്. പക്ഷെ ആ നിബന്ധന, സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെയോ ഓപ്പൺ സോഴ്സിന്റേയോ ആധികാരിക വിശദീകരണത്തെ അപേക്ഷിച്ച് വളരെ ശോഷിച്ചതാണ്. സ്വതന്ത്ര സോഫ്റ്റ്‌വെയറോ ഓപ്പൺ സോഴ്സോ അല്ലാത്ത ഒട്ടേറെ പ്രയോഗങ്ങളും ആ നിബന്ധനയിൽ പെടും.

''ഓപ്പൺ സോഴ്സ്'' എന്ന പദത്തിന് ഒറ്റ നോട്ടത്തിലുള്ള അർത്ഥം അതിന്റെ പ്രവർത്തകർ ഉദ്ദേശിയ്ക്കുന്നതല്ല അതുകൊണ്ട്, കൂടുതലാളുകളും തെറ്റിദ്ധരിയ്ക്കാൻ സാധ്യതയുണ്ട്. നീൽ സ്റ്റെഫെൻസൺ (Neal Stephenson)''ഓപ്പൺ സോഴ്സിനെ '' നിർവചിച്ചതു് ഇങ്ങനെ:

ലിനക്സ് ''ഓപ്പൺ സോഴ്സ്'' ആണ്, ലളിതമായി പറഞ്ഞാൽ, ആർക്കുവേണമെങ്കിലും അതിന്റെ സോഴ്സ് കോഡിന്റെ പകർപ്പ് ലഭിയ്ക്കും.

“ആധികാരിക ” നിർവചനം നിഷേധിയ്ക്കാനും അതുമായി തർക്കിയ്ക്കാനും ഒന്നും അദ്ദേഹത്തിന് ഉദ്ദേശമുണ്ട് എന്നെനിയ്ക്കുതോന്നുന്നില്ല. ഇംഗ്ലീഷ് ഭാഷാപരമായിട്ടുള്ള ലളിതമായ അർത്ഥമാണ് അദ്ദേഹം പറഞ്ഞത്. കൻസാസ് (Kansas) സംസ്ഥാനം അതുപോലെ ഒരു നിർവചനം കൊടുത്തു:

ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ ഉപയോഗിയ്ക്കു. സോഴ്സ് കോഡ്, സൌജന്യമായി പൊതുജനത്തിന് ലഭിയ്ക്കുന്ന സോഫ്റ്റ്‌വെയർ ആണ് ഓപ്പൺ സോഴ്സ്, ആ കോഡ് എങ്ങിനെ ഉപയോഗിയ്ക്കണമെന്നതിനുള്ള നിഷ്കർഷതകൾ വ്യത്യസ്തപ്പെടാമെങ്കിലും.

ഈ പ്രശ്നം നേരിടാൻ, ഓപ്പൺ സോഴ്സിന്റെ ആധികാരിക നിർവചനത്തിലേയ്ക്ക് വിരൽചൂണ്ടുക എന്ന മാർഗ്ഗമാണ് അതിന്റെ പ്രവർത്തകർ ചെയ്തത്. പക്ഷെ ആ തിരുത്തൽ ഞങ്ങൾക്ക് ചെയ്യേണ്ട തിരുത്തലിന്റെ അത്ര ഫലവത്തല്ല. ഫ്രീ സോഫ്റ്റ്‌വെയർ എന്ന പദത്തിന് പ്രകൃത്യാ രണ്ട് അർത്ഥം വരാം, അതിലൊന്ന്, നമ്മൾ ഉദ്ദേശിച്ച അർത്ഥമാണ്, അതായത് ഫ്രീ സ്പീച്ചാണ് (സ്വതന്ത്ര ഭാഷണം) ഫ്രീ ബിയറല്ല (സൌജന്യ ഭക്ഷണം) എന്ന് മനസ്സിലായ ഒരാൾക്ക് പിന്നെ തെറ്റില്ല. പക്ഷെ ഓപ്പൺ സോഴ്സ് എന്നതിന് പ്രകൃത്യാ ഒറ്റ അർത്ഥമേയുള്ളു. അത് അതിന്റെ പ്രവർത്തകർ ഉദ്ദേശിയ്ക്കാത്തതാണ്. അതായത് ഓപ്പൺ സോഴ്സ് എന്നതിന്റെ ആധികാരിക നിർവചനത്തെ വിശദീകരിയ്ക്കാൻ സംക്ഷിപ്തമായ ഒരു രൂപമില്ല. അത് കൂടുതൽ ആശയകുഴപ്പത്തിലേയ്ക്ക് വഴിവയ്ക്കും.

“ ഓപ്പൺ സോഴ്സ്” എന്നാൽ “ഗ്നു പൊതു സമ്മതപത്രം ഉപയോഗിയ്ക്കാത്തത്” എന്നതാണ് മറ്റൊരു തെറ്റിദ്ധാരണ. “ഫ്രീ സോഫ്റ്റ്‌വെയർ” എന്നാൽ “ഗ്നു സമ്മതപത്രം ഉപയോഗിയ്ക്കുന്നത്” എന്ന തെറ്റിദ്ധാരണയുടെ തുടർച്ചയാണത്. ഇവ രണ്ടും ഒരു പോലെ അബദ്ധമാണ്. ഗ്നു പൊതു സമ്മതപത്രം ഓപ്പൺ സോഴ്സ് അംഗീകരിച്ച സമ്മതപത്രങ്ങളിൽ ഒന്നാണെന്നതു തന്നെ കാരണം. കൂടാതെ മിക്ക ഓപ്പൺ സോഴ്സ് സമ്മതപത്രങ്ങളും സ്വതന്ത്ര സോഫ്റ്റ്‌വെയർ സമ്മതപത്രങ്ങളാണ്. വ്യത്യസ്തമൂല്യങ്ങൾ ഒരേ നിഗമനത്തിലേയ്ക്ക് നയിയ്ക്കാം. . . എല്ലായിപ്പോഴുമില്ലെന്ന് മാത്രം

1960-കളിലെ ത്വാത്വിക സംഘങ്ങൾ ഗ്രൂപ്പ്‌വഴക്കുകൾക്ക് പേരുകേട്ടതായിരുന്നു: തന്ത്ര പരമായ അഭിപ്രായ വ്യത്യാസത്തിന്റെ പേരിൽ ചില സംഘടനകൾ തെറ്റിപ്പിരിഞ്ഞിരുന്നു. അടിസ്ഥാന ലക്ഷ്യങ്ങളിലും മൂല്യങ്ങളിലും വലിയ വ്യത്യാസമുണ്ടായിരുന്നില്ലെങ്കിലും അവർ പരസ്പരം ശത്രുക്കളായി കരുതി. വലതു പക്ഷമാണ് ഇതിൽ കൂടുതലും സൃഷ്ടിച്ചത്, കൂടാതെ ഇടതു പക്ഷക്കാരെ മുഴവനായി കുറ്റപ്പെടുത്താനായി ഇതൊക്കെ ഉപയോഗിയ്ക്കുകയും ചെയ്തു.

ഞങ്ങൾക്ക് ഓപ്പൺ സോഴ്സിനോടുള്ള വിയോജിപ്പ് ഈ സംഘങ്ങളോടുപമിച്ച് ചിലർ സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനത്തെ അവഹേളിയ്ക്കാൻ ശ്രമിയ്ക്കുന്നുണ്ട്. അവർക്കുത് തിരിച്ചാണുള്ളത്. ഞങ്ങൾക്ക് ഓപ്പൺ സോഴ്സിനോടുള്ള എതിർപ്പ് അടിസ്ഥാനപരമായ ലക്ഷ്യങ്ങളിലും മൂല്യങ്ങളിലുമാണ്, പക്ഷെ അവരുടേയും ഞങ്ങളുടേയും കാഴ്ചപ്പാട് പലപ്പോഴും ഒരേ പ്രാവർത്തിക സ്വഭാവത്തിലേയ്ക്ക നയിയ്ക്കാറുണ്ട്—സ്വതന്ത്ര സോഫ്റ്റ്‌വെയർ നിർമ്മാണം തുടങ്ങിയ കാര്യങ്ങളിൽ.

അതുകൊണ്ട് തന്നെ സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രവർത്തകരും, ഓപ്പൺ സോഴ്സ് പ്രവർത്തകരും സോഫ്റ്റ്‌വെയർ നിർമ്മാണം തുടങ്ങിയ പ്രായോഗിക സംരംഭങ്ങളിൽ ഒരുമിച്ച് പ്രവർത്തിയ്ക്കാറുണ്ട്. ഇത്ര വ്യത്യസ്തമായ മൂല്യങ്ങളുള്ള വ്യത്യസ്ത ആൾക്കാർ ഒരേ സംരംഭങ്ങളിൽ പ്രവർത്തിയ്ക്കാൻ പ്രചോദിതരാകാം എന്നതു ശ്രദ്ധേയമാണ്. എന്നിരുന്നാലും ഈ കാഴ്ചപ്പാടുകൾ വളരെ വ്യത്യസ്തമാണ്, ഇവ രണ്ടും തികച്ചും വ്യത്യസ്തമായ ചെയ്തികളിലേയ്ക്ക് നയിയ്ക്കുന്ന സാഹചര്യങ്ങളുമുണ്ട്.

ഉപഭോക്താക്കൾക്ക് സോഫ്റ്റ്‌വെയർ മാറ്റം വരുത്താനും, വിതരണം ചെയ്യുവാനും പറ്റുമ്പോൾ സോഫ്റ്റ്‌വെയർ കൂടുതൽ ശക്തവും വിശ്വസ്തവും ആകും എന്നതാണ് ഓപ്പൺ സോഴ്സിന്റെ ആശയം. പക്ഷെ അതിന് ഉറപ്പൊന്നുമില്ല. കുത്തക സോഫ്റ്റ്‌വെയർ നിർമ്മാതാക്കൾ സാമർത്ഥ്യം ഇല്ലാത്തവരാകണം എന്നില്ല. ചിലപ്പോൾ അവരും ശക്തവും വിശ്വസ്തവും ആയ പ്രയോഗങ്ങൾ ഉണ്ടാക്കാറുണ്ട്, അവ ഉപഭോക്താക്കളുടെ സ്വാതന്ത്ര്യത്തെ മാനിയ്ക്കുന്നില്ലെങ്കിലും. അതിനോട് സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രവർത്തകരും ഓപ്പൺ സോഴ്സ്

പ്രവർത്തകരും എങ്ങിനെയായിരിയ്ക്കും പ്രതികരിയ്ക്കുക?

സ്വാതന്ത്ര്യത്തിന്റെ ആശയത്തിൽ വിശ്വസിയ്ക്കാത്ത ഒരു പൂർണ്ണ ഓപ്പൺ സോഴ്സ് പ്രവർത്തകൻ പറയുന്നതിങ്ങനെ ആയിരിയ്ക്കും: "ഞങ്ങളുടെ വികസന മാതൃക ഉപയോഗിയ്ക്കാതെ തന്നെ നന്നായി പ്രവർത്തിയ്ക്കുന്ന പ്രയോഗം നിങ്ങൾ നിർമ്മിച്ചിരിയ്ക്കുന്നതിൽ എനിയ്ക്ക് അത്ഭുതമുണ്ട്, എനിക്കതിന്റെ ഒരു പകർപ്പ് എങ്ങിനെ കിട്ടും?" ഈ നിലപാട്, നമ്മുടെ സ്വാതന്ത്ര്യം എടുത്തുകളയാനായി ശ്രമിയ്ക്കുന്ന പദ്ധതികൾക്ക് പ്രജോദനമാകും, അത് നഷ്ടപ്പെടുന്നതിലേയ്ക്കും വഴിവെയ്ക്കും.

അതെ സമയം ഒരു സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രവർത്തകൻ പറയുക: "നിങ്ങളുടെ പ്രയോഗം വളരെ ആകർഷണീയമാണ്, പക്ഷെ അതെന്റെ സ്വാതന്ത്ര്യത്തിന്റെ വിലയ്ക്കല്ല. അതുകൊണ്ട് എനിയ്ക്കതുപയോഗിയ്ക്കാൻ പറ്റില്ല. പകരം അതിനൊരു സ്വതന്ത്രമായ പകരക്കാരനെ നിർമ്മിയ്ക്കാനുള്ള സംരംഭത്തെ സഹായിയ്ക്കാൻ ഞാൻ തയ്യാറാണ്" എന്നാണ്. നമ്മുടെ സ്വാതന്ത്ര്യത്തെ നമ്മൾ മാനിയ്ക്കുന്നുണ്ടെങ്കിൽ, അത് നിലനിർത്താനും പ്രതിരോധിയ്ക്കാനുമായി നമുക്ക് പ്രവർത്തിയ്ക്കാം. ശക്തവും, വിശ്വസ്തവും ആയ സോഫ്റ്റ്‌വെയറും ദുഷിച്ചതാകാം

സോഫ്റ്റ്‌വെയർ അതിന്റെ ഉപഭോക്താവിനെ സേവിയ്ക്കാനായാണ് നിർമ്മിച്ചത് എന്ന ധാരണയിലാണ് അത് ശക്തവും വിശ്വസ്തവും ആകണം എന്ന് അവർ ആഗ്രഹിയ്ക്കുന്നത്. സോഫ്റ്റ്‌വെയർ കൂടുതൽ ശക്തവും വിശ്വസ്തവും ആണെങ്കിൽ കൂടുതൽ മെച്ചപ്പെട്ട രീതിയിലുള്ള സേവനം അത് ലഭ്യമാക്കുന്നു.

പക്ഷെ ഒരു സോഫ്റ്റ്‌വെയർ അതിന്റെ ഉപയോക്താക്കളുടെ സ്വാതന്ത്ര്യത്തെ മാനിയ്ക്കുമ്പോൾ മാത്രമേ അത് ഉപയോക്താക്കളെ സേവിയ്ക്കുകയാണെന്ന് പറയാൻ കഴിയൂ. ഉപയോക്താക്കളെ ചങ്ങലയ്ക്കിടാനായാണ് സോഫ്റ്റ്‌വെയർ നിർമ്മിച്ചതെങ്കിലോ?അപ്പോൾ കൂടുതൽ ശക്തമായ സോഫ്റ്റ്‌വെയർ എന്നാൽ അതിന്റെ ചങ്ങലകൾ കൂടുതൽ ഞെരുക്കുന്നതാണെന്നും, വിശ്വസ്തം എന്നാൽ അത് ഉഴിവാക്കാൻ കൂടുതൽ പ്രയാസമാണ് എന്നുമാണ്. ഉപയോക്താക്കളുടെ മേൽ ചാരപ്പണി ചെയ്യുക, അവരെ നിയന്ത്രിയ്ക്കുക, പിൻവാതിലുകൾ ചേർക്കുക, നിർബന്ധിത നവീകരണം നടത്തുക തുടങ്ങിയ ദുഷ്ടലാക്കോടെയുള്ള ഘടകങ്ങൾ കുത്തക സോഫ്റ്റ്‌വെയറിൽ സാധാരണമാണ്, കൂടാതെ ചില ഓപ്പൺസോഴ്സ് പ്രവർത്തകർക്കും അങ്ങിനെ ചെയ്യാൻ ആഗ്രഹമുണ്ട്.

സിനിമാ, ശബ്ദരേഖാ വ്യവസായങ്ങളുടെ സമ്മർദ്ദത്തിൽ ഉപയോക്താക്കളെ കൂടുതൽ കൂടുതൽ വിലക്കുന്ന രീതിയിലാണ് സോഫ്റ്റ്‌വെയറുകൾ നിർമ്മിയ്ക്കപ്പെടുന്നത്. ഈ ദുഷിച്ച ഘടകങ്ങളെ പൊതുവിൽ പറയുന്നത് ഡിജിറ്റൽ നിയന്ത്രണ നിർവഹണം എന്നാണ്(Digital Restrictions Management[DRM]-see DefectiveByDesign.org) ഇത് സ്വതന്ത്ര സോഫ്റ്റ്‌വെയർ ലക്ഷ്യമാക്കുന്ന സ്വാതന്ത്ര്യത്തിന് നേരെ വിപരീതമായ ആശയത്തോടെയുള്ളതാണ്. ആശയം മാത്രമല്ല: DRM-ന്റെ ലക്ഷ്യം തന്നെ, നിങ്ങളുടെ സ്വാതന്ത്ര്യം തകർക്കുക എന്നതായതു കൊണ്ട്, DRM നടപ്പിലാക്കുന്ന സോഫ്റ്റ്‌വെയറുകൾ മാറ്റുക എന്നത് പ്രയാസകരമോ, അസാധ്യമോ, അല്ലെങ്കിൽ നിയമവിരുദ്ധമോ ആയ രീതിയിലാണ് അതിന്റെ നിർമ്മാതാക്കൾ അതുണ്ടാക്കുന്നത്.

എന്നിട്ടും ചില ഓപ്പൺ സോഴ്സ് പ്രവർത്തകർ " ഓപ്പൺ സോഴ്സ് DRM" മുന്നോട്ട് വയ്ക്കുന്നു. നിഗൂഢവത്കരിച്ച മാധ്യമങ്ങളെ(encrypted media) നിങ്ങൾ ഉപയോഗിയ്ക്കുന്നത് നിയന്ത്രിയ്ക്കാനുള്ള സോഫ്റ്റ്‌വെയറിന്റെ കോഡ് ഇവർ പ്രസിദ്ധീകരിയ്ക്കുന്നു. അത് തിരുത്താൻ മറ്റുള്ളവരെ അനുവദിയ്ക്കുന്നതുവഴി നിങ്ങളെത്തന്നെ നിയന്ത്രിയ്ക്കാനുള്ള സോഫ്റ്റ്‌വെയർ കൂടുതൽ ശക്തവും വിശ്വസ്തവുമാകുന്നു. പിന്നീട് ആ സോഫ്റ്റ്‌വെയർ മാറ്റാൻ അനുവദിയ്ക്കാത്ത ഉപകരണങ്ങളിലായി അത് നിങ്ങളുടെ പക്കൽ തന്നെ എത്തുന്നു.

ഈ സോഫ്റ്റ്‌വെയർ "ഓപ്പൺ സോഴ്സായിരിയ്ക്കാം," ഓപ്പൺ സോഴ്സിന്റെ നിർമ്മാണ മാതൃകയാണ് അതുപയോഗിയ്ക്കുന്നതും. പക്ഷെ അത് ശരിക്കും ഉപയോഗിയ്ക്കുന്നവർക്ക് സ്വതന്ത്ര്യം ലഭിയ്ക്കുന്നില്ല എന്നതുകൊണ്ട് അത് സ്വതന്ത്ര സോഫ്റ്റ്‌വെയറാകില്ല. ഓപ്പൺ സോഴ്സ്

നിർമ്മാണ മാതൃക അതിനെ കൂടുതൽ ശക്തിയോടും വിശ്വസ്തതയോടും കൂടി നിങ്ങളെ നിയന്ത്രിയ്ക്കാൻ പ്രാപ്തമാക്കുന്നു എങ്കിൽ അത് ഏറ്റവും പരിതാപകരമാണ്. സ്വാതന്ത്ര്യത്തോടുള്ള പേടി

''സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ'' സന്മാർഗ്ഗികപരമായ കാര്യങ്ങൾ ചിലരുടെ സമാധാനംകെടുത്തുന്നു എന്നതാണ് ''ഓപ്പൺ സോഴ്സ്'' എന്ന പദം ഉയർന്നു വരാനുള്ള മുഖ്യകാരണം. അതുശരിയാണ്. സ്വാതന്ത്ര്യത്തെ കുറിച്ചും, സന്മാർഗ്ഗികതയേപറ്റിയും, ഉത്തരവാദിത്വത്തെ പറ്റിയും, സൌകര്യത്തെ പറ്റിയും ഒക്കെ പറയുമ്പോൾ അവർ അവഗണിയ്ക്കാനാഗ്രഹിയ്ക്കുന്ന വിഷയങ്ങളിലേയ്ക്കും അത് കടന്നേക്കാം- അവരുടെ നടപടികൾ സന്മാർഗ്ഗികമാണോയെന്നും മറ്റും. അത് അസ്വസ്ഥതയുണ്ടാക്കാം, ചിലർ ആ ഭാഗത്തേയ്ക്ക് എങ്ങും ചിന്തിയ്ക്കാൻതന്നെ തയ്യാറാവില്ല. അതുകൊണ്ടൊന്നും ഇത് ചർച്ച ചെയ്യരുതെന്നില്ല.

എന്തായാലും ''ഓപ്പൺസോഴ്സിന്റെ'' നേതാക്കൾ അങ്ങിനെയാണ് നിശ്ചയിച്ചത്. സ്വാതന്ത്ര്യത്തെ പറ്റിയും സന്മാർഗ്ഗികതയേ പറ്റിയും ഒന്നും പറയാതെ, ചില സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ വളരെ അടുത്ത പ്രായോഗിക ഫലങ്ങളെ പറ്റി മാത്രം സംസാരിച്ചും, അവർക്ക് സോഫ്റ്റ്‌വെയറുകൾ കൂടുതൽ ''വിൽക്കാം'' എന്നവർ കണ്ടെത്തി, പ്രത്യേകിച്ചും വ്യവസായപരം.

അതിന്റേതായ കാരണങ്ങളിൽ ആ സമീപനം ഫലപ്രദമാണ്. ഓപ്പൺ സോഴ്സിന്റെ പ്രസംഗപാടവം പല വ്യവസായത്തേയും വ്യക്തികളേയും സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിയ്ക്കാനും, കൂടാതെ നിർമ്മിയ്ക്കാനും വരെ കാരണമായിട്ടുണ്ട്. അത് നമ്മുടെ സമൂഹത്തെ വലുതാക്കിയിട്ടുണ്ട് —പക്ഷെ അത് ഉപരിപ്ലവവും പ്രായോഗികതലത്തിൽ മാത്രമുള്ളതുമാണ്. ഓപ്പൺ സോഴ്സിന്റെ പ്രായോഗിക മൂല്യങ്ങളിൽ മാത്രം ഒതുങ്ങുന്ന തത്വശാസ്ത്രം, അതിനേക്കാൾ ആഴത്തിലുള്ള സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ ആശയം മനസ്സിലാക്കുന്നത് തടയുന്നു. അത് നമ്മുടെ സമൂഹത്തിലേയ്ക്ക് കുറേയേറെ പേരെ കൊണ്ടുവരുന്നു പക്ഷെ അവരെ പ്രതിരോധിയ്ക്കാൻ പഠിപ്പിയ്ക്കുന്നില്ല. അതു പോകുന്നിടത്തോളം നല്ലതാണ്. പക്ഷെ അത് സ്വാതന്ത്ര്യം സുരക്ഷിതമാക്കാൻ പര്യാപ്തമല്ല. സ്വതന്ത്ര സോഫ്റ്റ്‌വെയറിലേയ്ക്ക് ആൾക്കാരെ ആകർഷിയ്ക്കുക എന്നത്, അവരെ സ്വന്തം സ്വാതന്ത്ര്യത്തിന്റെ പോരാളിയാവുകയെന്നതിന്റെ പാതിവഴി വരെയേ എത്തിയ്ക്കുന്നുള്ളൂ.

താമസ്സിയാതെ, ഏതെങ്കിലും പ്രായോഗിക മെച്ചം കാരണം ഇതെ ഉപഭോക്താക്കളെ, കുത്തക സോഫ്റ്റ്‌വെയർ ഉപയോഗിയ്ക്കാനായി ക്ഷണിയ്ക്കപ്പെടാം. കണക്കില്ലാത്ത വ്യവസായങ്ങൾ അങ്ങനെ ഒരു പ്രലോഭനത്തിന് സന്നദ്ധത പ്രകടിപ്പിയ്ക്കുന്നുണ്ട്. ചിലർ സൌജന്യ പകർപ്പുകൾ തന്നെ വാഗ്ദാനം ചെയ്യുന്നു. ഉപഭോക്താക്കൾ എന്തിനത് വേണ്ടെന്നു വെയ്ക്കണം?സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ നല്കുന്ന സ്വാതന്ത്ര്യത്തെ മാനിയ്ക്കാൻ അവർ പഠിച്ചെങ്കിൽ മാത്രം, സാങ്കേതികമോ പ്രായോഗികമോ ആയ സൌകര്യങ്ങൾക്കുപരി സ്വാതന്ത്ര്യത്തെ അതിന്റെ വിശാലമായ അർത്ഥത്തിൽ തന്നെ മനസ്സിലാക്കുമ്പോൾ മാത്രം. ഈ ആശയം പ്രചരിപ്പിയ്ക്കാൻ നമ്മൾ സ്വാതന്ത്ര്യത്തെ പറ്റി സംസാരിയ്ക്കണം. വ്യവസായങ്ങളോട് ഒരു പരിധിവരെയുള്ള '' നിശബ്ദമായ '' സമീപനം, സമൂഹത്തിന് നല്ലതാണ്. പക്ഷെ അത് സ്വാതന്ത്ര്യത്തോടുള്ള സ്നേഹം കിറുക്കാണെന്നു തോന്നുന്ന രീതിയിൽ വിപുലമാകുന്നത് അപകടകരമാണ്.

ആ ആപത്ഘട്ടമാണ് നമ്മൾക്കിപ്പോഴുള്ളത്. സ്വതന്ത്ര സോഫ്റ്റവെയറുപയോഗിയ്ക്കുന്ന കൂടുതൽ പേരും സ്വാതന്ത്ര്യത്തേ കുറിച്ച് ഒന്നും പറയാത്ത അവസ്ഥ - മിക്കവാറും ''വ്യവസായങ്ങൾക്ക് അതാണ് കൂടുതൽ സ്വീകാര്യത '' എന്നതുകൊണ്ടാണത്. ഏതാണ്ട് എല്ലാ ഗ്നു/ലിനക്സ് വകഭേദങ്ങളും, അടിസ്ഥാന സ്വതന്ത്ര സംവിധാനത്തിന് പുറമെ കുത്തക സോഫ്റ്റ്‌വെയർ ഘടകങ്ങളും ചേർക്കുന്നു. കൂടാതെ അതൊരു പ്രത്യേകതയായിട്ട് കാണാനാണവർ ഉപഭോക്താക്കളോട് പറയുന്നത്-അല്ലാതെ സ്വാതന്ത്ര്യത്തിൽ നിന്ന് പിന്നിലേയ്ക്കുള്ള ഒരു ചുവടുവെപ്പായല്ല.

ഈ കൂട്ടായ്മയിൽ അധികവും സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യത്തിനായി നിലകൊള്ളാഞ്ഞതുകൊണ്ട്, സോഫ്റ്റ്‌വെയറുകളുടെ കുത്തക അനുബന്ധങ്ങളും ഭാഗികമമായി സ്വതന്ത്രമല്ലാത്തതുമായ ഗ്നു/ ലിനക്സ് വിതരണങ്ങൾ അവിടെ നല്ല വിളനിലം കണ്ടു. ഇത് യാദൃശ്ചികമല്ല. കൂടുതൽ ഗ്നു/ലിനക്സ് ഉപയോക്താക്കളുടേയും മുമ്പിൽ അവതരിപ്പിയ്ക്കപ്പെട്ടത് സ്വാതന്ത്ര്യം ഒരു ലക്ഷ്യമായി കല്പിയ്ക്കാത്ത ''

ഓപ്പൺ സോഴ്സ്'' ചർച്ചകളാണ്. സ്വാതന്ത്ര്യത്തെ ഉയർത്തിപ്പിടിയ്ക്കാത്ത ചെയ്തികളും സ്വാതന്ത്ര്യത്തെ പറ്റി സംസാരിയ്ക്കാത്ത വാക്കുകളും പരസ്പരപൂരകങ്ങളായി അന്യോന്യം സഹായിച്ചു. ഈ പ്രവണതയെ മറികടക്കാൻ സ്വാതന്ത്ര്യത്തെ കുറിച്ച് കുറവല്ല കൂടുതൽ ചർച്ചകളാണ് നമുക്കാവശ്യം പരിസമാപ്തി

ഓപ്പൺ സോഴ്സ് പ്രവർത്തകർ നമ്മുടെ കൂട്ടായ്മയിലേയ്ക്ക് കൂടുതൽ പുതിയ ഉപഭോക്താക്കളെ കൊണ്ടുവരുമ്പോൾ, നമ്മൾ സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രവർത്തകർ സ്വാതന്ത്ര്യം എന്ന വിഷയം പുതിയവരുടെ ശ്രദ്ധയിൽ പെടുത്താൻ കൂടുതൽ ശ്രമിയ്ക്കണം. ''ഇതു് സ്വതന്ത്ര സോഫ്റ്റ്‌വെയറാണ് ഇതു് നിങ്ങൾക്ക് സ്വാതന്ത്ര്യം നൽകുന്നു! '' എന്ന് എന്നത്തേക്കാളും ഉച്ചത്തിൽ നാം പറയണം. ''ഓപ്പൺ സോഴ്സ്'' എന്നതിനു പകരം ''സ്വതന്ത്ര സോഫ്റ്റ്‌വെയർ '' എന്നു പറയുന്ന ഓരോ പ്രാവശ്യവും നിങ്ങൾ നമ്മുടെ സമരത്തെ സഹായിക്കുന്നു.
അടിക്കുറിപ്പ്

ജോ ബാർ(Joe Barr) എഴുതിയ ലിവ് ആന്റ് ലെറ്റ് ലൈസൻസ് ഈ വിഷയത്തിൽ അദ്ദേഹത്തിന്റെ കാഴ്ചപ്പാട് വ്യക്തമാക്കുന്നു.

ലഘാനി (Lakhani)-യുടേയും വൂൾഫ്(Wolf)-ന്റെയും സ്വതന്ത്ര സോഫ്റ്റ്‌വെയർ നിർമ്മാതാക്കളുടെ പ്രജോദനത്തെ പറ്റിയുള്ള പ്രബന്ധം പറയുന്നതു് ഗണ്യമായ ഒരു വിഭാഗം സോഫ്റ്റ്‌വെയർ എഴുത്തുകാർ സോഫ്റ്റ്‌വെയർ സ്വതന്ത്രമായിരിയ്ക്കണമെന്ന ആശയത്തിൽ നിന്ന് പ്രചോദനമുൾകൊണ്ടവരാണ് എന്നാണ്, അതും അവർ നിരീക്ഷിച്ചതു്, നൈതികമായ കാഴ്ചപ്പാടിനെ പിൻതാങ്ങാത്ത സോഴ്സ്ഫോർജ് എന്ന സൈറ്റിലെ പ്രവർത്തകരേയാണുതാനും.

# 4 ഭാഗം - നാലു്

## 4.1 എന്തു് കൊണ്ടു് പകർപ്പനുമതി?

''മറ്റുള്ളവരുടെ സ്വാതന്ത്ര്യം സംരക്ഷിക്കുന്ന കാര്യത്തിൽ ഒന്നും ചെയ്യാതിരിയ്ക്കുന്നതു് ദൌർബല്യമാണ്, എളിമയല്ല''

ഗ്നു സംരംഭത്തിൽ ഞങ്ങൾ പൊതുവെ, ഗ്നു ജിപിഎൽ പോലുള്ള,പകർപ്പനുമതിയുള്ള സമ്മതപത്രങ്ങൾ ഉപയോഗിയ്ക്കാനാണ് നിർദ്ദേശിയ്ക്കാറ്, അല്ലാതെ കൂടുതൽ അധികാരങ്ങൾ തരുന്ന പകർപ്പനുമതി ഉപയോഗിയ്ക്കാത്ത സ്വതന്ത്ര സോഫ്റ്റ്‌വെയർ സമ്മതപത്രങ്ങളല്ല. പകർപ്പനുമതി ഉപയോഗിയ്ക്കാത്ത സമ്മതപത്രങ്ങൾക്കെതിരെ ഞങ്ങൾ ശക്തമായി വാദിയ്ക്കാറില്ല —ചിലപ്പോൾ ചില പ്രത്യേക സന്ദർഭങ്ങളിൽ ഞങ്ങളതു് നിർദ്ദേശിയ്ക്കാറുമുണ്ട്—പക്ഷെ അത്തരം സമ്മതപത്രങ്ങളുടെ വക്താക്കൾ ജിപിഎൽ -ന് എതിരായി ശക്തമായി വാദിയ്ക്കാറുണ്ട്.

അങ്ങനെയുള്ള ഒരു വാദത്തിൽ,ഒരാൾ പറഞ്ഞതു്, ബിഎസ്ഡി ലൈസെൻസുകളിലൊരെണ്ണം അയാൾ തിരഞ്ഞെടുത്തതു് ''വിനീതമായ പ്രവൃത്തി'' ആണെന്നാണ്.''എന്റെ കോഡുപയോഗിയ്ക്കുന്നവരോട്, എനിയ്ക്ക് അംഗീകാരം തരണം എന്നതിൽ കൂടുതലൊന്നും ഞാൻ ആവശ്യപ്പെടുന്നില്ല.'' അംഗീകാരം ലഭിയ്ക്കുന്നതിനായുള്ള നിയമപരമായ ഒരു ആവശ്യത്തെ ''വിനയം'' എന്നുപറയുന്നതു് വളച്ചൊടിക്കലാണ്. എന്നാൽ ഇവിടെ കൂടുതൽ ഗഹനമായ ഒരു കാര്യം പരിഗണിയ്ക്കേണ്ടതുണ്ട്.

വിനയം എന്നാൽ നിങ്ങളുടെ സ്വാർത്ഥ താത്പര്യങ്ങൾക്ക് വിലകൊടുക്കുന്നില്ല എന്നാണ്, പക്ഷെ നിങ്ങളുടെ കോഡിന് ഏതു് സ്വതന്ത്ര സോഫ്റ്റ്‌വെയർ സമ്മതപത്രം ഉപയോഗിയ്ക്കണമെന്ന തീരുമാനം നിങ്ങളേയും നിങ്ങളുടെ കോഡുപയോഗിയ്ക്കുന്നവരേയും മാത്രമല്ല ബാധിയ്ക്കുന്നതു്. നിങ്ങളുടെ കോഡ് സ്വതന്ത്രമല്ലാത്ത ഒരു പ്രോഗ്രാമിൽ ഉപയോഗിയ്ക്കുന്ന ഒരാൾ മറ്റുള്ളവരുടെ സ്വാതന്ത്ര്യം തടയാനാണ് ശ്രമിയ്ക്കുന്നതു്,അതു് ചെയ്യാൻ നിങ്ങൾ അനുവദിയ്ക്കുകയാണെങ്കിൽ മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ സംരക്ഷിയ്ക്കുന്നതിൽ നിങ്ങൾ

പരാജയപ്പെടുകയാണ്. മറ്റുള്ളവരുടെ സ്വാതന്ത്ര്യം സംരക്ഷിയ്ക്കുന്നതിനായി ഒന്നും ചെയ്യാതിരിയ്ക്കുന്ന് ദൌർബല്യമാണ്, എളിമയല്ല.

നിങ്ങളുടെ കോഡ് ബിഎസ്ഡി ലൈസൻസുകളിലോ, മറ്റേതെങ്കിലും കൂടുതൽ അനുവാദങ്ങളുള്ള, പകർപ്പനുമതി ഉപയോഗിയ്ക്കാത്ത സമ്മതപത്രങ്ങളിലോ പുറത്തിറക്കുന്നത് തെറ്റല്ല; ആ പ്രോഗ്രാം അപ്പോഴും സ്വതന്ത്ര സോഫ്റ്റ്‌വെയറാണ്,അത് നമ്മുടെ സമൂഹത്തിനുള്ള സംഭാവനതന്നെയാണ്. പക്ഷെ അത് ദുർബലമാണ്, മാത്രമല്ല പലപ്പോഴും സോഫ്റ്റ്‌വെയർ പങ്കുവെയ്ക്കാനും മാറ്റംവരുത്താനും ഉപയോക്താക്കൾക്കുള്ള സ്വാതന്ത്ര്യത്തെ പറ്റി പ്രചരിപ്പിയ്ക്കാൻ ഏറ്റവും അനുയോജ്യമായ മാർഗ്ഗവും അതല്ല.

## 4.2 പകർപ്പനുമതി:പ്രായോഗികമായ ആദർശവാദം

ഓരോരുത്തരുടേയും തീരുമാനങ്ങൾ ഉടലെടുക്കുന്നത് അവരവരുടെ മൂല്യങ്ങളുടേയും ലക്ഷ്യത്തിന്റേയും അടിസ്ഥാനത്തിലാണ്. ആളുകൾക്ക് വിവിധ തരത്തിലുള്ള ലക്ഷ്യങ്ങളും മൂല്യങ്ങളും ഉണ്ടാകാം; പ്രശസ്തി, ലാഭം, സ്നേഹം, നിലനിൽപ്പ്, സന്തോഷം, സ്വാതന്ത്ര്യം, ഇവയെല്ലാം ഒരു നല്ല മനുഷ്യനുണ്ടാകാവുന്ന ലക്ഷ്യങ്ങളിൽ ചിലത് മാത്രമാണ്. ലക്ഷ്യം മറ്റുള്ളവരേയും സ്വയവും സഹായിയ്ക്കുക എന്നാകുമ്പോൾ നാമതിനെ ആദർശനിഷ്ഠ എന്നു പറയുന്നു.

സ്വതന്ത്ര സോഫ്റ്റ്‌വെയറിലുള്ള എന്റെ പ്രവൃത്തികൾ ആദർശാധിഷ്ഠിതമായ ഒരു ലക്ഷ്യത്തിൽ നിന്നും പ്രചോദനമുൾകൊണ്ടുകൊണ്ടാണ്: സ്വാതന്ത്ര്യവും സഹകരണവും പ്രചരിപ്പിയ്ക്കുക. പരസ്പര സഹകരണം നിഷേധിക്കുന്ന കുത്തക സോഫ്റ്റ്‌വെയറിന് പകരമായി, സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രചരിയ്ക്കാൻ പ്രോത്സാഹിപ്പിയ്ക്കണമെന്നും അങ്ങനെ മെച്ചപ്പെട്ട ഒരു സമൂഹമുണ്ടാവണമെന്നും ആണെന്റെ ആഗ്രഹം.

ഈ അടിസ്ഥാന കാരണം കൊണ്ടാണ് ഗ്നു പൊതു സമ്മതപത്രം ആ രീതിയിലെഴുതിരിക്കുന്നത്—പകർപ്പനുമതി ഉപയോഗിച്ചുകൊണ്ട്. ജിപിഎല്ലിലുള്ള ഒരു പ്രോഗ്രാമിലേയ്ക്കു ചേർക്കുന്ന എല്ലാ കോഡുകളും സ്വതന്ത്ര സോഫ്റ്റ്‌വെയറായിരിയ്ക്കണം, അത് വേറൊരു ഫയലിലാക്കി സൂക്ഷിച്ചാൽ പോലും. മറ്റ് സോഫ്റ്റ്‌വെയർ രചയിതാക്കളും അവരുടെ പ്രോഗ്രാമുകൾ സ്വതന്ത്രമാക്കുന്നത് പ്രോത്സാഹിപ്പിക്കാനായി, എന്റെ കോഡ് ഞാൻ സ്വതന്ത്ര സോഫ്റ്റ്‌വെയറിലുള്ള ഉപയോഗത്തിനായി മാത്രം ലഭ്യമാക്കുന്നു. കുത്തക സോഫ്റ്റ്‌വെയർ എഴുത്തുകാർ, പകർപ്പവകാശം ഉപയോഗിച്ച്, പങ്കുവയ്ക്കുന്നത് തടയുമ്പോൾ, നമ്മൾ സഹകരണമനസ്കർ, പകർപ്പവകാശം ഉപയോഗിയ്ക്കുന്നത് സമാനമനസ്കർക്ക് മാത്രം നമ്മുടെ കോഡ് ഉപയോഗിയ്ക്കാം, എന്ന പ്രത്യേക പ്രയോജനം പ്രദാനംചെയ്യാനാണ്.

ഗ്നു ജിപിഎൽ ഉപയോഗിയ്ക്കുന്ന എല്ലാവർക്കും ഈ ലക്ഷ്യമില്ല. വർഷങ്ങൾക്ക് മുൻപ് എന്റെ ഒരു സ്നേഹിതനോട്, പകർപ്പനുമതിയുള്ള ഒരു പ്രോഗ്രാം പകർപ്പനുമതിയില്ലാത്ത രീതിയിൽ പുനപ്രകാശനം ചെയ്യാൻ ആവശ്യമുയർന്നപ്പോൾ അദ്ദേഹം പ്രതികരിച്ചത് ഏതാണ്ടിതുപോലെയാണ്:

ചിലപ്പോൾ ഞാൻ സ്വതന്ത്ര സോഫ്റ്റ്‌വെയറിൽ പ്രവൃത്തിയ്ക്കാറുണ്ട്, ചിലപ്പോൾ കുത്തക സോഫ്റ്റ്‌വെയറിലും—പക്ഷെ കുത്തക സോഫ്റ്റ്‌വെയറിൽ പ്രവൃത്തിയ്ക്കുമ്പോൾ ഞാൻ പണം പ്രതീക്ഷിയ്ക്കുന്നുണ്ട്.

സോഫ്റ്റ്‌വെയർ പങ്കുവയ്ക്കുന്ന ഒരു സമൂഹവുമായി തന്റെ പ്രയത്നം പങ്കുവയ്ക്കാൻ അയാൾ തയ്യാറായിരുന്നു, പക്ഷെ സമൂഹത്തിന് വിലങ്ങുതടിയാകുന്ന ഉത്പന്നങ്ങളുണ്ടാക്കുന്ന ഒരു വ്യവസായത്തെ വെറുതെ സഹായിയ്ക്കാൻ അയാൾ തയ്യാറായിരുന്നില്ല. അദ്ദേഹത്തിന്റെ ലക്ഷ്യം എന്റേതിൽ നിന്നും വ്യത്യസ്തമായിരുന്നു, പക്ഷെ, ഗ്നു ജിപിൽ അദ്ദേഹത്തിന്റെ ലക്ഷ്യത്തിനും യോജിച്ചതാണെന്ന് അദ്ദേഹം തീരുമാനിച്ചു.

നിങ്ങൾക്ക് ലോകത്തെന്തെങ്കിലും സാധിയ്ക്കണമെങ്കിൽ ആദർശനിഷ്ഠ കൊണ്ടു മാത്രം കാര്യമില്ല—ലക്ഷ്യം സാധ്യമാക്കരിയ്ക്കാനുതകുന്ന ഒരു വഴി നിങ്ങൾ സ്വീകരിയ്ക്കേണ്ടതുണ്ട്. മറ്റൊരു തരത്തിൽ പറഞ്ഞാൽ നിങ്ങൾ "പ്രായോഗികമായ" രീതി സ്വീകരിയ്ക്കണം. ജിപിഎൽ

പ്രായോഗികമാണോ? നമുക്ക് അതിന്റെ ഫലങ്ങൾ നോക്കാം

ഗ്നൂ സി++ന്റെ കാര്യമെടുക്കാം. എങ്ങിനെയാണ് നമുക്ക് ഒരു സ്വതന്ത്ര സി++ കമ്പൈലർ ഉണ്ടായത്? ഗ്നൂ ജിപിഎൽ അത് സ്വതന്ത്രമായിരിക്കണമെന്ന് നിഷ്കർഷിച്ചതുകൊണ്ട് മാത്രമാണ്. എംസിസി എന്ന ഒരു വ്യവസായിക കൂട്ടായ്മയുടെ നേതൃത്വത്തിൽ ഗ്നൂ സി കമ്പൈലർ അടിസ്ഥാനമാക്കിയാണ്,ഗ്നൂ സി++ ഉണ്ടാക്കിയത്. എംസിസി സാധാരണയായി അതിന്റെ എല്ലാ സൃഷ്ടികളും പരമാവധി കുത്തകവത്കരിയ്ക്കാൻ ശ്രമിയ്ക്കാറുണ്ട്. പക്ഷെ അവർ സി++ ന്റെ ഫ്രണ്ട് എന്റ് സ്വതന്ത്ര സോഫ്റ്റ്‌വെയറാക്കി,എന്തെന്നാൽ ഗ്നൂ ജിപിഎൽ അനുസരിച്ച് ആ ഒരു രീതിയിൽ മാത്രമേ അത് പ്രകാശനം ചെയ്യാൻ കഴിയുമായിരുന്നുള്ളൂ. സി++ ഫ്രണ്ട എന്റിൽ കുറെ പുതിയ ഫയലുകൾ ഉണ്ടായിരുന്നു, പക്ഷെ അവയെല്ലാം ജിസിസിയുമായി ബന്ധപ്പെടേണ്ടതായതുകൊണ്ട് അവയ്ക്കൊക്കെ ജിപിഎൽ ബാധകമായി. നമ്മുടെ സമൂഹത്തിന് അതുകൊണ്ടുള്ള നേട്ടം വ്യക്തമാണ്.

ഗ്നൂ ഒബ്ജക്റ്റീവ് സി-യുടെ കാര്യമെടുക്കൂ. നെക്സ്റ്റിന്(NeXT),ആദ്യം അതിന്റെ ഫ്രണ്ട് എന്റ് കുത്തകവത്കരിയ്ക്കാനായിരുന്നു ആഗ്രഹം;അതിനായി അവർ .o ഫയലുകൾ മാത്രം പ്രകാശനം ചെയ്യുന്നതായി പ്രസ്താവിച്ചു. ഉപയോക്താക്കൾക്ക് അതും ജിസിസിയും തമ്മിൽ ബന്ധിപ്പിയ്ക്കാൻ അനുവദിയ്ക്കുന്ന രീതിയിലാകുമ്പോൾ, ജിപിഎൽ -ന്റെ നിബന്ധനങ്ങളെ അതുവഴി മറികടക്കാമെന്ന് അവർ വിചാരിച്ചു. പക്ഷെ അതുകൊണ്ട മാത്രം ജിപിഎല്ലിന്റെ നിബന്ധനകൾ പാലിക്കപ്പെടുന്നില്ലെന്ന് ഞങ്ങളുടെ വക്കീലന്മാർ അവരോട് പറഞ്ഞു. തുടർന്ന് അവർ ഒബ്ജക്റ്റീവ് സി യുടെ ഫ്രണ്ട് എന്റ് സ്വതന്ത്ര സോഫ്റ്റവെയറാക്കി.

ഈ ഉദാഹരണങ്ങളെല്ലാം വർഷങ്ങൾക്ക് മുൻപ് സംഭവിച്ചതാണ്, പക്ഷെ ഗ്നൂ ജിപിഎൽ ഇപ്പോഴും നമുക്ക് കൂടുതൽ സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ തന്നുകൊണ്ടിരിയ്ക്കുന്നു.

കുറെ ഗ്നൂ ലൈബ്രറികൾ ഗ്നൂ ലെസ്സർ ജെനറൽ പബ്ലിക് ലൈസൻസാണ് സ്വീകരിച്ചിരിയ്ക്കുന്നത്, പക്ഷെ എല്ലാം അങ്ങനെയല്ല. റീഡ്‌ലൈൻ, സാധാരണ ജിപിൽ ഉപയോഗിയ്ക്കുന്ന ഒരു ലൈബ്രറിയാണ്. കമാൻഡ് ലൈനിൽ എഴുതാൻ സഹായിയ്ക്കുന്നതിനുള്ളതാണത്. ഒരിയ്ക്കൽ റീഡ്‌ലൈൻ ഉപയോഗിച്ച് പ്രവർത്തിയ്ക്കുന്ന,സ്വതന്ത്രമല്ലാത്ത ഒരു പ്രോഗ്രാം ഞാൻ കാണാനിടയായി. അതിന്റെ എഴുത്തുകാരനോട്, ഇതനവുദനീയമല്ലെന്ന് ഞാൻ പറഞ്ഞു. അയാൾക്കു വേണമെങ്കിൽ കമാൻഡ് ലൈനിൽ എഴുതാനുള്ള പ്രോഗ്രാം അതിൽനിന്നും ഒഴിവാക്കാമായിരുന്നു, പക്ഷെ അയാളത് ജിപിഎല്ലിൽ പുനപ്രകാശനം ചെയ്യുകയാണുണ്ടായത്. ഇപ്പോഴത് സ്വതന്ത്ര സോഫ്റ്റ്‌വെയറാണ്.

ജിസിസി(അല്ലെങ്കിൽ ഈമാക്സ്,അല്ലെങ്കിൽ ബാഷ്,അല്ലെങ്കിൽ ലിനക്സ്, അതുപോലുള്ള ഏതെങ്കിലും ജിപിഎൽ സ്വീകരിച്ച പ്രോഗ്രാം) മെച്ചപ്പെടുത്തുന്ന പ്രോഗ്രാമർമാർ പലപ്പോഴും കമ്പനികൾക്കോ യൂണിവേഴ്സിറ്റികൾക്കോ വേണ്ടി ജോലിചെയ്യുന്നവരായിരിയ്ക്കും. പ്രോഗ്രാമർക്ക് അയാളുടെ മെച്ചപ്പെടുത്തലുകൾ എല്ലാവർക്കും ഉപകാരമാകുന്ന രീതിയിൽ സോഫ്റ്റ്‌വെയറിന്റെ പരിഷ്കരിച്ച പതിപ്പിൽ ഉൾപ്പെടുത്തണമെന്നുണ്ടെങ്കിലും, അവരുടെ മേലുദ്യോഗസ്ഥൻ ചിലപ്പോൾ പറയും, ‘‘നിൽക്കൂ—നിങ്ങളുടെ കോഡ് ഞങ്ങൾക്കുള്ളതാണ്! ഞങ്ങൾക്ക് അത് പങ്കിടുന്നതിഷ്ടമല്ല;നിങ്ങളുടെ മെച്ചപ്പെട്ട പതിപ്പ് ഒരു കുത്തക സോഫ്റ്റ്‌വെയർ ഉത്പന്നമായി ഇറക്കാൻ ഞങ്ങൾ തീരുമാനിച്ചിരിയ്ക്കുന്നു.’’

ഇവിടെ ഗ്നൂ ജിപിഎൽ രക്ഷയ്ക്കായി എത്തുന്നു. ഈ കുത്തക സോഫ്റ്റ്‌വെയർ പകർപ്പവകാശനിയമത്തിന്റെ ലംഘനമാവുമെന്ന് പ്രോഗ്രാമർ മേലുദ്യോഗസ്ഥനെ ധരിപ്പിയ്ക്കുന്നു, രണ്ടു വഴികളേയുള്ളൂ എന്ന് മേലുദ്യോഗസ്ഥൻ തിരിച്ചറിയുന്നു: ഒന്നുകിൽ കോഡ് സ്വതന്ത്ര സോഫ്റ്റ്‌വെയർ ആയി ഇറക്കുക അല്ലെങ്കിൽ ഇറക്കാതിരിയ്ക്കുക. ഒട്ടുമിക്കപ്പോഴും, പ്രോഗ്രാമറെ, അയാൾ ആഗ്രഹിച്ചരീതിയിൽ ചെയ്യാനനുവദിക്കുകയാണ് പതിവ്, തുടർന്ന് കോഡ് അടുത്ത പതിപ്പിലേയ്ക്ക് ചേരും.

ഗ്നൂ ജിപിഎൽ ഒരുത്തമപുരുഷനല്ല . ആളുകൾ ചിലപ്പോൾ ചെയ്യാൻ സാധ്യതയുള്ള ചില കാര്യങ്ങളോട് ജിപിഎൽ ‘‘അരുത്’’ എന്ന്

പറയുന്നു. ഇതു് ചീത്ത കാര്യമാണെന്നു് പറയുന്ന ഉപയോക്താക്കളുണ്ടു്—അതായതു്, ‘‘സ്വതന്ത്ര സോഫ്റ്റ്‌വെയർ സമൂഹത്തിലേയ്ക്ക് കൊണ്ടുവരേണ്ട ’’ചില സോഫ്റ്റ്‌വെയർ എഴുത്തുകാരെ ജിപിഎല് ‘‘ഒഴിവാക്കുന്നു’’ എന്നു്.

പക്ഷെ നാം അവരെ ഒഴിവാക്കുന്നില്ല;നമ്മോടൊപ്പം ചേരണ്ടെന്നു് അവരാണു് തീരുമാനിക്കുന്നതു്. സോഫ്റ്റ്‌വെയർ കുത്തകവത്കരിയ്ക്കാനുള്ള അവരുടെ തീരുമാനം നമ്മുടെ കൂട്ടായ്മയിൽ ചേരണ്ട എന്ന തീരുമാനമാണു്. നമ്മുടെ കൂട്ടായ്മയിൽ ചേരുക എന്നാൽ നമ്മളുമായി സഹകരിയ്ക്കുക എന്നാണു്; അവർക്ക് ചേരാൻ താത്പര്യമില്ലെങ്കിൽ, നമുക്ക് ‘‘അവരെ നമ്മുടെ കൂട്ടായ്മയിലേയ്ക്ക് കൊണ്ടുവരാൻ’’പറ്റില്ല;

നമുക്ക് ചെയ്യാൻ കഴിയുന്നതു്, ചേരാന് പ്രേരിപ്പിക്കുക മാത്രമാണു്. ഇപ്പോഴുള്ള സോഫ്റ്റ്‌വെയർ കൊണ്ടു് ഒരു പ്രേരണ സൃഷ്ടിയ്ക്കാൻ പര്യാപ്തമായ രീതിയിലണു് ഗ്നു ജിപിഎൽ രൂപകല്പന ചെയ്തിരിക്കുന്നതു്: ‘‘നിങ്ങൾ നിങ്ങളുടെ പ്രോഗ്രാം സ്വതന്ത്രമാക്കുകയാണെങ്കിൽ, നിങ്ങൾക്ക് ഈ കോഡുപയോഗിയ്ക്കാം.’’തീർച്ചയായും, ഇതു് എല്ലാവരേയും പ്രേരിപ്പിക്കാൻ പര്യാപ്തമല്ല, പക്ഷെ ചിലരെയെങ്കിലും അങ്ങനെ പ്രേരിപ്പിക്കാൻ കഴിയും.

കുത്തക സോഫ്റ്റ്‌വെയർ നിർമ്മാണം നമ്മുടെ സമൂഹത്തിനു് അനുഗുണമല്ല, പക്ഷെ അതിന്റെ എഴുത്തുകാർക്ക് പലപ്പോഴും നമ്മുടെ സഹായം ആവശ്യമായി വരാറുണ്ടു്. സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോക്താക്കൾ അതിന്റെ ഉപജ്ഞാതാക്കൾക്ക് പലപ്പോഴും അംഗീകാരവും കടപ്പാടും വഴി ആദരവു് നൽകുന്നുണ്ടെങ്കിലും, ഒരു വ്യവസായം നിങ്ങളോടു്, ‘‘നിങ്ങളുടെ കോഡ് ഞങ്ങളുടെ കുത്തക സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താൻ സമ്മതിയ്ക്കൂ,എന്നാൽ ആയിരകണക്കിനു് ഉപയോക്താക്കൾ നിങ്ങളുടെ പ്രോഗ്രാം ഉപയോഗിയ്ക്കും!’’ എന്നു് പറയുമ്പോൾ, അതു് നിങ്ങളെ കൂടുതൽ ശക്തമായി പ്രലോഭിപ്പിച്ചേക്കാം. ഈ പ്രലോഭനം വളരെ ശക്തിമത്താകാം പക്ഷെ ദീർഘകാലത്തെ നന്മയ്ക്ക് നമ്മൾ അതു് നിരാകരിക്കുന്നതാണു് നല്ലതു്.

കുത്തക സോഫ്റ്റ്‌വെയറുകളെ സഹായിയ്ക്കാൻ നയം ഉള്ള സ്വതന്ത്ര സോഫ്റ്റ്വെയർ സംഘടനകളിലൂടെ പരോക്ഷമായി ഈ പ്രലോഭനങ്ങൾ വരുമ്പോൾ അതു് തിരിച്ചറിയാൻ തന്നെ പ്രയാസമാകും. എക്സ് കൺസോർഷ്യം(അതിന്റെ പിൻഗാമി ഓപ്പൺ ഗ്രൂപ്പും)ഒരു ഉദാഹരണമാണു്: കുത്തക സോഫ്റ്റ്‌വെയറുണ്ടാക്കുന്ന കമ്പനികളുടെ മുതൽമുടക്കിലുള്ള ഇവർ, ഒരു ദശാബ്ദക്കാലമായി പ്രോഗ്രാമർമാരോടു് പകർപ്പനുമതി ഉപയോഗിയ്ക്കാതിരിയ്ക്കാനായി പ്രോത്സാഹിപ്പിയ്ക്കുന്നു. ഇപ്പോൾ ഓപ്പൺ ഗ്രൂപ്പ് X11R6.4 സ്വതന്ത്രമല്ലാത്ത സോഫ്റ്റ്‌വെയറാക്കിയിരിയ്ക്കുന്നു, ഞങ്ങളിൽ ഈ സമ്മർദ്ദത്തെ അതിജീവിയ്ക്കാൻ കഴിഞ്ഞവർ, അങ്ങനെ ചെയ്യാൻ കഴിഞ്ഞതിൽ സന്തുഷ്ടരാണു്.

[1998,സെപ്റ്റംബറിൽ, X11R6.4 പുറത്തിറക്കി മാസങ്ങൾക്കു ശേഷം, X11R6.3 ഉപയോഗിച്ചിരുന്ന, പകർപ്പനുമതി ഉപയോഗിയ്ക്കാത്ത,സ്വതന്ത്ര സോഫ്റ്റ്‌വെയർ സമ്മതപത്രത്തിൽ തന്നെ അതു് പുനപ്രകാശനം ചെയ്യപ്പെട്ടു. ഓപ്പൺ ഗ്രൂപ്പേ നന്ദി—പക്ഷെ കുറച്ചു് കാലത്തിനു് ശേഷം തിരുത്തിയിറക്കി എന്നതു് കൊണ്ടു്, നിയന്ത്രണങ്ങൾ ചേർക്കാൻ സാധിയ്ക്കും എന്ന ഞങ്ങളുടെ നിഗമനം, തെറ്റായിപ്പോകുന്നില്ല]

പ്രായോഗികമായി പറഞ്ഞാൽ,ദീർഘ കാലത്തെയ്ക്കുള്ള ലക്ഷ്യങ്ങളെ പറ്റി ചിന്തിയ്ക്കുന്നതു്, ഇത്തരം സമ്മർദ്ദങ്ങളെ നേരിടാൻ നിങ്ങൾക്ക് ശക്തി പകരും. ഉറച്ചു നിന്നാൽ നിങ്ങൾക്കു നിർമ്മിയ്ക്കാവുന്ന കൂട്ടായ്മയേയും സ്വാതന്ത്ര്യത്തേയും കുറിച്ചു് നിങ്ങൾ ഏകാഗ്രമാവുകയാണെങ്കിൽ,അതു് ചെയ്യാനുള്ള ശക്തി നിങ്ങൾ കണ്ടെത്തും. ‘‘എന്തിനെങ്കിലും വേണ്ടി നിലകൊള്ളുക അല്ലെങ്കിൽ ഒന്നിനുമല്ലാതെ നിങ്ങൾ വീഴും’’

ദോഷൈകദൃക്കുകൾ സ്വാതന്ത്ര്യത്തെ പരിഹസിച്ചാൽ,കൂട്ടായ്മയെ പരിഹസിച്ചാൽ, ‘‘കടുത്ത യാഥാർത്ഥ്യ വാദികൾ’’ ലാഭം മാത്രമാണു് ഉത്കൃഷ്ടം എന്നു് പറഞ്ഞാൽ,. . . അതെല്ലാം തള്ളികളയൂ,പകർപ്പനുമതി ഉപയോഗിയ്ക്കൂ.

ഈ ലേഖനം സ്വതന്ത്ര സോഫ്റ്റ്‌വെയർ, സ്വതന്ത്ര സമൂഹം: റിച്ചാർഡ് സ്റ്റാൾമാൻ-ന്റെ തിരഞ്ഞെടുത്ത ലേഖനങ്ങൾഎന്ന പുസ്തകത്തിൽ പ്രസിദ്ധീകരിച്ചതാണ്

## 4.3 "ബൌദ്ധിക സ്വത്തവകാശം" എന്നോ? അതൊരു വ്യാമോഹമരീചികയാണ്

പകർപ്പവകാശവും, പേറ്റന്റും, ട്രേഡ്മാർക്കും — വിഭിന്നവും വ്യത്യസ്തവുമായ മൂന്ന് തരത്തിലുള്ളനിയമങ്ങളെ സംബന്ധിയ്ക്കുന്ന മൂന്ന് കാര്യങ്ങൾ — കൂട്ടിക്കുഴച്ച് അതിനെ "ബൌദ്ധിക സ്വത്ത്" എന്ന് വിളിയ്ക്കുന്നതു് ഒരു പുതിയ പ്രവണതയായിട്ടുണ്ട്. ഈ വളച്ചൊടിച്ച, കുഴപ്പിയ്ക്കുന്ന പദം യദൃച്ഛയാ ഉണ്ടായതല്ല. ഈ ആശയക്കുഴപ്പത്തിൽ നിന്നും ലാഭമുണ്ടാക്കുന്ന കമ്പനികളാണ് അതിന് പ്രചാരം നൽകിയതു്. ആ ആശയക്കുഴപ്പം മാറ്റാനുള്ള ഏറ്റവും വ്യക്തമായ മാർഗ്ഗം, ആ പദം മൊത്തത്തിൽ തള്ളികളയുകയാണ്.

ഇപ്പോൾ സ്റ്റാൻഫോഡ് ലോ സ്കൂളിലുള്ള, പ്രൊഫസ്സർ മാർക്ക് ലെംലെ -യുടെ അഭിപ്രായത്തിൽ, 1967-ൽ ലോക "ബൌദ്ധിക സ്വത്ത്" സംഘടന(World "Intellectual Property" Organisation) സ്ഥാപിതമായതിന്റെ തുടർച്ചയായിയുണ്ടായ പൊതു പ്രവണതയാണ്, "ബൌദ്ധിക സ്വത്ത്" എന്ന പ്രയോഗത്തിന്റെ പരക്കെയുള്ള ഉപയോഗത്തിന് കാരണം, അതുതന്നെ വളരെ സാധാരണമായതു് ഈ അടുത്ത വർഷങ്ങളിലാണ്. (WIPO ഒരു യുഎൻ സ്ഥാപനമാണ്, പക്ഷെ വാസ്തവത്തിൽ അവ, പകർപ്പവകാശം,പേറ്റന്റ്, ട്രേഡ്മാർക്ക് തുടങ്ങിയവ കൈവശമുള്ളവരുടെ താത്പര്യത്തിനായാണ് നിലകൊള്ളുന്നതു്.)

അധികം പ്രയാസമില്ലാതെതന്നെ കാണാവുന്ന ചായ്‌വുണ്ട് ആ പദത്തിന്: പകർപ്പവകാശം,പേറ്റന്റ്,ട്രേഡ്മാർക്ക് എന്നിവയെ ഭൌതിക വസ്തുക്കൾക്കുള്ള സ്വത്തവകാശവുമായി സാദൃശ്യപ്പെടുത്തി ചിന്തിയ്ക്കാൻ അതു് പറയുന്നു.(പകർപ്പവകാശത്തിന്റേയൊ, പേറ്റന്റിന്റേയൊ, ട്രേഡ്മാർക്കിന്റേയൊ നിയമപരമായ തത്വശാസ്ത്രത്തൊട്ട് യൊജിയ്ക്കാത്തതാണീ താരതമ്യം, പക്ഷെ വിദഗ്ധർക്കേ അതറിയൂ). ഈ നിയമങ്ങൾ, ഭൌതിക സ്വത്തിന്റെ നിയമങ്ങളെ പോലെയല്ലെങ്കിലും, ഈ പദത്തിന്റെ ഉപയോഗം, നിയമജ്ഞരെ, അതിനോട്ട് സാമ്യമുള്ളതാക്കുന്നതിലേയ്ക്ക് നയിയ്ക്കുന്നു. പകർപ്പവകാശത്തിന്റേയും, പേറ്റന്റിന്റേയും, ട്രേഡ്മാർക്കിന്റേയും, അധികാരങ്ങൾ പ്രയോഗിയ്ക്കുന്ന കമ്പനികൾക്ക് വേണ്ടതും അതേ മാറ്റമായതുകൊണ്ട്, "ബൌദ്ധിക സ്വത്ത്"-ന്റെ ചായ്‌വ് അവർക്കനുകൂലമാകുന്നു.

തെറ്റിദ്ധരിപ്പിയ്ക്കുന്ന ഈ ചായ്‌വുതന്നെ ആ പദത്തെ നിരാകരിയ്ക്കാൻ മതിയായ കാരണമാണ്, മൊത്തത്തിലുള്ള വിഭാഗത്തെ വിളിയ്ക്കാനായി മറ്റൊരു പേരു നിർദ്ദേശിയ്ക്കാൻ പലപ്പൊഴായി ആളുകൾ എന്നോടാവശ്യപ്പെട്ടിട്ടുണ്ട് —അല്ലെങ്കിൽ അവരുടെതായ പ്രയോഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട് (പലപ്പോഴും ചിരിപ്പിയ്ക്കുന്നവ). നിർദ്ദേശങ്ങളിൽ ചിലതു് ഇവയാണ്, IMPs എന്നാൽ Imposed Monopoly Privilages(ചുമത്തപ്പെട്ട കുത്തകാവകാശം), GOLEMs എന്നാൽ Government-Originated Legally Enforced Monopolies(നിയമനിയന്ത്രിതമായ കുത്തകകൾ — ഒരു സർക്കാർ സംരംഭം). " പ്രത്യേക അവകാശങ്ങളുടെ സംഘം"-ത്തെ പറ്റിയാണ് ചിലർ പറയാറ്, പക്ഷെ നിയന്ത്രണങ്ങളെ "അവകാശങ്ങൾ" എന്നു പറയുന്നതു് ഇരട്ടത്താപ്പാണ്.

ഇപ്പറഞ്ഞവയിൽ ചില പേരുകൾ മെച്ചം തന്നെ, പക്ഷെ "ബൌദ്ധിക സ്വത്ത്" എന്നതിനു പകരം വേറെയേതു് പദമുപയോഗിയ്ക്കുന്നതും തെറ്റാണ്. വേറൊരു വാക്കുപയൊഗിയ്ക്കുന്നു എന്നതുകൊണ്ട് ആ പദത്തിന്റെ കാതലായ പ്രശ്നം വെളിവാക്കപ്പെടുന്നില്ല. അതിസാമാന്യവത്കരണമാണ് ആ കാതലായ പ്രശ്നം. "ബൌദ്ധിക സ്വത്ത്"എന്ന ഏകോപിതമായ ഒരു സംഗതിയില്ല —അതൊരു മരീചികയാണ്. പരക്കെയുള്ള ഉപയോഗം, അങ്ങനെയുള്ള ഒരു പ്രതിഛായ നൽകുന്നു എന്നതുകൊണ്ടുമാത്രമാണ്, അത്തരത്തിൽ യുക്തിഭദ്രമായ ഒരു വിഭാഗമുണ്ടെന്ന് ആൾക്കാർ വിചാരിയ്ക്കുന്നതു്

വെവ്വേറെ നിയമങ്ങൾ കൂട്ടികുഴച്ച്, ഒന്നിച്ച് പ്രയോഗിയ്ക്കാൻ ഏറ്റവും പറ്റിയ പദമാണ് "ബൌദ്ധിക സ്വത്ത്"എന്നതു്. നിയമജ്ഞരല്ലാത്തവർ, വിവിധ നിയമങ്ങൾക്കെല്ലാം കൂടിയുള്ള ഈ ഒറ്റപദം കേൾക്കുമ്പോൾ വിചാരിയ്ക്കുക, അവയെല്ലാം ഒരേ മൂല്യത്തിലധിഷ്ഠിതമാണെന്നും,

ഒരുപോലെ പ്രവര്‍ത്തിയ്ക്കുന്നതാണെന്നും ആണ്.

കാര്യമിതാണ്. ഈ നിയമങ്ങള്‍ വ്യത്യസ്തമായി ആവിര്‍ഭവിച്ച്, വ്യത്യസ്തമായി വളര്‍ന്ന്, വിവിധ വിഷയങ്ങള്‍വിഷയങ്ങള്‍ കൈകാര്യം ചെയ്യുന്ന, വ്യത്യസ്ത വ്യവസ്ഥകളുള്ള, വ്യത്യസ്തങ്ങളായ പൊതുപ്രശ്നങ്ങളുയര്‍ത്തുന്നവയുമാണ്.

പകര്‍പ്പവകാശനിയമങ്ങള്‍ രൂപകല്പന ചെയ്തത്, എഴുത്തിനേയും കലയേയും, പ്രൊത്സാഹിപ്പിയ്ക്കാനാണ്. ഒരു സൃഷ്ടിയുടെ ആവിഷ്കാരത്തേക്കുറിച്ചാണ് ആത് പ്രതിപാദിയ്ക്കുന്നത്. പേറ്റന്റ് നിയമത്തിന്റെ ഉദ്ദേശം ഉപയോഗസാധ്യതയുള്ള ആശയങ്ങളുടെ പ്രകാശനം പ്രൊത്സാഹിപ്പിക്കുക എന്നതാണ്. ഒരു ആശയം പ്രസിദ്ധീകരിയ്ക്കുന്നയാള്‍ക്ക്, അതിന്മേല്‍ താത്കാലികമായുള്ള കുത്തകാവകാശം നല്‍കുന്നതാണ് അതിനായി നാം കൊടുക്കുന്ന വില— ചില മേഖലകളിലത് അഭികാമ്യമായിരിക്കാം മറ്റുചിലതിലല്ലതാനും.

എന്നാല്‍ ട്രേഡ്മാര്‍ക്ക് നിയമം,പ്രത്യേകിച്ചൊരു രീതിയേയും പ്രൊത്സാഹിപ്പിയ്ക്കാനുള്ളതായിരുന്നില്ല. വാങ്ങുന്നവര്‍ക്ക് അവരെന്താണ് വാങ്ങുന്നതെന്ന് അറിയാന്‍ സാധ്യമാക്കുക എന്നതാണ് അതിന്റെ ഉദ്ദേശം . എന്നിരുന്നാലും "ബൌദ്ധിക സ്വത്ത്"-ന്റെ സ്വാധീനത്തില്‍ നിയമജ്ഞര്‍ അതിനെ, പരസ്യം ചെയ്യുന്നത് പ്രോത്സാഹിപ്പിയ്ക്കാനുള്ള ഒരു ഉപാധിയായി മാറ്റിയെടുത്തു.

ഈ നിയമങ്ങളെല്ലാം വെവ്വേറെ നിര്‍മ്മിച്ചതായത് കൊണ്ട്, ഓരോ വിശദാംശത്തിലും, ഇവ വ്യത്യസ്തമാണ്. അവയുടെ അന്ത:സത്തയും രീതികളും വ്യത്യസ്തമാണ്. അതിനാല്‍, പകര്‍പ്പവകാശത്തേ പറ്റിയുള്ള ഒരു കാര്യം പഠിയ്ക്കുമ്പൊള്‍ പേറ്റന്റ് നിയമം വ്യത്യസ്തമാണ് എന്നാലോചിയ്ക്കുന്നതാണ് ബുദ്ധി. അപ്പോള്‍ തെറ്റുപറ്റാനുള്ള സാധ്യത വളരെ കുറവാണ്!

"ബൌദ്ധിക സ്വത്ത്"എന്ന് ജനങ്ങള്‍ സാധാരണപറയുമ്പോള്‍, അവര്‍ യഥാര്‍ത്ഥത്തിലുദ്ദേശിയ്ക്കുന്നത് താരതമ്യേന വലുതൊ, ചെറുതൊ ആയ മറ്റൊരു വിഷയമാണ്. ഉദാഹരണത്തിന്, പാവപ്പെട്ട രാഷ്ട്രങ്ങളില്‍ നിന്ന് പണം ഊറ്റുന്നതിനായി സമ്പന്ന രാഷ്ട്രങ്ങള്‍ പലപ്പൊഴും നീതിയുക്തമല്ലാത്ത നിയമങ്ങള്‍ ചുമത്താറുണ്ട്. അവയില്‍ ചിലത് "ബൌദ്ധിക സ്വത്ത്" നിയമങ്ങളാണ്, ചിലതല്ല. എന്നിരുന്നാലും, ആ അനീതിയെ വിമര്‍ശിക്കുന്നവര്‍ പരിചിതമായപദം എന്നനിലയ്ക്ക് ഈ സംജ്ഞയെയാണ് ആശ്രയിക്കാറ്. അതുപയൊഗിയ്ക്കുകവഴി ആ പ്രശ്നത്തിന്റെ സ്വഭാവത്തെ തെറ്റായി ചിത്രീകരിയ്ക്കുകയാണവര്‍ ചെയ്യുന്നത്. "നിയമാധിഷ്ഠിതമായ സാമ്രാജ്യത്വം" (legislative colonization) പൊലെ കൃത്യതയുള്ള മറ്റൊരു പദം അവിടെ ഉപയോഗിയ്ക്കുന്നത് കാര്യത്തിന്റെ കാമ്പിലേയ്ക്ക് നയിയ്ക്കാന്‍ സഹായിക്കും.

സാധാരണ ജനങ്ങള്‍ മാത്രമല്ല ഈ പദം കൊണ്ട് തെറ്റിദ്ധരിപ്പിക്കപ്പെടുന്നത് . നിയമം പഠിപ്പിയ്ക്കുന്ന അദ്ധ്യാപകര്‍ തന്നെ "ബൌദ്ധിക സ്വത്ത്" എന്ന പദത്തിന്റെ വ്യാമൊഹത്തില്‍ പ്രലൊഭിപ്പിയ്ക്കപ്പെടുകയും, ചഞ്ചലരാവുകയും, അവര്‍ക്കുതന്നെ അറിയാവുന്ന വസ്തുതകള്‍ക്ക് വിരുദ്ധമായി പ്രസ്താവനകള്‍ നടത്തുകയും ചെയ്യുന്നു. ഉദാഹരണത്തിന് 2006-ല്‍ ഒരു പ്രൊഫസ്സര്‍ ഇങ്ങനെയെഴുതി:

അമേരിയ്ക്കന്‍ ഭരണഘടനയുടെ ശില്പികള്‍ക്ക് അവരുടെ പിന്‍ഗാമികളില്‍ നിന്ന് വത്യസ്തമായി, ബൌദ്ധിക സ്വത്തിനേക്കുറിച്ച്, മൂല്യാധിഷ്ഠിതമായ മത്സരത്തിന്റെ മനോഭാവമുണ്ടായിരുന്നു. അവകാശങ്ങള്‍ അനിവാര്യമാണെന്നവര്‍ക്കറിയാമായിരുന്നു. പക്ഷെ. . . വിവിധങ്ങളായ രീതിയില്‍ അവര്‍ കോണ്‍ഗ്രസ്സിന്റെ കൈകള്‍ ബന്ധിച്ചിരുന്നു.

പകര്‍പ്പവകാശത്തേയും പേറ്റന്റിനേയും സാധൂകരിയ്ക്കുന്ന, യു എസ് ഭരണഘടനയിലെ 1-ാം ലേഖനത്തിലെ 8-ാം വിഭാഗത്തിലെ 8-ാം വരിയെ കുറിച്ചാണ് മുകളില്‍ പറഞ്ഞ പ്രസ്താവന പ്രതിപാദിയ്ക്കുന്നത്. ആ വരിയ്ക്ക് ട്രേഡ്മാര്‍ക്ക് നിയമവുമായി യാതൊരു ബന്ധവുമില്ല. "ബൌദ്ധിക സ്വത്ത്" എന്ന പദമാണ്, തെറ്റായ സാമാന്യവത്കരണത്തിലേയ്ക്ക് ആ പ്രൊഫസ്സറെ നയിച്ചത്.

"ബൌദ്ധിക സ്വത്ത്"എന്ന പദം ലഘു ചിന്തകളിലേയ്ക്കും നയിയ്ക്കുന്നു. ചിലര്‍ക്ക് കൃത്രിമമായ ആനുകൂല്യങ്ങള്‍ നല്‍കുന്നു എന്ന ലളിതസാമാന്യവത്കരണത്തിലേയ്ക്കാണ് ഇത് ജനങ്ങളെ നയിയ്ക്കുന്നത് അതുവഴി ഓരോ നിയമവും പൊതുസമൂഹത്തിനേര്‍പ്പടുത്തുന്ന

നിയന്ത്രണങ്ങൾ, അതിന്റെ പരിണാമങ്ങൾ, തുടങ്ങിയ കാതലായ വിശദാംശങ്ങളെ അവഗണിയ്ക്കാനും പ്രേരിപ്പിയ്ക്കുന്നു. ഈ ഉപരിപ്ലവമായ സമീപനം, ഈ പ്രശ്നങ്ങൾക്കെല്ലാം ഒരു സാമ്പത്തിക മാനം നല്കാൻ പ്രേരിപ്പിയ്ക്കുന്നു.

വിലയിരുത്തപ്പെടാത്ത ഊഹങ്ങളെ അടിസ്ഥാനമാക്കി, സാമ്പത്തിക മാനം, പതിവുപോലെ, ഇവിടേയും വാഹകനാകുന്നു. മൂല്യങ്ങളെ കുറിച്ചുള്ള ധാരണകളും ഇതിലുൾപ്പെടുന്നു. ഉദാഹരണത്തിന്, സ്വാതന്ത്ര്യവും, ജീവിതരീതിയുമല്ല, ഉത്പാദനത്തിന്റെ അളവാണ് കാര്യം എന്നത് പോലെയുള്ള ചിന്താഗതികൾ. കൂടാതെ, വസ്തുതാപരമായ, കൂടുതലും അബദ്ധങ്ങളായ ധാരണകൾ ഉദാഹരണത്തിന് " "സംഗീതത്തിന്മേലുള്ള പകർപ്പവകാശങ്ങൾ സംഗീതജ്ഞരെ പിന്തുണയ്ക്കാൻ ആവശ്യമാണ്, മരുന്നുകൾക്കുള്ള പേറ്റന്റുകൾ ജീവരക്ഷയ്ക്കുള്ള ഗവേഷണത്തെ സഹായിയ്ക്കും, മുതലായവ.

മറ്റൊരു പ്രശ്നം, ‘‘ബൌദ്ധിക സ്വത്ത്’’-ന്റെ വലിയ മാനദണ്ഡത്തിൽ, ഓരോ നിയമങ്ങളും ഉയർത്തുന്ന പ്രത്യേകമായ പ്രശ്നങ്ങൾ ഏതാണ്ട് അപ്രത്യക്ഷമാകുന്നു എന്നതാണ്. ഈ പ്രശ്നങ്ങൾ ഓരോ നിയമത്തിന്റേയും വിശദാംശങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞതാണ്— ഇതേ വിശദാംശങ്ങൾ അവഗണിയ്ക്കാനാണ് ‘‘ബൌദ്ധിക സ്വത്ത്’’ എന്നപദം ജനങ്ങളേ പ്രേരിപ്പിക്കുന്നതും. ഉദാഹരണത്തിന്, സംഗീതം പങ്കുവെയ്ക്കാൻ അനുവദിയ്ക്കണോ എന്നത് പകർപ്പവകാശ നിയമവുമായി ബന്ധപ്പെട്ട ഒരു പ്രശ്നമാണ്. പേറ്റന്റ് നിയമത്തിന് ഇതുമായി യാതൊരു ബന്ധവുമില്ല. പേറ്റന്റ് നിയമങ്ങൾ ഉയർത്തുന്നത്,ദരിദ്ര രാഷ്ട്രങ്ങൾക്ക് ജീവൻരക്ഷാ മരുന്നുകൾ നിർമ്മിയ്ക്കാനും അവ വില കുറച്ച് വിൽക്കാനും ഉള്ള അനുവാദം വേണോ എന്നതു പോലെയുള്ള പ്രശ്നങ്ങളാണ്. പകർപ്പവകാശ നിയമത്തിന് ആ വിഷയത്തിലൊന്നും ചെയ്യാനില്ല.

ഈ പ്രശ്നങ്ങളൊന്നും മുഴുവനായും സാമ്പത്തികപരമായ പ്രശ്നങ്ങളല്ല, മാത്രമല്ല അവയുടെ സാമ്പത്തികപരമല്ലാത്ത വശങ്ങൾ വളരെ വ്യത്യസ്തവുമാണ്; തുച്ഛമായ സാമ്പത്തിക അതിസാമാന്യവത്കരണം അടിസ്ഥാനമാക്കിയെടുക്കുന്നത് ഈ വ്യത്യാസങ്ങളെ അവഗണിയ്ക്കലാണ്. ഈ രണ്ടു നിയമങ്ങളേയും ‘‘ബൌദ്ധിക സ്വത്ത്’’ -ന്റെ കുടത്തിലിടുന്നത് ഓരോന്നിനേയും കുറിച്ചുള്ള വ്യക്തമായ ചിന്തയെ തടസ്സപ്പെടുത്തുകയാണ്.

അതിനാൽ, ‘‘ബൌദ്ധികസ്വത്തിന്റെ വിഷയത്തെ’’കുറിച്ചുള്ള ഏതൊരഭിപ്രായവും, ഉണ്ടെന്ന് സങ്കൽപ്പിയ്ക്കപ്പെടുന്ന ഇങ്ങനെ ഒരു വിഭാഗത്തേക്കുറിച്ചുള്ള ഏത് സാമാന്യവത്കരണവും ഏതാണ്ടുറപ്പായും വിഡ്ഢിത്തമായിരിയ്ക്കും. ഇപ്പറഞ്ഞ എല്ലാ നിയമങ്ങളും ഒന്നാണെന്ന് കണക്കാക്കുകയാണെങ്കിൽ, ഒരോന്നിനും ഒരുഗുണവുമില്ലാത്ത ഒരുകൂട്ടം അതിസാമാന്യതകളിൽ നിന്ന് അഭിപ്രായം സ്വരൂപിയ്ക്കുന്നതിന് നിങ്ങൾ പ്രേരിതരാകും.

പേറ്റന്റുകളോ, പകർപ്പവകാശങ്ങളോ, ട്രേഡ്മാർക്കുകളോ ഉയർത്തുന്ന പ്രശ്നത്തേക്കുറിച്ച് നിങ്ങൾക്ക് വ്യക്തമായി ചിന്തിയ്ക്കണമെന്നുണ്ടെങ്കിൽ, ആദ്യപടി, അവയെല്ലാം കൂട്ടിക്കുഴയ്ക്കുന്നതൊഴിവാക്കി, ഓരോന്നും വ്യത്യസ്ത വിഷയങ്ങളായി കണക്കാക്കുക എന്നതാണ്. ‘‘ബൌദ്ധിക സ്വത്ത്’’ എന്ന പദം നിർദ്ദേശിയക്കുന്ന ഇടുങ്ങിയ വീക്ഷണവും ലളിതമായ ചിത്രവും ഉപേക്ഷിയ്ക്കുക എന്നതാണ് അടുത്തപടി. ഈ ഓരോ വിഷയത്തേയും അതിന്റെ പൂർണ്ണതയോടു കൂടി വ്യത്യസ്തമായി പരിഗണിയ്ക്കു എന്നാൽ നിങ്ങൾക്കവയെ നന്നായി നിരൂപിയ്ക്കാനുള്ള ഒരവസരം കിട്ടും.

WIPO-യുടെ പുനർനിർമ്മാണത്തെ കുറിച്ചാണെങ്കിൽ, മറ്റു കാര്യങ്ങൾ കൂടാതെ നമുക്കതിന്റെ പേരുമാറ്റാൻ ആഹ്വാനം ചെയ്യാം. വിശദവിവരങ്ങൾക്ക്, http://www.fsfeurope.org/documents/wiwo.html സന്ദർശിക്കുക.

## 4.4 സോഫ്റ്റ്‌വെയർ പേറ്റന്റുകൾക്കതിരായുള്ള പോരാട്ടം- ഒറ്റയ്ക്കും കൂട്ടായും

സോഫ്റ്റ്‌വെയർ പ്രൊജക്ടുകൾക്ക് മണ്ണിനടിയിൽ കുഴിച്ചിട്ട മൈനുകൾ പോലെയാണ് സോഫ്റ്റ്‌വെയർ പേറ്റന്റുകൾ. രൂപകല്പന

ചെയ്യുമ്പോൾ എടുക്കുന്ന ഏതു തീരുമാനവും, സംരംഭത്തെ നശിപ്പിയ്ക്കാവുന്ന ഒരു പേറ്റന്റിന്റെ മുകളിൽ കയറുന്നത്ര അപകടസാധ്യതയുള്ളതാകുന്നു.

നൂറുകണക്കിനല്ലെങ്കിൽ ആയിരക്കണക്കിന് ആശയങ്ങളുടെ വിളക്കിച്ചേർക്കലാണ് വലുതും സങ്കീർണ്ണവുമായ ഓരോ പ്രോഗ്രാമുകളും. സോഫ്റ്റ്‌വെയറുകൾക്ക് പേറ്റന്റ് അനുവദിയ്ക്കുന്ന ഒരു രാജ്യത്തിലാണെങ്കിൽ നിങ്ങളുടെ പ്രോഗ്രാമിലെ മിക്ക ആശയങ്ങളും വിവിധ കമ്പനികൾ നേരത്തെതന്നെ പേറ്റന്റ് ചെയ്തിരിക്കാൻ സാധ്യതയുണ്ട്. പ്രോഗ്രാമിന്റെ ഒരു ഭാഗത്തിൽ തന്നെ നൂറുകണക്കിനു പേറ്റന്റുകൾ കണ്ടെത്തുവരാം .2004 ൽ നടത്തിയ ഒരു പഠനത്തിൽ പ്രധാനപ്പെട്ട ഒരൊറ്റ പ്രോഗ്രാമിന്റെ പല ഭാഗങ്ങളിൽ 300 അമേരിക്കൻ പേറ്റന്റുകൾ കണ്ടെത്തി. അങ്ങനെയൊരു പഠനം നടത്തുന്നത് വളരെ ശ്രമകരമായതുകൊണ്ട് ആ ഒരു പഠനം മാത്രമേ നടന്നുള്ളൂ

പ്രായോഗികമായി പറയുകയാണെങ്കിൽ, നിങ്ങൾ ഒരു സോഫ്റ്റ്‌വെയർ രചയിതാവാണെങ്കിൽ സാധാരണയായി ഒരു സമയത്ത് ഒരു പേറ്റന്റായിരിക്കും നിങ്ങൾക്കു ഭീഷണി. ഇതു സംഭവിക്കുമ്പോൾ ആ പേറ്റന്റിനെ നിയമപരമായി നേരിടാൻ കഴിഞ്ഞാൽ പ്രത്യേകിച്ച് പരിക്കൊന്നുമേൽക്കാതെ തടിയൂരാം. നിങ്ങളതിൽ ശ്രമിച്ച് വിജയിച്ചാൽ, അതിനർത്ഥം ഒരു മൈൻ കുറഞ്ഞുകിട്ടി എന്നു മാത്രമാണ്. ഈ പേറ്റന്റ് പൊതുജനങ്ങളെ ബാധിയ്ക്കുകയാണെങ്കിൽ Public Patent Foundation (pubpat.org) അത് ഏറ്റെടുത്തെന്നുവരാം, അതതിന്റെ സവിശേഷതയാണ്. പേറ്റന്റ് പൊളിയ്ക്കാൻ അതിന്റെ മുൻകാല നിലനില്പിനെപ്പറ്റി കമ്പ്യൂട്ടർ ഉപയോക്താക്കളുടെ കൂട്ടായ്മയോടു ചോദിയ്ക്കുകയാണെങ്കിൽ നമ്മൾ നമ്മുടെ കയ്യിലുള്ള വിവരങ്ങൾ വെച്ച് സഹായിക്കണം

മലേറിയ തടയാൻ കൊതുകുകളെ അടിച്ചു കൊല്ലാൻ പോകുന്നപോലെയാണ് ഓരോ സോഫ്റ്റ്‌വെയർ പേറ്റന്റിനെയും ഒന്നൊന്നായി എതിരിടുന്നത്. വീഡിയോഗെയിമിൽ കാണുന്ന എല്ലാ ഭീകരജീവികളെയും കൊല്ലാൻ കഴിയുന്നില്ല എന്നതുപോലെ, നേരിടേണ്ടിവരുന്ന എല്ലാ പേറ്റന്റിനെയും പൊളിയ്ക്കാൻ കഴിയുമെന്ന് കരുതുകവയ്യ. എപ്പോഴെങ്കിലും ഏതെങ്കിലുമൊന്ന് നിങ്ങളെ പരാജയപ്പെടുത്തുകയും നിങ്ങളുടെ പ്രോഗ്രാമിനെ നശിപ്പിക്കുകയും ചെയ്യും. യു.എസ് പേറ്റന്റ് ഓഫീസ് ഒരു വർഷം ഒരു ലക്ഷത്തോളം പേറ്റന്റുകൾ അനുവദിക്കുന്നു. അവർ വീണ്ടും വീണ്ടും മൈനുകൾ സ്ഥാപിക്കുന്നതിനാൽ നമ്മുടെ പരിശ്രമങ്ങൾ ഈ മൈനുകളെ അത്രയും വേഗത്തിൽ ഒഴിവാക്കുന്നതിൽ വിജയിക്കില്ല.

ചില മൈനുകൾ ഒഴിവാക്കാനേ പറ്റില്ല. ഓരോ സോഫ്റ്റ്‌വെയർ പേറ്റന്റും അപകടകാരിയാണ്. ഓരോ സോഫ്റ്റ്‌വെയർ പേറ്റന്റും നിങ്ങൾ നിങ്ങളുടെ കമ്പ്യൂട്ടർ എങ്ങനെ ഉപയോഗിക്കാമെന്നതിനെ അന്യായമായി വിലക്കുന്നു. പക്ഷേ , പേറ്റന്റ് സംവിധാനത്തിന്റെ നിബന്ധനകൾ അനുസരിച്ച് എല്ലാ പേറ്റന്റുകളും നിയമവിരുദ്ധമല്ല. പേറ്റന്റ് സംവിധാനത്തിന്റെ നിബന്ധനകൾ അനുസരിക്കുന്നില്ല എന്ന ‘‘തെറ്റുള്ള’’ പേറ്റന്റുകളേ നമുക്കു പൊളിയ്ക്കാൻ കഴിയൂ. സോഫ്റ്റ്‌വെയറിനു പേറ്റന്റെടുക്കാം എന്ന നയമാണ് പ്രശ്നക്കാരനെങ്കിൽ നമുക്കൊന്നും ചെയ്യാൻ കഴിയില്ല.

കൊട്ടാരം സുരക്ഷിതമാക്കണമെങ്കിൽ ഭീകരജീവികളെ കാണുമ്പോൾ കൊന്നാൽ പോരാ, — അതിന്റെ ഉറവിടം തന്നെ നശിപ്പിക്കണം. ഇപ്പോളുള്ള ഓരോ പേറ്റന്റും ഓരോന്നായി പൊളിച്ചതുകൊണ്ടു പ്രോഗ്രാമിങ്ങ് സുരക്ഷിതമാവില്ല. അതിനായി, സോഫ്റ്റ്‌വെയർ ഉപയോക്താക്കൾക്കും രചയിതാക്കൾക്കും ഭീഷണിയായ സോഫ്റ്റ്‌വെയർ പേറ്റന്റ് സംവിധാനത്തെ മാറ്റണം.

ഈ രണ്ടു പ്രചരണങ്ങളും തമ്മിൽ വൈരുദ്ധ്യമൊന്നുമില്ല.; ദീർഘകാലാടിസ്ഥാനത്തിലും ചെറിയ രക്ഷപ്പെടലുകൾക്കു വേണ്ടിയും നമുക്ക് ഒരേ സമയം പ്രവർത്തിക്കാം. ശ്രദ്ധിച്ചാൽ ഒറ്റയൊറ്റ സോഫ്റ്റ്‌വെയർ പേറ്റന്റുകൾക്കെതിരായ സമരത്തെ നമുക്ക് മൊത്തത്തിലുള്ള പ്രശ്നപരിഹാരത്തിനായും തിരിച്ചുവിടാം. ‘‘ചീത്ത’’ സോഫ്റ്റ്‌വെയർ പേറ്റന്റുകളെ , അബദ്ധമായതോ , സാധുവല്ലാത്തതോ ആയ പേറ്റന്റുകളുമായി താരതമ്യപ്പെടുത്തുന്നതിലല്ല കാര്യം. ഓരോ തവണയും ഒരു സോഫ്റ്റ്‌വെയർ പേറ്റന്റ് പൊളിയ്ക്കുമ്പോൾ , ഓരോ തവണയും നമ്മുടെ പദ്ധതികളെപ്പറ്റി സംസാരിക്കുമ്പോൾ നാം ഉറപ്പിച്ചു പറയണം, ‘‘ഒരു പേറ്റന്റ് കുറവായിക്കിട്ടി, പ്രോഗ്രാമർക്ക് ഒരു ശല്യം

ഒഴിഞ്ഞുകിട്ടി, നമ്മുടെ ലക്ഷ്യം സോഫ്റ്റ്‌വെയർ പേറ്റന്റുകളേ ഇല്ലാതാക്കലാണ്."

യൂറോപ്യൻ യൂണിയനിലെ സോഫ്റ്റ്‌വെയർ പേറ്റന്റിനെതിരായ പോരാട്ടം ഒരു നിർണ്ണായകഘട്ടത്തിലെത്തിയിരിയ്ക്കുകയാണ്. ഒരു വർഷം മുമ്പ് യൂറോപ്യൻ പാർലമെന്റ് സോഫ്റ്റ്‌വെയർ പേറ്റന്റുകൾ നിരാകരിച്ചുകൊണ്ട് വോട്ടു ചെയ്തു. മെയ് മാസത്തിൽ കൌൺസിൽ ഓഫ് മിനിസ്റ്റേഴ്സ്, പാർലമെന്റിന്റെ തീരുമാനം തിരുത്തി പ്രശ്നത്തെ തുടങ്ങിയതിനേക്കാൾ വഷളാക്കി. എന്നിരുന്നാലും ഇതിനെ പിന്തുണച്ച ഒരു രാജ്യമെങ്കിലും വോട്ട് പിൻവലിച്ചു. ഒരു യൂറോപ്യൻ രാജ്യത്തേക്കൂടി എങ്കിലും അവരുടെ അഭിപ്രായം മാറ്റാൻ നമ്മളാൽ കഴിയുന്നത് ഉടൻ ചെയ്യണം, കൂടാതെ യൂറോപ്യൻ പാർലമെന്റിലേയ്ക്കു വരുന്ന പുതിയ അംഗങ്ങളെ മുൻതീരുമാനത്തിൽ ഉറച്ചു നിൽക്കാനും ബോദ്ധ്യപ്പെടുത്തണം. കൂടുതൽ വിവരങ്ങൾക്കും മറ്റുള്ള പ്രവർത്തകരുമായി എങ്ങനെ ബന്ധപ്പെടാമെന്നും അറിയുന്നതിനായി www.ffii.org സന്ദർശിയ്ക്കുക

Author: ശ്യാം കാരനാട് <mail@swathanthran.in>

Date: 2008-11-30 07:27:03 IST

HTML generated by org-mode 6.09a in emacs 23